## ജനകീയ ആസൂത്രണ പ്രസ്ഥാനം

# വികസന റിപ്പോർട്ട് - 1996

ശ്രീമൂലനഗരം ഗ്രാമ പഞ്ചായത്ത്

68.6

## ജനകീയ ആസൂത്രണ പ്രസ്ഥാനം

# വികസന റിപ്പോർട്ട് – 1996

## ശ്രീമൂലനഗരം ഗ്രാമപഞ്ചായത്ത്

# ശ്രീമൂലനഗരം പഞ്ചായത്ത്

## വാർഡുകളും പ്രധാനറോഡുകളും




(1) ദേശം ചൊവ്വര റോഡ് (P.W.D)
(2) കാലടി ചൊവ്വര റോഡ് (P.W.D)
(3) ഉഴത്രപ്ര റോഡ്
(4) ചൊവ്വര കുഴപ്പിളം റോഡ്
(5) പട്ടൂർ കുന്ന് റോഡ്
(6) ഇളയരാജ പാലസ് റോഡ് (MLA)
(7) തെറ്റാലി പ്രസന്നപുരം റോഡ്
(8) തച്ചപ്പിള്ളി റോഡ്
(9) മണ്ടേല റോഡ്
(10) മാവല റോഡ്
(11) ജവഹർ റോഡ്
(12) പുതിയ റോഡ്
(13) പതിയാട്ട് കടവ് റോഡ്
(14) തൃക്കാവ് കോളനി റോഡ്
(15) അത്തിക്കാപ്പിള്ളി റോഡ്
(16) എ.കെ.ജി. റോഡ്
(17) ഇടനാട് സ്കൂൾ റോഡ്
(18) കയിന്നൂർ കോളനി റോഡ്
(19) ടി.ജി.കെ. റോഡ്
(20) ഹെർബർട്ട് റോഡ്
(21) ശ്രീമൂലനഗരം-വല്ലം റോഡ് (P.W.D)
(22) ശ്രീഭൂതപുരം റോഡ്
(23) കന്നപ്പിള്ളി റോഡ്
(24) അകവൂർ റോഡ്
(25) കുന്നുവടി റോഡ്
(26) തൃക്കണിക്കാവ് കുട്ടമന റോഡ്
(27) കാവാട്ട് റോഡ്
(28) തെക്കെ കോവിലകം റോഡ്

# ശ്രീമൂലനഗരം ഗ്രാമപഞ്ചായത്ത്

ശ്രീമൂലനഗരം പി. ഒ 683 580
Phone : 462554

## ശ്രീമൂലനഗരം ഗ്രാമപഞ്ചായത്ത് വികസനറിപ്പോർട്ട് 1996

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | ശ്രീമൂലനഗരം ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | 1. ചൊവ്വരവില്ലേജ് |
| | 2. തെക്കും ഭാഗം വില്ലേജ് |
| ബ്ലോക്ക് പഞ്ചായത്ത് | അങ്കമാലി |
| താലൂക്ക് | ആലുവ |
| അസംബ്ലിമണ്ഡലം | അങ്കമാലി |
| വിസ്തീർണ്ണം | 14.41 ച. കി. മീ. |
| അതിരുകൾ | വടക്ക് - ചെങ്ങൽ റോഡ് |
| | തെക്ക് - പെരിയാർപുഴ |
| | കിഴക്ക് - കാഞ്ഞൂർ പഞ്ചായത്ത് |
| | പടിഞ്ഞാറ് - ചെങ്ങമനാട് പഞ്ചായത്ത് |
| ജനസംഖ്യ | 22395 |
| ജനസാന്ദ്രത | 1554 |
| വാർഡുകൾ | 10 |

*പ്രസിഡണ്ടിന്റെ പേര്.* : *ശ്രീ. എം. പി. അബു*

*വൈസ് പ്രസിഡണ്ടിന്റെ പേര്* : *ശ്രീ. എൻ. എം.. ജമാൽ*

*സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേർസൺ* : *ശ്രീമതി റോസി ജോസ്*

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| അവതരണം | | |
| I | ആമുഖം | 1 |
| II | സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം | 4 |
| III | ഭൂപ്രകൃതി, വിഭവങ്ങൾ | 6 |
| IV | വിവിധവികസനമേഖലകൾ | |
| | 1. കൃഷി, ജലസേചനം | 10 |
| | 2. മൃഗപരിപാലനം, മത്സ്യബന്ധനം | 22 |
| | 3. വിദ്യാഭ്യാസം | 27 |
| | 4. ആരോഗ്യം, കുടിവെള്ളം | 33 |
| | 5. വ്യവസായം | 41 |
| | 6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | 45 |
| | 7. പാർപ്പിടം, സാമൂഹ്യക്ഷേമം | 54 |
| | 8. സംസ്കാരം | 57 |
| | 9. വനിതാക്ഷേമം | 59 |
| | 10. സഹകരണമേഖല | 61 |
| | 11. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം | 64 |
| | 12. വിഭവസമാഹരണം. | 67. |

# അവതരണം

ഇൻഡ്യയിലെ ഇതരസംസ്ഥാനങ്ങൾക്ക് മാതൃകയായി ഈ കൊച്ചുകേരളം 9-ാം പഞ്ചവത്സരപദ്ധതി ജനകീയാസൂത്രണത്തിലൂടെ നടപ്പിൽ വരുത്തുവാനുള്ള മഹത്തായ യജ്ഞത്തിന്റെ പാതയിലാണ്. അതിന്റെ ഭാഗമായി നമ്മുടെ ഗ്രാമപഞ്ചായത്തിലെ പത്തു വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ വിളിച്ചുകൂട്ടി 9 -ാം പദ്ധതിയിലൂടെ നടപ്പിൽ വരുത്തേണ്ട വികസന പ്രവർത്തനങ്ങളെപ്പറ്റി വിഷയാടിസ്ഥാനത്തിൽ ഗ്രൂപ്പു തിരിച്ച് ചർച്ച നടത്തി ചർച്ചകളിലൂടെ ഗ്രാമവാസികളിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന പരിശോധനകളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പഞ്ചായത്തിന്റെ ആവശ്യങ്ങളാക്കി ക്രോഡീകരിച്ച് തയ്യാറാക്കിയ വികസന റിപ്പോർട്ടാണ് ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്

കഴിഞ്ഞ രണ്ടര മാസക്കാലത്തെ സേവനതല്പരതയോടെയുള്ള കൂട്ടായ പ്രയത്നത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും ആകെത്തുകയായ ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ബഹു: പഞ്ചായത്ത് മെമ്പർമാരും ഗ്രാമവാസികളും ജില്ലാ പഞ്ചായത്ത്തല പരിശീലകരും പഞ്ചായത്തിലെ വിവിധസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും, വിശിഷ്യാ ബഹുജന- രാഷ്ട്രീയ സാമൂഹ്യസാംസ്കാരിക പ്രസ്ഥാനങ്ങളും നല്കിയ നിർലോഭമായ സഹായസഹകരണങ്ങൾ നന്ദിയോടെ സ്മരിച്ചുകൊണ്ട് ഈ വികസന റിപ്പോർട്ട് പഞ്ചായത്ത്തല ഏകദിന വികസന സെമിനാറിലെ അംഗങ്ങൾ മുമ്പാകെ അവരുടെ സജീവമായ ചർച്ചയ്ക്കും വിലയേറിയ നിർദ്ദേശങ്ങൾക്കുമായി പഞ്ചായത്ത് ആസൂത്രണ സമിതിയുടെ പേരിൽ ഞങ്ങൾ സവിനയം അവതരിപ്പിക്കുന്നു. വികസനസെമിനാറിലെ സുദീർഘമായ ചർച്ചകളിലൂടെ ഈ റിപ്പോർട്ടിന് പൂർണ്ണത കൈവരുമെന്നും അതുവഴി നമ്മുടെ പഞ്ചായത്തിന് ജനകീയ ആസൂത്രണത്തിലൂടെ ഒരു വികസനപാത തുറന്നു കിട്ടുമെന്നും ഞങ്ങൾ പ്രത്യാശിക്കുന്നു.

എം. പി. അബു
പ്രസിഡണ്ട് & ചെയർമാൻ
ജനകീയ ആസൂത്രണ സമിതി
ശ്രീമൂലനഗരം ഗ്രാമ പഞ്ചായത്ത്

പി. ഭാസ്കരൻ
കൺവീനർ
ജനകീയ ആസൂത്രണസമിതി
ശ്രീമൂലനഗരം ഗ്രാമ പഞ്ചായത്ത്

# വികസനറിപ്പോർട്ട് – '96

## ശ്രീമൂലനഗരം ഗ്രാമ പഞ്ചായത്ത്

# ആമുഖം

1993ലെ ഭരണഘടന 73, 74-ാം ഭേദഗതിയോടെ നിലവിൽ വന്ന ത്രിതലപഞ്ചായത്ത് സംവിധാനം 1994ലെ കേരളാപഞ്ചായത്ത്- മുനിസിപ്പൽ നിയമം വഴി കേരളത്തിൽ 1995 ഒക്ടോബർ 2 ന് പ്രാബല്യത്തിൽ വന്നു. അധികാരം ജനങ്ങളിലേക്ക് കൈമാറിയതിനോടൊപ്പം, പഞ്ചവത്സര പദ്ധതികളിലൂടെയുള്ള വികസന പ്രക്രിയയുടെ ആസൂത്രണവും താഴെ തലത്തിലേക്ക് കൈമാറി. ഇതുവരെ കേന്ദ്രീകൃതമായ ആസൂത്രണ രീതിയാണ് ഫലത്തിൽ നിലവിലുണ്ടായിരുന്നത്. വികസനമെന്നാൽ റോഡുകളും പാലങ്ങളും പണിയുക എന്ന വികലമായ ധാരണയാണ് സാമാന്യജനത്തിനുണ്ടായിരുന്നത്. പകരം വികസനമെന്നാൽ ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന സാമൂഹ്യ പ്രക്രിയ എന്ന ബോധത്തിലേക്കും, അതിനുള്ള സാമ്പത്തികതന്ത്രങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ ആ വികസനം സ്ഥായിയും നീതിപൂർവ്വകവുമായ ദ്രുതഗതിയിലുള്ള വളർച്ചയിലേക്കും കൊണ്ടെത്തിക്കണം എന്ന ഉൾക്കാഴ്ചയും ആവശ്യമാണ്

9-ാം പഞ്ചവത്സരപദ്ധതി 1997 ഏപ്രിൽ 1 -ാം തീയതി മുതൽ ആരംഭിക്കുകയാണ്. എല്ലാവർക്കും ഭക്ഷണം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, ദുർബലവിഭാഗങ്ങളുടെ പുരോഗതിക്കായിട്ടുള്ള സാമൂഹ്യസുരക്ഷാ ക്ഷേമപ്രവർത്തനങ്ങൾ എന്നീ അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പു വരുത്തുക എന്ന കാതലായ ലക്ഷ്യം മുൻനിർത്തിയുള്ള ഒരു വികസനതന്ത്രം രൂപം കൊടുക്കേണ്ടിയിരിക്കുന്നു. ഈ ലക്ഷ്യം വച്ച് ജനങ്ങളുടെ പദ്ധതിയായി രൂപീകരിക്കുന്നതിൽ ഒട്ടേറെ പ്രതിബന്ധങ്ങളെ തരണം ചെയ്യേണ്ടതുണ്ട്. താഴെ തട്ടിലുള്ള ആസൂത്രണത്തിന്റെ മുൻ അനുഭവങ്ങളുടെ അഭാവം, വേണ്ടത്ര അധികാരങ്ങളോ, ഉചിതമായ ചട്ടങ്ങളോ ഇല്ലായ്ക, ഉദ്യോഗസ്ഥന്മാരുടേയും വിദഗ്ദ്ധന്മാരുടേയും അഭാവം, വികസനത്തെ സംബന്ധിച്ചുള്ള വികലമായ ധാരണ തുടങ്ങിയവയെല്ലാം ഗൗരവമായ പ്രശ്നങ്ങളാണ്.

മുകളിൽ സൂചിപ്പിച്ച എല്ലാ പ്രതിബന്ധങ്ങളേയും മറികടന്ന് സമയബന്ധിതമായി തങ്ങളിൽ അർപ്പിതമായിരിക്കുന്ന നിയമാനുസൃതമായ ആസൂത്രണച്ചുമതല നിർവഹിക്കുന്നതിന് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനുവേണ്ടിയാണ് 'ജനകീയ ആസൂത്രണം' രൂപം നല്കിയിരിക്കുന്നത്. 1996 ജൂലൈ 14 ന് ചേർന്ന സംസ്ഥാനപ്ലാനിംഗ് ബോർഡ് യോഗമാണ് ആസൂത്രണവികേന്ദ്രീകരണം സംബന്ധിച്ച തീരുമാനം എടുത്തത്. ഇതിന്റെ അടിസ്ഥാനത്തിൽ കേരളസർക്കാർ

"9ാംപദ്ധതി– വികേന്ദ്രീകരണവും ജനപങ്കാളിത്തവും – ബഹുജനപ്രസ്ഥാനം" എന്ന സർക്കാർ വിജ്ഞാപനം [ ജി. ഒ. (എം. എസ്. ) 10/96/ പി. എൽ. ജി.തീയതി 30- 7- 96 ] പുറപ്പെടുവിച്ചു. ഈ ഉത്തരവിന്റെ ബലത്തിൽ പ്ലാനിംഗ് ബോർഡ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതാണ് ജനകീയാസൂത്രണപരിപാടി. ഇതിനോട് ബന്ധപ്പെടുത്തി നടത്തുന്ന പരിശീലനം, പ്രചാരണം, സന്നദ്ധസേവനം ഇത്യാദി നാനാമുഖപ്രവർത്തനങ്ങളിലൂടെ ഒരു പുത്തൻ വികസന സംസ്കാരം വളർന്നു വന്നിരിക്കുന്നു.

9 –ാം പദ്ധതിയുടെ അടങ്കലിന്റെ 35 - 40 % തുകയ്ക്ക് വരുന്ന സ്കീമുകളുടെ നടത്തിപ്പ് പഞ്ചായത്ത് സമിതികൾ വഴി രൂപപ്പെടുത്തുന്നു. ജനകീയാസൂത്രണത്തിലൂടെ വിനിയോഗിക്കുന്ന ഈ സമ്പത്ത് നമ്മുടെ സർവ്വതലസ്പർശിയായ പുരോഗതിയാണ് ലക്ഷ്യമാക്കുന്നത്. ഈ പദ്ധതികളുടെ നടത്തിപ്പുകാരും സൂക്ഷിപ്പുകാരും ജനങ്ങളാണ്. 9–ാം പദ്ധതിയിലൂടെ സ്വയം പര്യാപ്തമായ ഗ്രാമങ്ങളും നഗരങ്ങളും തദ്വാരാ സ്വയം പര്യാപ്തമായ കേരളവും വികസിപ്പിച്ചെടുക്കാം. ഇതിലൂടെ കർഷകന്റേയും കർഷകത്തൊഴിലാളിയുടേയും – തൊഴിലാളികളുടേയും തൊഴിലുടമകളുടേയും – സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നില്ക്കുന്ന ജനവിഭാഗങ്ങളുടെയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും വിശിഷ്യാ സ്ത്രീജനങ്ങളുടെയും ക്ഷേമവും മൊത്തം ജനതയുടെ വിദ്യാഭ്യാസ സാംസ്കാരിക സാമ്പത്തിക ഉന്നതിയും നമുക്ക് ഉറപ്പു വരുത്താം.

1172 ചിങ്ങം ഒന്നിന് (1996 ആഗസ്റ്റ് 17) ശ്രീമൂലനഗരം ഗവ. എൽ. പി. സ്കൂളിൽ വച്ച് കൃഷിഭവന്റേയും ശ്രീമൂലനഗരം ഗ്രാമപഞ്ചായത്തിന്റേയും സംയുക്താഭിമുഖ്യത്തിൽ നടന്ന പൊതുസമ്മേളനത്തിൽ വച്ച് ശ്രീമൂലനഗരം ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. സെപ്തംബർ 10,11,12 തീയതികളിൽ അങ്കമാലി സി. എസ്. എ. ഹാളിൽ നടന്ന ജില്ലാതലപരിശീലനക്ലാസ്സിൽ ഈ പഞ്ചായത്തിലെ മുൻ സാക്ഷരതാപ്രവർത്തകരായ സർവ്വശ്രീ പി. ഭാസ്കരൻ മാസ്റ്റർ, കെ. എം. അബ്ദുൾ റഹിമാൻ മാസ്റ്റർ, എ. താഹക്കുഞ്ഞ് മാസ്റ്റർ, പി. എം, അബു, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ടി. വി. രാജൻ, ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് എം. പി. അബു എന്നിവർ പങ്കെടുത്തു. 18- 9- 96ൽ ജില്ലാ പരിശീലകരുടെ യോഗം ചേർന്ന് ഓരോരുത്തർക്കും രണ്ട് വാർഡിന്റെ വീതം ചുമതല കൊടുക്കുകയും കോ ഓർഡിനേറ്ററായി ശ്രീ. പി. ഭാസ്കരൻ മാസ്റ്ററെ തിരഞ്ഞെടുക്കുകയും ചെയ്തു.

പഞ്ചായത്ത് കമ്മിറ്റി യോഗം ചേർന്ന് ജനകീയാസൂത്രണപ്രരിപാടിയുടെ വിജയത്തിനാവശ്യമായ പ്രവർത്തനങ്ങൾക്ക് രൂപം നല്കി. 21- 9- 96ൽ ശ്രീമൂലനഗരം എൽ. പി. സ്കൂളിൽ വച്ച് പഞ്ചായത്ത് തല റിസോഴ്സ് പേഴ്സൺ ശില്പശാല നടത്തി. പങ്കെടുത്തവർ 50. വിശേഷാൽ ഗ്രാമസഭകളുടെ വിജയത്തിനും ജനകീയാസൂത്രണത്തിന്റെ സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനും വേണ്ടി കലാജാഥകളും മൈക്ക് പ്രചരണവും നടത്തി. ഗ്രാമസഭാകമ്മിറ്റികൾ വഴിയായി "9-ാം പദ്ധതി ജനകീയാസൂത്രണത്തിലൂടെ" എന്ന സന്ദേശം എല്ലാ വീടുകളിലും എത്തിച്ചു.

29- 9- 96 മുതൽ 12- 10 - 96 വരെ " 9- ാം പദ്ധതി ജനകീയാസൂത്രണം" എന്ന ഏക അജണ്ട വച്ച് പത്തു വാർഡിലും വിശേഷാൽ ഗ്രാമസഭകൾ വിളിച്ചുകൂട്ടു കയും അതിൽ വച്ച് 12 വിഷയങ്ങൾ ഒൻപതു ഗ്രൂപ്പുകളായി ചേർന്ന് ചർച്ച നടത്തു കയും ചെയ്തു. ഈ പ്രവർത്തനങ്ങൾക്ക് ഡി. ആർ. പി. മാരും പി. ആർ. പി മാരും നേതൃത്വം നല്കി.

ഡി. ആർ. പിമാരുടെ രണ്ടാം ഘട്ട പരിശീലനം മൂന്നു ദിവസങ്ങളിലായി നടന്നു. വീണ്ടും 11- 11- 96ൽ പി. ആർ. പിമാർക്കായി രണ്ടാം ഘട്ട ഏകദിന ശില്പശാല നടന്നു.

ഗ്രാമസഭകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ വീണ്ടും ഗ്രൂപ്പ് ലീഡർമാർ, ഗ്രാമ സഭാകമ്മിറ്റി അംഗങ്ങൾ, പി. ആർ. പി.മാർ എന്നിവരുടെ വിശദമായ ചർച്ചകൾക്കും ക്രോഡീകരണത്തിനുമായി വാർഡുകളിലേക്ക് ഏല്പിച്ചു.

16-11-96 ൽ പഞ്ചായത്തിന്റെ നെടുകെയും കുറുകെയും നടന്ന് ഭൂവിഭവത്തെ പ്പറ്റി പഠനപര്യടനം നടത്തി. 16-11-96ൽ വികസനസെമിനാറിന്റെ വിജയത്തിനായി സ്വാഗ തസംഘം രൂപീകരിച്ചു. 96 ഡിസംബർ 8-ാം തീയതി പഞ്ചായത്ത്തല വികസനസെമി നാർ നടത്തുവാനും സമാപനം സാസ്കാരികഘോഷയാത്ര, പൊതുസമ്മേളനം, കലാ പരിപാടികൾ എന്നിവയോടെ ആഘോഷപൂർവ്വം നടത്തുവാനും തീരുമാനിച്ചു.

18-11-96ൽ വിവിധ റിപ്പോർട്ടുകളുടെ ക്രോഡീകരണം നടന്നു. 24 -11-96 ൽ വികസനറിപ്പോർട്ടിന്റെ കരടുകോപ്പി തയ്യാറായി. 27-11-96ൽ കൂടിയ പഞ്ചായത്ത് കമ്മി റ്റിയിൽ വച്ച് വികസന റിപ്പോർട്ട് അംഗീകരിച്ചു. വികസനറിപ്പോർട്ട് തയ്യാറാക്കാൻ ഡി. ആർ. പി മാരെക്കൂടാതെ ബ്ലോക്ക് മെമ്പർ. ശ്രീ. ടി. വി. രാജൻ, ഗ്രാമപഞ്ചായത്ത് പ്രസി ഡണ്ട് ശ്രീ. എം. പി. അബു, വൈസ് പ്രസിഡണ്ട് ശ്രീ. എൻ. എം. ജമാൽ, മെമ്പർമാർ ശ്രീ. കെ.ഗംഗാധരൻ നായർ. ശ്രീമതി. റോസി ജോസ് എന്നിവർ നേതൃത്വം നല്കി.

27- 11- 96ൽ ഗ്രാമ പഞ്ചായത്ത് കമ്മിറ്റി വികസന റിപ്പോർട്ട് അംഗീകരിച്ചു.

# സാമൂഹിക സാംസ്കാരിക ചരിത്രപശ്ചാത്തലം

കേരളപഴമയുമായി ബന്ധപ്പെട്ട പറയി പെറ്റ പന്തിരുകുലത്തിലെ ചാത്തന്റെ വിഹാരരംഗമായ അകവൂർമനയും കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിൽ വിവരിക്കുന്ന തിരുവൈരാണിക്കുളം ക്ഷേത്രവും ഉൾക്കൊള്ളുന്ന ഈ ഗ്രാമം പെരിയാറിന്റെ തീരത്തു സ്ഥിതി ചെയ്യുന്നു.

തൃക്കണിക്കാവ് ഉൾക്കൊള്ളുന്ന പഴയ വെള്ളാരപ്പിള്ളി ഗ്രാമത്തിലെ പുതിയേടം കൊട്ടാരത്തിലാണ് കൊച്ചി രാജവംശത്തിലെ പ്രഗൽഭനായ ശക്തൻ തമ്പുരാൻ ജനിച്ചത്. ഈ പഞ്ചായത്തിലെ ചൊവ്വര പ്രദേശം കൊച്ചി രാജാക്കന്മാരുടെ വേനൽക്കാല സുഖവാസകേന്ദ്രമായിരുന്നു. ചൊവ്വരയിൽ വച്ചു തീപ്പെട്ട മൂലം തിരുനാൾ രാമവർമ്മ മഹാരാജാവിന്റെ ഓർമ്മക്കായി മുമ്പ് കൈപ്രക്കുന്ന് എന്നറിയപ്പെട്ടിരുന്ന പ്രദേശത്തിന് ശ്രീമൂലനഗരം എന്ന പേരു നല്കപ്പെട്ടു.

ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ടിട്ടുള്ള ചൊവ്വര പരമേശ്വരൻ, കെ. സി. കെ. എം. മേത്തർ, കെ. സി. എം. മേത്തർ. ഒ. കെ. ജി. കർത്താ, കൊച്ചനുജപ്പിഷാരടി, ചൂരൻപിള്ളി നാരായണൻ നായർ, എ. റ്റി.. മാത്യു, വി. എൻ. നമ്പൂതിരി, പുത്തൻവേലി കണ്ണു, ഭാസ്കരമേനോൻ എന്നിവർക്കു ജന്മം നല്കിയത് ഈ പ്രദേശമാണ്. സ്വജീവിതം കൊണ്ട് നാടിന്റെ ചരിത്രം കുറിച്ച ഈ. എം. എസ്. ജന്മിനാടുവാഴിത്തത്തിന്നെതിരെയുള്ള പോരാട്ടത്തിൽ ഈ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ഒളിവിൽ കഴിഞ്ഞിട്ടുണ്ട്. അതുപോലെ സി. അച്യുതമേനോനും കെ. സി. ജോർജിനും പി. ഗോവിന്ദപിള്ളയ്ക്കും ഈ പ്രദേശം ഒളിത്താവളമായിരുന്നു. കൊച്ചി നാട്ടുരാജ്യത്തിലെ മന്ത്രിയായിരുന്ന ശ്രീ. പി. കെ. കൃഷ്ണൻകുട്ടി മേനോൻ എം. എൽ. സി. ഈ നാട്ടുകാരനാണ്. ഈ പ്രദേശത്തെ ഭൂമി മുഴുവനും അകവൂർമന, പാലേലി മന, വെടിയൂർമന, വെൺമണി മന എന്നീ നമ്പൂതിരി ഇല്ലങ്ങളുടെയും തിരുവൈരാണിക്കുളം, എടനാട് ദുർഗ്ഗാക്ഷേത്രം എന്നീ ദേവസ്വങ്ങളുടെയും അധീനതയിലായിരുന്നു. ഈ അടുത്ത കാലം വരെ ഇവിടെ തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും നിലനിന്നിരുന്നു. ചരിത്രപ്രശസ്തമായ ഭൂപരിഷ്കരണനിയമം നടപ്പിലാക്കിയതോടുകൂടി കൃഷിഭൂമി കർഷകന് എന്ന സ്വപ്നം സാക്ഷാത്കരിക്കുകയും ഭൂമിയുടെ ഉടമസ്ഥത കർഷകരുടെ കൈവശം എത്തുകയും ചെയ്തു.

അതോടെ ഈ പ്രദേശത്തിന് സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുത്തൻ ഉണർവ്വ് കൈവന്നു. സ്വതന്ത്രകേരളമെന്ന ആശയസാക്ഷാത്കാരത്തിനുവേണ്ടി രൂപം കൊണ്ട കെ. എസ്. പി. എന്ന രാഷ്ട്രീയ പ്രസ്ഥാനം മത്തായിമാഞ്ഞൂരാൻ, കെ. സി. കെ. എം. മേത്തർ എന്നിവർ ചേർന്ന് രൂപീകരിച്ചത് ഈ ഗ്രാമത്തിൽ വച്ചായിരുന്നു.

കൈപ്ര, കാഞ്ഞൂർ പ്രദേശങ്ങൾ വെള്ളാരപ്പിള്ളി പഞ്ചായത്ത് ആയിരുന്നു. ഇന്ന് ഇവിടെയുള്ള സർക്കാർ ഓഫീസുകൾ കൊണ്ടുവരാൻ ശ്രമിച്ചത് മുൻ വെള്ളാരപ്പിള്ളി പഞ്ചായത്തിന്റെ പ്രസിഡണ്ടായിരുന്ന പുതുശ്ശേരി മത്തായി അച്ചൻ ആണ്. 1953ലാണ് ശ്രീമൂലനഗരം പഞ്ചായത്ത് രൂപീകരിച്ചത്. ആദ്യത്തെ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. അകവൂർ കൃഷ്ണൻ നമ്പൂതിരിപ്പാടായിരുന്നു. അഞ്ച് വാർഡും ആറു മെമ്പർമാരുമാണ് അന്നുണ്ടായിരുന്നത്. അദ്ദേഹത്തിനു ശേഷം താഴെ പറയുന്നവർ ഈ പഞ്ചായത്തിന്റെ ഭരണസാരഥ്യം വഹിച്ചു.

1. അകവൂർ കൃഷ്ണൻ നമ്പൂതിരിപ്പാട്
2. പി. സി. ചെറിയാൻ
3. കെ. എ. ബാപ്പുമേത്തർ
4. എ. കൃഷ്ണൻകുട്ടി മേനോൻ
5. പി. ഐ. ജോസഫ്
6. ടി. ഐ. കണ്ണപ്പൻ

ഇന്ന് പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന 25 സെന്റ് സ്ഥലം ശ്രീ പാലേലി വാസുദേവൻ നമ്പൂതിരി സംഭാവനയായി നല്കിയതാണ്.



# ഭൂപ്രകൃതി, വിഭവങ്ങൾ

*ഭൂഘടന അനുസരിച്ച് ശ്രീമൂലനഗരം പഞ്ചായത്ത് നാലായി തിരിച്ചിരിക്കുന്നു.*

ഉയർന്നതലം

ചരിവുപ്രദേശം

സമതലം

ചതുപ്പുസ്ഥലം

*ഈ ഭൂവിഭാഗം സെൻട്രൽ മിഡ്ലാൻഡ് സോണിൽ പെടുന്നു.*

| | |
|---|---|
| വിസ്തീർണ്ണം | 14.41 ച. കി.മീ |
| പുരയിടം | 1640 ഏ |
| നിലം | 1042 ഏ |

## മണ്ണ്

1.3.4 എന്നീ വാർഡുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ എക്കൽ മണ്ണും, നല്ല പശയുള്ള മണ്ണും 2.5.6.7.8.9.10 വാർഡുകളിലെ പകുതിയിലേറെ പ്രദേശങ്ങളിൽ എക്കലും പശയുള്ള മണ്ണും ബാക്കി ചെമ്മണ്ണും ആണ്.

## ജലലഭ്യത

1.2.6,7,8,9,10 എന്നീ വാർഡുകൾ പെരിയാറിന്റെ തീരത്തുള്ളവയാണ്. 4,3 വാർഡുകളുടെ അരികിൽ കൂടി ചെങ്ങൽതോട് ഒഴുകന്നു.

# ജലസ്രോതസ്സുകൾ

| വാർഡ് | തോടുകൾ ചാലുകൾ | ലിഫ്റ്റ് ഇറിഗേഷൻ | കുളം | കിണർ | കുഴൽക്കിണർ | ടാപ്പുകൾ | cross bars |
|---|---|---|---|---|---|---|---|
| 1. | ചെങ്ങൽത്തോട്<br>അരണക്കുളം<br>തൂമ്പാത്തോട്<br>തൊണ്ടിക്കടവ് തോട് | മേത്തർ കോമ്പൗണ്ട്<br>വാരിക്കാട് ലിഫ്റ്റ് ഇറിഗേഷൻ | | | | | |
| 2. | | വാട്ടർ വർക്സ് കോമ്പൗണ്ട്<br>V.K.R മേനോൻ കോമ്പൗണ്ട് | | | | | |
| 3. | ചെങ്ങൽ തോട് | | | | | | |
| 4. | തുറവുങ്കരപാടത്തുനിന്ന് കല്ലയത്തേക്കുള്ള തോട്,<br>എയർപോർട്ട്കുളം<br>അമ്പലക്കുളം<br>ചെങ്ങൽതോട് | | | | 1 | | |
| 5. | തെറ്റാലി ഇറിഗേഷൻകുളം<br>അമ്പലക്കുളം<br>തച്ചപ്പിള്ളി കുളം<br>കുറ്റിച്ചാൽ പുഞ്ചയിൽ നിന്നുള്ള തോട് | തെറ്റാലി ഇറിഗേഷൻകുളം | | | | | |
| 6. | മങ്ങാട്ടു ചിറ<br>എയർപോർട്ട്കുളം | ശ്രീഭൂതപുരം | | | | | |
| 7. | എയർപോർട്ട് കുളം | | | | | | |
| 8. | കാവിലങ്ങാട്ട് ചിറത്തോട്<br>വട്ടപ്പറമ്പിച്ചാൽ പുഞ്ച യിൽ നിന്നുള്ള തോട്<br>വെൺമണിതോട് | | | | | | |
| 9. | വട്ടപ്പറമ്പിച്ചാലിൽ നിന്നുള്ള തോട് | അകവൂർ ലിഫ്റ്റ് ഇറിഗേഷൻ | | | | | |
| 10. | വട്ടപ്പറമ്പിച്ചാൽ | സൗത്ത് വെള്ളാരപ്പിള്ളി | | | | | |
| മൊത്തം | | | 46 | 3120 | 1 | 640 | 25 |

✸ 3, 4, 5, വാർഡുകൾ കാഞ്ഞൂർ എടനാട് ലിഫ്റ്റ് ഇറിഗേഷന്റെ ആയക്കട്ട് ഏരിയയിൽ ഉൾപ്പെടുന്നു
(അവലംബം : കൃഷിഭവൻ, വില്ലേജാഫീസ്, പഠനപര്യടനസർവ്വെ)

## *ജൈവസമ്പത്ത്*

മാവ്, പ്ലാവ്, വാളൻപുളി, കുടമ്പുളി, തേക്ക് , പേരാൽ, കശുമാവ്, പാല, മട്ടി, പന തുടങ്ങിയ വൃക്ഷങ്ങളാണുള്ളത്. വൈവിധ്യമാർന്ന നാടൻ മാവിനങ്ങൾ ധാരാളമുണ്ടായിരുന്നതാണ്. നാടൻ മാവിനത്തിൽ ചന്ദ്രക്കാരൻ എന്ന സവിശേഷ ഇനം കണ്ടു വരുന്നു. കാർഷികനാണ്യവിളകളായ ജാതി, ഗ്രാമ്പൂ, തെങ്ങ്, റബ്ബർ, കമുക്, കുരുമുളക് എന്നിവയും കൃഷി ചെയ്യുന്നുണ്ട്. ഈ പ്രദേശത്ത് അടക്കാകൃഷി വൻതോതിൽ ഉണ്ടായിരുന്നതാണ്. മഞ്ഞളിപ്പ് രോഗം കമുക് കൃഷിയെ പാടെ ഇല്ലാതാക്കി. തെങ്ങിനെ ബാധിക്കുന്ന കാറ്റുവീഴ്ച മാരകമായി പടർന്ന് പിടിച്ച് കൊണ്ടിരിക്കുകയാണ്. നാടൻ നെല്ലിനങ്ങളായിരുന്ന ആര്യൻ, പൊന്നാര്യൻ, ഓണോടൻ, കുട്ടാടൻ, മുണ്ടകൻ, കൊച്ചുമുണ്ടകൻ, എരുമക്കാരി, ചീര, അതിയൻ എന്നിവ നഷ്ടപ്പെട്ടിരിക്കുന്നു. പുരയിടങ്ങളിൽ കൈയ്യുണ്ണ്യം, കുറുന്തോട്ടി, കൊടുത്തുവ, മുക്കുറ്റി, കീഴാർനെല്ലി, നിലപ്പന, തൊട്ടാവാടി, തുളസി. കർലകം, കരിനൊച്ചി, ചിറ്റമൃത്, ആടലോടകം. തഴുതാമ എന്നീ ഔഷധസസ്യങ്ങളും കണ്ടുവരുന്നു.

പണ്ട് ഇവിടെ കുറുക്കൻ, കാട്ടുപൂച്ച, മരപ്പട്ടി തുടങ്ങിയ ജീവികൾ ധാരാളമായി ഉണ്ടായിരുന്നതായി പറയപ്പെടുന്നു. മൂർഖൻ, അണലി, ചേര, ചേനത്തണ്ടൻ, വെള്ളിക്കെട്ടൻ, കുട്ട, നീർക്കോലി തുടങ്ങിയ ഉരഗങ്ങൾ. അണ്ണാൻ, തുരപ്പൻ, വീട്ടെലി നീറ്റെലി, പെരുച്ചാഴി തുടങ്ങിയ ജീവികളും കണ്ടുവരുന്നു. മുയൽ, തവള, എന്നിവ ധാരാളം ഉണ്ടായിരുന്നു. ഇപ്പോൾ വിരളമാണ്. കുഞ്ഞാറ്റക്കിളി, വവ്വാൽ, വണ്ണാത്തിപുള്ള്, തത്ത, ചങ്ങാലിപ്രാവ്, മൈന, തേൻകുരുവി, കാക്കാംപിച്ചി, മൂങ്ങ, കുയിൽ, പൂത്താങ്കിരി, കാക്ക, കൊക്ക് എന്നീ പക്ഷിജാലങ്ങളും കണ്ടുവരുന്നു. പരുന്ത് വിരളമായി കണ്ടുവരുന്നു. കൂടാതെ ദേശാടന പക്ഷിയായ എരണ്ട ഇവിടുത്തെ ചതുപ്പുകളിൽ എത്താറുണ്ട്.

## *മനുഷ്യവിഭവം*

നാടിന്റെ ഏറ്റവും വലിയ വിഭവമാണ് മനുഷ്യസമ്പത്ത്. 1991ലെ സെൻസസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 22395 ആണ്. ഇതിൽ പുരുഷന്മാർ 11097, സ്ത്രീകൾ 11898; 14 വയസ്സിന് താഴെയുള്ള കുട്ടികൾ 5120. പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ്. 14 വയസ്സിന് താഴെയുള്ള കുട്ടികൾ മൊത്തം സംഖ്യയുടെ 22.86 % ആകുന്നു.

ജനസംഖ്യ 1991ലെ കനേഷുമാരി കണക്ക്

| | |
|---|---|
| ആകെ ജനസംഖ്യ | 22395 |
| പുരുഷന്മാർ | 11097 |
| സ്ത്രീകൾ | 11298 |
| 14 വയസ്സിനു താഴെയുള്ള കുട്ടികൾ | 5120 |

അഭ്യസ്തവിദ്യരുടെും, സ്ത്രീകളുടെയും തൊഴിലില്ലായ്മ ഏറിവരികയാണ്. എന്നാൽ കൃഷിപ്പണി കായികാദ്ധ്വാനം ഉള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്നീ രംഗങ്ങളിൽ തൊഴിലാളിക്ഷാമം അനുഭവപ്പെടുന്നു. സാക്ഷരതാനിരക്ക് 92 % ആണ്. വിദ്യാഭ്യാസരംഗത്തെ സ്ത്രീപുരുഷ വിവേചനം ഇല്ലാത്തത് ഈ ഉയർന്ന സാക്ഷരതാനിരക്കിന് കാരണം ആകുന്നു.

പഞ്ചായത്തിലെ നിലവിലുള്ള ഭൗതികസാഹചര്യങ്ങളുടേയും മനുഷ്യസമ്പത്തിന്റേയും മറ്റ് ധനാഗമ വിഭവങ്ങളുടേയും ശാസ്ത്രീയമായ ഉപയോഗത്തിലൂടെ 9-ാം പദ്ധതി ജനകീയ ആസൂത്രണത്തോടെ നടപ്പിൽ വരുത്തി ഒരു ജനകീയ പദ്ധതി ആക്കി മാറ്റാം.

# വിവിധ വികസനമേഖലകൾ



## ***കൃഷി, ജലസേചനം***

കഴിഞ്ഞ അരനൂറ്റാണ്ടിനുള്ളിൽ കാർഷികരംഗത്ത് ഒട്ടേറെ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഭൂപരിഷ്കരണ നിയമങ്ങളുടെ ഫലമായി കൃഷിഭൂമിയുടെ ഉടമസ്ഥാവകാശം കർഷകന് ലഭിക്കുകയും അതോടൊപ്പം കൃഷിഭൂമി തുണ്ടുതുണ്ടായി തീരുകയും ചെയ്തു. ഉടമസ്ഥാവകാശം കൃഷിക്കാരന് ലഭിച്ചതോടു കൂടി 1970 - 80 കാലഘട്ടങ്ങളിൽ ഉല്പാദനത്തിൽ നേരിയ വർദ്ധനവ് ഉണ്ടായി. തുണ്ടുവൽക്കരണം ഉൽപാദനത്തെ ദോഷകരമായി ബാധിച്ചു. കൃഷി ലാഭകരമല്ലാത്തതിനാൽ കാർഷികവൃത്തിയോടുള്ള താല്പര്യം കുറയുകയും കൃഷി ഒരനുബന്ധതൊഴിലെന്ന നിലയിലേക്ക് തരം താഴുകയും ചെയ്തു. കൃഷി സമ്പ്രദായത്തിൽ തന്നെ മാറ്റങ്ങൾ വന്നു. ജൈവവളത്തിന്റെ സ്ഥാനത്ത് രാസവളത്തിന്റെ അമിതമായ പ്രയോഗം ഭൂമിയുടെ ഉൽപദനക്ഷമത കുറച്ചു. അമിതരാസവള, കീടനാശിനി പ്രയോഗം കർഷകന്റെ മിത്രങ്ങളായ മണ്ണിര തുടങ്ങിയ ജൈവമണ്ഡലത്തെ നാമാവശേഷമാക്കി. വെള്ളപ്പൊക്കം ഇല്ലാതായതോടെ വയലേലകളിൽ എക്കൽ നിക്ഷേപം ഇല്ലാതായി. ഇതെല്ലാം കാർഷികോൽപാദനത്തെ പ്രതികൂലമായി ബാധിച്ച ഘടകങ്ങളാണ്. ഉഴവുകന്നുകളുടെ അഭാവം ജൈവവള ലഭ്യത ഇല്ലാതാക്കി. വിവിധ കാലഘട്ടങ്ങളിലായി കാർഷികോൽപാദനം വർദ്ധിപ്പിക്കുവാൻ വേണ്ടി ഗവണ്മെന്റ് എടുത്ത നടപടികൾക്ക് ഫലമുണ്ടായില്ല.

മേൽപ്പറഞ്ഞ ഘടകങ്ങളെല്ലാം കൃഷിഭൂമിയെ കാർഷികേതര ആവശ്യങ്ങൾക്കായി മാറ്റിവയ്ക്കാൻ കർഷകനെ പ്രേരിപ്പിച്ചു. പാടശേഖരകമ്മിറ്റി മുഖേന ആവിഷകരിച്ച ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായമാണ് കർഷകർക്ക് കുറച്ചെങ്കിലും സഹായകമായി ത്തീർന്നത്.

കാർഷികോൽപാദനം വർദ്ധിപ്പിക്കണമെങ്കിൽ കൃഷിയോടുള്ള അഭ്യസ്തവിദ്യരുടേയും സാധാരണക്കാരുടേയും സമീപനത്തിൽ മാറ്റം വരേണ്ടിയിരിക്കുന്നു. കൃഷി

ആദായകരവും ആകർഷകവും ആയ തൊഴിൽ ആയാൽ ഇന്നത്തെ പിന്നോക്കാവസ്ഥക്ക് മാറ്റം വരും. നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം കാർഷികവൃത്തി മുഖ്യതൊഴിലായി സ്വീകരിക്കാൻ സാധ്യമല്ല. അത്തരത്തിലുള്ള ഭൂവിതരണ വിനിയോഗമാണ് ഇവിടെ നില വിലിരിക്കുന്നത്.

**പട്ടിക 1 –**

ഭൂമി സംബന്ധിച്ച വിവരം – ചൊവ്വര തെക്കുംഭാഗം വില്ലേജ്

| സ്വഭാവം | ഏക്കർ | സെ. | ച.ലി |
|---|---|---|---|
| പുരയിടം | 1640 | 49 | 987 |
| നിലം | 1042 | 08 | 622 |
| പുറമ്പോക്ക് | 523 | 77 | 390 |
| തരിശ് | 1 | 65 | 504 |
| ആകെ | 3208 | 01 | 503 |

*അവലംബം : റവന്യൂരേഖ*

**പട്ടിക 2** –

ഭൂ ഉടമസ്ഥത സംബന്ധിച്ച വിവരം

| | എണ്ണം |
|---|---|
| 10 സെന്റിൽ താഴെ | 2812 |
| 25 സെന്റിൽ താഴെ | 1539 |
| 50 സെന്റിൽ താഴെ | 1177 |
| 1 ഏക്കർ 2 ഏക്കർ | 322 |
| 2 ഏക്കർ 5 ഏക്കർ | 59 |

*അവലംബം : റവന്യൂരേഖ*

# പട്ടിക 1

## 1996ലെ എസ്റ്റിമേറ്റഡ് കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണം

| ഉൽപ്പന്നം | | യൂണിറ്റ് ഹെക്ടറിൽ |
|---|---|---|
| 1. | നെൽകൃഷി | 340 |
| 2. | നാളികേരം | 450 |
| 3 | മരച്ചീനി | 20 |
| 4. | കുരുമുളക് | 25 |
| 5 | ജാതിക്ക | 20 |
| 6. | ഗ്രാമ്പൂ | 1 |
| 7. | മഞ്ഞൾ | 3 |
| 8 | ഇഞ്ചി | 10 |
| 9. | കൊക്കോ | 6 |
| 10 | എള്ള് | 8 |
| 11. | പയറുവർഗ്ഗങ്ങൾ | 2 |
| 12. | പച്ചക്കറി | 25 |
| 13. | ഏത്തവാഴ | 250 |
| 14. | പൈനാപ്പിൾ | 16 |
| 15. | റബ്ബർ | 25 |
| 16. | കശുമാവ് | 5 |
| 17. | അടക്കാമരം | 15 |
| 18 | വെറ്റില | 2 |
| 19 | മൾബറി | 0.1 |
| 20 | പുഷ്പകൃഷി | |
| | a) ആന്തൂറിയം | 0.92 |
| | b) ഓർക്കിഡ് | 0.3 |
| | c) കുറ്റിമുല്ല | 2.5 |
| | d) മറ്റു പുഷ്പങ്ങൾ | 2.0 |
| 21 | മറ്റു വിളകൾ | |
| | a) പ്ലാവ് | 40 |
| | b) മാവ് | 20 |

അവലംബം : കൃഷിഭവൻ, ശ്രീമൂലനഗരം

# പട്ടിക 2

## പഞ്ചായത്തിൽ വിതരണത്തിലുള്ള മറ്റു കാർഷികോപകരണങ്ങൾ

| വാർഡ് | ഉഴവുപകരണങ്ങൾ | | | മരുന്നു തളി ഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങുകയറ്റ യന്ത്രം | പോർട്ടബിൾ പമ്പ്സെറ്റ് |
|---|---|---|---|---|---|---|---|---|---|
| | നാടൻ കലപ്പ | ട്രാക്ടർ | ടില്ലർ | റോക്ക് സ്പ്രെയർ | നാപ്സ്റ്റിക് സ്പ്രെയർ | നാടൻ കലപ്പ | | | |
| | 5 | - | 11 | 15 | 30 | - | 1 | 1 | 45 |

കൃഷിക്കാരനെ സഹായിക്കാൻ വേണ്ടി ഒട്ടേറെ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പക്ഷേ അത് യഥാർത്ഥ കർഷകന് ലഭ്യമായില്ല എന്നാണ് പരിശോധന യിൽ കാണുന്നത്. പാടശേഖരകമ്മിറ്റി വഴിയായി കൃഷിക്കാരന് ഉഴവു നടത്താൻ സബ്സിഡി നിരക്കിൽ കൊടുത്തിട്ടുള്ള പവർടില്ലറുകളുടെ പ്രയോജനം കർഷകന് ലഭിച്ചിട്ടില്ല എന്ന് ഗ്രൂപ്പ് ചർച്ചകളിൽ ഉയർന്നു വന്ന അഭിപ്രായങ്ങളിൽ നിന്നും അറിയുന്നു. കൃഷി ലാഭകരമാക്കുന്നതിനുവേണ്ടി പവർടില്ലറുകൾ അനുവദിക്കണമെന്ന് വീണ്ടും ആവശ്യങ്ങൾ ഉയരുകയും സബ്സിഡി നിരക്കിൽ നല്കിയ പവർടില്ലറുകൾ എവിടെ എത്തിച്ചേർന്നിരിക്കുന്നുവെന്ന് അന്വേഷണത്തിന് വിധേയമാക്കണമെന്ന് ആവശ്യം ഉയർന്ന് വന്നിട്ടുണ്ട്. അതുപോലെ നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ കനാൽ നിർമ്മാണതകരാറുകളും, യഥാസമയത്ത് പ്രവർത്തിപ്പിക്കാതിരിക്കലും, വെള്ളം ഉപയോഗിക്കുന്നതിലുള്ള ശാസ്ത്രീയ കാഴ്ചപ്പാടില്ലായ്മയും അവ ഫലത്തിൽ പ്രയോജനരഹിതമായി തീർന്നിരിക്കുന്നു. ശ്രീമൂലനഗരത്ത് മൊത്തം 9 ലിഫ്റ്റ് ഇറിഗേഷനുകളുണ്ട്. ഓരോ ലിഫ്റ്റ് ഇറിഗേഷന്റേയും പ്രവർത്തനങ്ങൾ അവലോകനം നടത്തിയതിൽ നിന്നും പ്രകടമായ അപാകതകൾ കാണുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രധാനപ്പെട്ട 2 ലിഫ്റ്റ് ഇറിഗേഷനുകൾ ഇവിടെ പരിശോധിക്കാം.

1. കാഞ്ഞൂർ – എടനാട് ലിഫ്റ്റ് ഇറിഗേഷൻ: കാഞ്ഞൂർ ശ്രീമൂലനഗരം പഞ്ചായത്തുകൾക്കു വേണ്ടി നിർമ്മിച്ച ഈ പദ്ധതി ശ്രീമൂലനഗരം പഞ്ചായത്തിലെ 3, 4,5,6 വാർഡുകളിലെ കൃഷിയിടങ്ങൾക്കു വേണ്ടിയാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ പ്രസ്തുത ലിഫ്റ്റ് ഇറിഗേഷൻ വാർഡ് 4 ലെ നാമമാത്രമായ കൃഷിയിടങ്ങൾക്ക് മാത്രമേ ഇപ്പോൾ ഉപയോഗപ്രദമാകുന്നുള്ളു. കനാലിന്റെ അവസാനഭാഗത്ത് നാളിതുവരെ വെള്ളം

എത്തിയിട്ടുപോലുമില്ല. ടേൽ എൻഡിൽ നിന്നും ആരംഭ ഭാഗത്തേക്ക് വെള്ളം തിരിച്ച് ഒഴുകുന്ന നിർമ്മാണ വൈകല്യവും, നിലവിലുള്ള മോട്ടോറുകൾ പ്രവർത്തിപ്പിക്കാതിരിക്കലും ഈ പദ്ധതിയെ പ്രയോജനരഹിതമാക്കി തീർത്തിരിക്കുന്നു.

### *ശ്രീമൂലനഗരം ലിഫ്റ്റ് ഇറിഗേഷൻ*

85 ലക്ഷം രൂപ മുതൽ മുടക്കി 90ൽ കമ്മീഷൻ ചെയ്ത ഈ സ്കീം 6, 7 വാർഡുകൾക്ക് പൂർണ്ണമായും 8,5 വാർഡുകൾക്ക് ഭാഗികമായും വെള്ളം ലഭിക്കുന്നതിനുവേണ്ടി ആസൂത്രണം ചെയ്ത വലിയ സ്കീം ആണ്. ഇതിന്റെ ആയക്കട്ട് ഏരിയയിൽ പെടുന്ന മുഴുവൻ സ്ഥലത്തും ഇന്ന് വെള്ളം ലഭിക്കുന്നില്ല. അതുകൊണ്ട് ഈ പദ്ധതി പുനരവലോകനം ചെയ്യേണ്ടിയിരിക്കുന്നു. നിലവിലുള്ള മെയിൻ ലയിനിൽ നിന്നും ശ്രീഭൂതപുരം ക്ഷേത്രത്തിന്റെ പരിസരത്തു നിന്ന് കിഴക്കോട്ട് ഏകദേശം 400 മീറ്റർ നീട്ടിയാൽ ശ്രീമൂലനഗരത്തിന്റെ കുന്നുംപുറത്ത് വെള്ളം ലഭിക്കും. ശ്രീമൂലനഗരം I. H. D. P. ഹരിജൻ കോളനിഭാഗത്തു നിന്ന് ഏകദേശം 200 മീറ്റർ നീട്ടേണ്ടതുണ്ട്. മനക്കക്കുടി പരിസരത്ത് വെള്ളം ലഭിക്കുവാൻ ആശുപത്രി പരിസരത്ത് നിന്നും 300 മീറ്റർ കിഴക്കോട്ട് ലയിൻ നീട്ടണം. മെയിൻ മോട്ടോർഷെഡ്ഡിൽ 80 HPയുടെ അഡീഷണൽ മോട്ടോറും റീലിഫ്റ്റിൽ 40 HPയുടെ ഒരു മോട്ടോറും കൂടി സ്ഥാപിക്കേണ്ടതുണ്ട്. റീലിഫ്റ്റിൽ ഒരു കരിയർഫോൺ ഏർപ്പെടുത്തുകയും വേണം. നിലവിലുള്ള എല്ലാ സ്പൗട്ടുകളും നന്നാക്കേണ്ടതുണ്ട്.

ഉൽപാദനചിലവിന്റെ വർദ്ധനവും ഉൽപ്പന്നങ്ങളുടെ വിലയിടിവും ഫലത്തിൽ കാർഷികമേഖലയെ തളർത്തിയിരിക്കുകയാണ്. ഇതു കാരണം കൃഷിഭൂമി മറ്റാവശ്യങ്ങൾക്ക് മാറ്റി വയ്ക്കാൻ കർഷകർ നിർബന്ധിതരാവുന്നു. നാണ്യവിളകൾക്ക് ഉയർന്ന താങ്ങുവിലകൾ നല്കി കർഷകരെ കാർഷികരംഗത്ത് നിലനിർത്തേണ്ടതുണ്ട്. കാർഷികവൃത്തിക്ക് ആളുകളെ ലഭിക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ ഭൂസേന രൂപീകരിക്കേണ്ടതുണ്ട്. ഇതുവഴി ശ്രീമൂലനഗരം പഞ്ചായത്തിന്റെ ഏതുഭാഗത്തും കാർഷികപ്രവർത്തനങ്ങളിലേർപ്പെടാൻ സന്നദ്ധതയുള്ള ഒരു വിഭാഗത്തെ സൃഷ്ടിക്കാൻ കഴിയും. നെൽകൃഷിക്കായി 1042 ഏക്കർ സ്ഥലം വിനിയോഗിക്കാൻ പറ്റിയതായി ഉണ്ട്. എന്നാൽ ഇപ്പോൾ അതിന്റെ 60% ഭൂമിയേ ഉപയോഗത്തിലുള്ളു. ഇവിടത്തെ പ്രധാന നാണ്യവിളയായ തെങ്ങുകൃഷിക്കായി 1150 ഏക്കർ ഭൂമി ഉപയോഗിക്കുന്നുണ്ട്. പഞ്ചായത്തിൽ 1.35000 കായ്ഫലമെത്താത്ത തെങ്ങുകളും 45000 കായ്ഫലമുള്ള തെങ്ങുകളും കൂടി 18000 തെങ്ങുകളുണ്ട്.

ഈ പഞ്ചായത്തിലെ 22700 തെങ്ങുകൾക്ക് റൂട്ട് വിൽറ്റ് , മച്ചിങ്ങകൊഴിച്ചിൽ, ഓലകരിച്ചിൽ, കാറ്റുവീഴ്ച, നീരൊലിപ്പ് എന്നീ പ്രതിവിധി കണ്ടെത്താനാവാത്ത രോഗങ്ങൾ ബാധിച്ചവയാണ്. ഇവ വെട്ടി മാറ്റി തൈകൾ നടേണ്ടതുണ്ട്. (അവലംബം – കൃഷി

ഭവൻ രേഖ). ഈ കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. തെങ്ങു കർഷകരെ സഹായിക്കാൻ രൂപീകരിച്ചിട്ടുള്ള കേരസമിതികൾക്ക് വേണ്ടത്ര ഫണ്ടും പ്രവർത്തന സ്വാതന്ത്ര്യവും പ്രോത്സാഹനവും നല്കേണ്ടിയിരിക്കുന്നു. കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിന് ഇന്ന് നല്കുന്ന പ്രതിഫലം തീരെ അപര്യാപ്തമാണ്. ഇത് 750 രൂപയായി ഉയർത്തേണ്ടതാണ്. തെങ്ങിന് കാലാകാലങ്ങളിൽ മരുന്നടിക്കുന്നതിനും രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും ഗുണനിലവാരമുള്ള തൈകൾ വിതരണം ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പു വരുത്തുന്നതിന് ഇടത്തട്ടുകാരെ ഒഴിവാക്കാൻ പഞ്ചായത്തടിസ്ഥാനത്തിൽ ഒരു നാളികേര സംസ്കരണ ശാല സ്ഥാപിക്കണം.

ഉദ്യാനകൃഷിക്ക് കൂടുതൽ സാദ്ധ്യത കാണുന്നുണ്ട്. വിപണന സാദ്ധ്യതയുള്ള കുറ്റിമുല്ല, അന്തൂറിയം, ഓർക്കിഡ് തുടങ്ങിയവയും പച്ചക്കറികൃഷിയും പ്രോൽസാഹിപ്പിക്കേണ്ടിയിരിക്കുന്നു. വനിതകൾക്ക് തൊഴിൽ സാദ്ധ്യതയുള്ള ഈ രംഗം, അവർക്ക് തൊഴിലും സാമ്പത്തിക നേട്ടങ്ങളും നല്കാൻ കഴിയും. നമുക്കാവശ്യമുള്ള പച്ചക്കറി ഉല്പാദിപ്പിക്കുവാനുള്ള തീവ്രശ്രമം നടത്തേണ്ടതുണ്ട്. എല്ലാ വാർഡിലും 50 ൽ കുറയാത്ത പച്ചക്കറി യൂണിറ്റുകൾ ആരംഭിക്കണം. പഞ്ചായത്തടിസ്ഥാനത്തിൽ ഹോർട്ടി - ഫ്ളോറി കൾച്ചർ സൊസൈറ്റി രൂപീകരിച്ച് ഇതിന് നേതൃത്വം നല്കണം.

ഈ പഞ്ചായത്തിൽ ഒരു അംഗീകൃത നഴ്സറി ഉൾപ്പെടെ 2 കാർഷിക നഴ്സറികൾ നിലവിലുണ്ട്. അവയുടെ പ്രവർത്തനം കർഷകർക്ക് അനുകൂലമായ രീതിയിൽ വളർത്തിയെടുത്താൽ ഇവിടുത്തെ കാർഷിക ആവശ്യങ്ങൾക്കുള്ള ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കാം. കൃഷിഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും മണ്ണുപരിശോധനാസംവിധാനം ഏർപ്പെടുത്തുകയും ചെയ്താൽ നെൽകൃഷിയും മറ്റ് കൃഷികളും വികസിപ്പിക്കാൻ കഴിയും. നെൽകൃഷിക്ക് ലഭിക്കുന്ന സബ്സിഡി ഇന്നുള്ളതിൽ നിന്നും ഹെക്ടറിന് 1000 രൂപയാക്കി ഉയർത്തണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.

1,2,6,7,8,9,10 വാർഡുകളിലെ പുഴയോരം കെട്ടി മണ്ണൊലിപ്പ് തടഞ്ഞ് സ്ഥലം സംരക്ഷിക്കേണ്ടതാണ്. കൃഷിഭൂമി കാർഷികേതരാവശ്യങ്ങൾക്കുപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ നമ്മുടെ നാടിന്റെ വികസനത്തിന്റെ അടിസ്ഥാനം സമ്പന്നമായ കാർഷികോല്പാദനവും ഭക്ഷ്യധാന്യങ്ങളുടെ സ്വയം പര്യാപ്തതയുമാണ്.

# വാർഡിൽ നിന്നുള്ള ആവശ്യങ്ങൾ

## വാർഡ് I

- വാരിക്കാട്ട് L.I. സ്കീമിന്റെ ഇന്ന് നിലവിലുള്ള മോട്ടോർ മാറ്റി കൂടുതൽ കപ്പാസിറ്റിയുള്ള മോട്ടോർ സ്ഥാപിക്കണം.
- പാറക്കുളം, കടുവേലി പാടങ്ങളിൽ വെള്ളം എത്തിച്ച് മൂന്നു പൂ കൃഷിക്കുപയുക്തമാക്കുക. ഇവിടുത്തെ പമ്പ് ഷെഡ് പുനരുദ്ധരിക്കണം.
- തുതിലേറിപാടത്തെ വെള്ളം ഒഴുക്കിക്കളയാൻ ഡ്രെയിനേജ് വേണം.
- മേത്തർകോമ്പൗണ്ട് ലിഫ്റ്റ് ഇറിഗേഷന്റെ മോട്ടോർ ഷെഡ്, കനാൽ എന്നിവ പെർമനന്റ് ആക്കണം.
- പാറക്കുളം, കടുവേലി പാടങ്ങളിലേക്ക് വെള്ളം എത്തിച്ച് ഈ സ്ഥലത്തെ ഒരുപ്പൂകൃഷി മുപ്പൂ ആക്കി മാറ്റണം.
- വാഴകൃഷിക്ക് പ്രോത്സാഹനം നല്കണം.
- ദേശം കനാലിൽ നിന്ന് പുതിയ സബ് കനാൽ നിർമ്മിച്ച് പുതുവാൻ കുന്ന് പ്രദേശത്ത് വെള്ളം എത്തിക്കണം.

## *വാർഡ് II*

- തൂമ്പാക്കടവ് പ്രദേശത്ത് ജലക്ഷാമവും കുടിവെള്ളക്ഷാമവും അനുഭവപ്പെടുന്നു. തൂമ്പാക്കടവിൽ പമ്പ് വെയ്ക്കുന്നതിന് ആവശ്യമായ സ്ഥലം ആനാട്ടിൽ വിശ്വംഭരൻ നല്കാമെന്നേറ്റിട്ടുണ്ട്. അവിടെ 20 HP യുടെ മോട്ടോർ സ്ഥാപിക്കണം.
- വാട്ടർ വർക്സ്, വി. കെ. ആർ മേനോൻ കോമ്പൗണ്ട് എന്നീ സ്കീമുകളിലെ മോട്ടോറുകൾ മാറ്റി പവർ കൂടിയവ സ്ഥാപിച്ച് യഥാസമയം പമ്പ് ചെയ്യണം.
- വാട്ടർ വർക്സ് കോമ്പൗണ്ടിൽ നിന്നുള്ള ലിഫ്റ്റ് ഇറിഗേഷൻ കനാൽ പട്ടൂർകുന്ന് പാണ്ടൻകുന്നു വരെ നീട്ടുക.
- ചൊവ്വരപാടത്ത് കറുകച്ചാലിലേക്ക് പോകുന്ന ഡ്രെയിനേജിന്റെ വീതി പുനഃസ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുക
- ചൊവ്വര ചിറയിലെ മൂന്നു ചീപ്പും കറുകപ്പിള്ളി ചിറയിലെ ഒരു ചീപ്പും പുനഃസ്ഥാപിക്കണം.
- കൃഷിയിടങ്ങളിലേക്ക് ധാരാളം വെള്ളം എത്തിക്കുന്ന മെയിൻ തോടുകളും ഉപതോടുകളും കോൺക്രീറ്റ് ചെയ്ത് വെള്ളം പാഴാകുന്നത് തടയണം

- ☛ പുറമ്പോക്ക് ഡ്രൈനേജുകൾ നികത്തിയത് (കറുകച്ചാൽ) പുനഃസ്ഥാപിക്കണം.
- ☛ കൃഷി കൂട്ടായ്മയോടെ യന്ത്രവല്ക്കരിക്കണം
- ☛ വിത്തും വളവും സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം.

*വാർഡ് III*

- ☛ നിലവിലുള്ള തെറ്റാലി സ്കീം തെറ്റാലി ഭാഗത്തേക്കും കുഴുപ്പള്ളം ഭാഗത്തേക്കും നീട്ടണം
- ☛ കുറ്റിച്ചാൽ പുഞ്ചയിൽ നിന്നും ഡ്രയിനേജ് തോട്ടിലേക്ക് ഡ്രയിനേജ് വേണം
- ☛ ചൊവ്വര തെറ്റാലി പാടത്തെ വെള്ളം കറുകച്ചാലിലേക്ക് ഒഴുകുന്നതിന് തോടിന് വീതി കൂട്ടണം
- ☛ പടയക്കാട് ഹരിജൻ കോളനിക്ക് ജലസേചനസൗകര്യത്തിനായി കുഴുപ്പള്ളം തോട്ടിൽ മോട്ടോർ വയ്ക്കണം
- ☛ കാഞ്ഞൂർ എടനാട് LI സ്കീമിന്റെ വെള്ളം 3-ാം വാർഡിൽ എത്തിക്കണം.

*വാർഡ് IV*

- ☛ ഹെർബർട്ട് റോഡ് മുതൽ കുഴുപ്പള്ളം വരെയുള്ള ഡ്രൈനേജ് കനാൽ സൈഡ് കെട്ടി ഉപയോഗപ്രദമാക്കണം. കാഞ്ഞൂർ പഞ്ചായത്ത് തുറവും കര പാടശേഖര ത്തിൽ നിന്നുള്ള ഡ്രയിനേജ് ആയതുകൊണ്ട് ഇത് ബ്ലോക്ക് പാഞ്ചായത്ത് പദ്ധതി യിൽ ഉൾപ്പെടുത്തണം.
- ☛ എടമ്പാടം കുഴുപ്പള്ളം, കുഴുപ്പള്ളം ഡ്രയിനേജ് കരിങ്കല്ലുകെട്ടി ഉപയോഗപ്രദമാ ക്കണം . സ്ലൂയീസ് ഉണ്ടാക്കണം.
- ☛ ഈ വാർഡിൽ എയർപോർട്ടിന് മണ്ണെടുത്ത വലിയ കുളം ഉണ്ട് അവിടെ 20. H.P മോട്ടോർ സ്ഥാപിച്ച് കടംവേലി പാടത്തിനുപയുക്തമാക്കണം.
- ☛ എടനാട് ക്ഷേത്രകുളം ഉടമസ്ഥരുടെ അനുവാദത്തോടെ ചളി കളഞ്ഞ് സൈഡ് കെട്ടി 10. H.P മോട്ടോർ വെച്ചാൽ 25 ഏക്കർ കരഭൂമിയിലേക്കും പ്രസന്നപുരം പ്രദേ ശത്തേക്കും ജലസേചനം നടത്താം.
- ☛ ശ്രീഭൂതപുരം ലിഫ്റ്റ് ഇറിഗേഷനിൽ അഡീഷണലായി 100 H.P. മോട്ടോർവച്ച് പൈപ്പുവഴി എടനാട് സബ് കനാലിൽ വെള്ളം എത്തിച്ചാൽ ടി കനാലിന്റെ ടെയിൽ

എൻഡുവരെ വെള്ളം എത്തിക്കാൻ കഴിയും. എയർപോർട്ടുകുളത്തിൽ മോട്ടോർ വച്ച് സമീപപ്രദേശത്തുള്ള കൃഷിഭൂമിക്കും കരഭൂമിക്കും ജലസേചനസൗകര്യം ഏർപ്പെടുത്തണം.

- കാഞ്ഞൂർ ലിഫ്റ്റ് ഇറിഗേഷന്റെ വെള്ളം ഹെർബർട്ട് റോഡിന്റെ കിഴക്കുവശംകൂടി വടക്കോട്ട് പോകുന്ന തോടിലെ സൈഫൺ ഉപയോഗശൂന്യമായി കിടക്കുകയാണ്. ഇത് ഉപയോഗപ്രദമാക്കണം. ടി. വെള്ളം പടിഞ്ഞാറ് പുറമ്പോക്കുമായി ബന്ധിപ്പിച്ച് ആര്യാണത്തിന്റെ പടിഞ്ഞാറുവശത്ത് എത്തിക്കണം. കൂളിക്കര ഐക്കരപ്പടിയിൽ നിന്ന് നിൽക്കുന്ന വെള്ളം തോടുകെട്ടി പള്ളിത്താഴത്ത് എത്തിക്കണം.

*വാർഡ് V*

- മഠത്തിൽ പടവ്, പുളിങ്ങാംപിള്ളി, വരളിച്ചാൽ എന്നീ പാടങ്ങൾ വെള്ളക്കെട്ട് മൂലം ചേറ്റുവ, മുണ്ടക്കൻ പൂവുകൾ മോശമായിക്കൊണ്ടിരിക്കുന്നു.
- കുറ്റിച്ചാൽ പുഞ്ചയിൽ നിന്നാരംഭിക്കുന്ന തോട് വീതി കൂട്ടി തൊണ്ടിക്കടവിൽ വെള്ളം ചാടിക്കാനുള്ള നടപടികൾ സ്വീകരിക്കണം.
- വൈകുണ്ഠച്ചാൽ പുഞ്ചത്തോടും ആഴം കൂട്ടി രണ്ടു സൈഡ് കെട്ടണം
- കാഞ്ഞൂർ – എടനാട് എൽ. ഐ. സ്കീമിന്റെ മൂന്നു മോട്ടോറുകൾ പമ്പു ചെയ്യുവാനുള്ള നടപടികൾ ഉണ്ടാക്കണം. പ്രസ്തുതസ്കീമിലെ കനാൽ സ്പൗട്ടുകൾ നന്നാക്കണം.
- ശ്രീഭൂതപുരം ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽ നിന്ന് ഈ വാർഡിൽ പൂർണ്ണമായും വെള്ളം കിട്ടുന്നില്ല. രണ്ട് മോട്ടോറുകൾ പുതിയതായി സ്ഥാപിച്ച് ഇന്നുള്ള ലൈനിന് പാരലലായി ഒരു പൈപ്പ് ലൈൻ ഉണ്ടാക്കി രാജഗിരിപള്ളി, പള്ളിപ്പറമ്പിന്റെ പടിഞ്ഞാറ് വടക്കുഭാഗങ്ങൾ, S.N.D.P പറമ്പിന്റെ പടിഞ്ഞാറുഭാഗം എന്നീ സ്ഥലങ്ങളിൽ പുതിയ കനാലുകൾ പണിത്വെള്ളം എത്തിക്കണം.
- നിലവിലുള്ള ടാപ്പുകൾ നന്നാക്കണം. മെയിൻ പൈപ്പ് ലൈനിനു പകരം അക്വഡറ്റ് നിർമ്മിക്കണം
- ചാരക്കാട്ട് കുളം – തെറ്റാലി ഇറിഗേഷൻ കുളം എന്നിവ ചെളി എടുത്ത് വശങ്ങൾ കെട്ടി നന്നാക്കണം
- തെറ്റാലി ഇറിഗേഷൻ കുളത്തിലേക്കുള്ള കുറ്റിച്ചാൽ ഡ്രൈനേജ് കുളത്തിൽ നിന്നുള്ള ഡ്രൈനേജ് സൈഡു കെട്ടി നന്നാക്കണം
- കൃഷിഓഫീസ് കർഷകർക്ക് ഉപയോഗപ്രദമാകുന്ന വിധം ശ്രീമൂലനഗരത്തേക്കു മാറ്റണം.

## വാർഡ് VI

- പുതിയ MLA റോഡ് വന്നതിനുശേഷം കനാൽ പുനഃസ്ഥാപിക്കാത്തതുകൊണ്ട് പെരിയാർ പുഴയോട് ചേർന്ന്കിടക്കുന്ന കൃഷിഭൂമിയിലേക്ക് വെള്ളം ലഭിക്കുന്നില്ല. കനാൽ സ്ഥാപിച്ച് വെള്ളം കിട്ടുന്നതിനുള്ള നടപടികളെടുക്കണം.
- കർഷക തൊഴിലാളികളുടെ ദൗർലഭ്യം മൂലം കൃഷി തടസ്സമാകാതിരിക്കാൻ യന്ത്രവൽകൃത കൃഷിസമ്പ്രദായം സ്വീകരിക്കണം.
- നിലവിലുള്ള ശ്രീഭൂതപുരം ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽ നിന്ന് 50 ഏക്കറോളം കരഭൂമിയിലേക്ക് വെള്ളം ലഭിക്കുന്നില്ല. 130 മീറ്റർ ദീർഘിപ്പിച്ചാൽ അതിന് പരിഹാരമാകും.
- വെള്ളം പമ്പിംഗ് കാര്യക്ഷമമാക്കണം. മണ്ണാർച്ചാൽ പാടത്ത് വെള്ളക്കെട്ടിന് കാരണമായ തടസ്സം നീക്കണം.
- ശ്രീഭൂതപുരം ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ റീലിഫ്റ്റിൽ നിന്നും ഏകദേശം മുന്നൂറു മീറ്റർ പടിഞ്ഞാറോട്ട് നീട്ടി തൂക്കാവ് ഹരിജൻ കോളനി ഭാഗത്ത് വെള്ളം എത്തിക്കണം. ശ്രീമൂലനഗരം വടക്കും ചേരി ദേവസ്സിക്കുട്ടിയുടെ സ്ഥലത്തു നിന്നും മുന്നൂറുമീറ്റർ പടിഞ്ഞാറോട്ട് നീക്കിയാൽ കോലോത്തും കുടി ഭാഗത്തും വെള്ളം ലഭിക്കും.
- V. K.R. മേനോൻ കോമ്പൗണ്ട് സ്കീമിൽ നിന്ന് ഡ്രൈനേജ് വഴി വെള്ളം കൊണ്ടുവന്ന് കടൂപ്പാടം പ്രദേശത്ത് മൂന്നു പൂ കൃഷിക്ക് ഉപയുക്തമാക്കണം.

## വാർഡ് VII

- എയർപോർട്ടിന് മണ്ണ് എടുത്തിരിക്കുന്ന കുഴിയിൽ 10 എച്ച്. പി. മോട്ടോർ സ്ഥാപിച്ച് സമീപപ്രദേശം 50 ഏക്കർ സ്ഥലത്തിനു ജലസേചനസൗകര്യം ലഭ്യമാക്കുക
- ഇഷ്ടികവ്യവസായത്തിന് മണ്ണെടുത്തിരിക്കുന്ന സ്ഥലം കൃഷിക്ക് വീണ്ടും ഉപയോഗയോഗ്യമാക്കുന്നതിന് കാരിച്ചാൽ ഭാഗത്തുനിന്നും പുഴയിലേക്കുള്ള നിലവിലുള്ള ഡ്രെയിനേജും താണപ്പാടത്ത് നിന്നും പുഴയിലേക്ക് പോകുന്ന ഡ്രെയിനേജും സൈഡ് കെട്ടി ആഴം കൂട്ടുക.
- ശ്രീഭൂതപുരം ലിഫ്റ്റ് ഇറിഗേഷൻ സ്കീമിലെ വടക്കുഞ്ചേരി ദേവസ്സിക്കുട്ടിയുടെ ടാങ്കിൽ നിന്നും ചവറ സദനിൽ വെള്ളം എത്തിച്ച് സമീപ പ്രദേശങ്ങളിലേക്ക് ജലസേചന സൗകര്യം ഉറപ്പു വരുത്തുക.

- കണ്ണക്കുടം ലിഫ്റ്റ് ഇറിഗേഷൻ പുനഃസ്ഥാപിക്കുക.
- ശ്രീഭൂതപുരം എൽ. ഐ സ്കീം പ്രവർത്തിക്കുവാൻ വിഘാതമാവുന്ന രീതിയിൽ പുഴയോരത്ത് ഇഷ്ടികകള വേസ്റ്റ് ഇടുന്നത് നിരോധിക്കുക.
- താണപ്പാടം പുഞ്ചയിലേക്കു ഇരുഭാഗത്തുനിന്നും ട്രാക്ടർ മുതലായവ കൊണ്ടുപോകാൻ തക്കവണ്ണം ഫാം റോഡുകൾ നിർമ്മിക്കുക.
- കൃഷിഭവൻ പഞ്ചായത്തിന്റെ മദ്ധ്യത്തിൽ സ്ഥാപിക്കുക
- വാച്ച്മാനെ നിയമിച്ചും വാൽവുകളും, കനാലുകളും, സബ് കനാലുകളും അർഹമായ് രീതിയിൽ സ്ഥാപിച്ചും അവ സംരക്ഷിച്ചും ശ്രീഭൂതപുരം ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ ആയക്കട്ട് പ്രദേശത്ത് ജലസേചനം കാര്യക്ഷമമാക്കുക.

*വാർഡ് VIII*

- മനക്ക്ക്കുടിയിൽ ജലസേചനസൗകര്യം എത്തിക്കുക
- 7,8.9,10 വാർഡുകളിലെ കൃഷിക്കാർക്ക് ഉപയുക്തമാകാവുന്ന വട്ടപ്പറമ്പിച്ചാൽ പുഞ്ചത്തോട് സൈഡുകെട്ടി ഡ്രൈനേജ് സൗകര്യം ഉറപ്പാക്കണം
- അകവൂർ തെക്കും ഭാഗം എൽ. ഐ സ്കീമിൽ നിന്ന് തിരുവൈരാണിക്കുളം ക്ഷേത്രത്തിന്റെ പടിഞ്ഞാറുവശത്ത് വെള്ളം എത്തിച്ചാൽ ആ പ്രദേശത്തെ കരഭൂമി കൃഷിക്ക് ഉപയുക്തമാക്കാം
- കൂടാതെ ഇവിടുത്തെ കുട്ടാടൻ ചാലിലെ ഒരുപ്പൂ കൃഷി മുപ്പൂ ആക്കാൻ കഴിയും
- കൃഷിഭവൻ പഞ്ചായത്തിന്റെ സെന്ററിലാക്കണം

*വാർഡ് IX*

- സൗത്ത് വെള്ളാരപിള്ളി എൽ. ഐ. സ്കീമിന്റെ തെക്കോട്ടുള്ള കനാൽ ഹെൽത്ത് സെന്ററിന്റെ ഭാഗത്തുനന്ന് 100 മീറ്റർ നീളം കൂട്ടണം
- അകവൂർ എൽ. ഐ. സ്കീമിന്റെ കാവാട്ട് ഇടവഴിഭാഗത്ത് വീതികൂട്ടി സൈഡ് കെട്ടി ഉപയോഗപ്രദമാക്കണം
- അകവൂർ എൽ. ഐ സ്കീമിന്റെ മെയിൻ കനാലിൽ കടുപ്പാടം ഭാഗത്ത് 50 മീറ്റർ കോൺക്രീറ്റ് സൈഡ് കെട്ടണം.

- കുട്ടമന അമ്പലത്തിന് കിഴക്കു ഭാഗത്ത് വടക്കോട്ടു പോകുന്ന സബ്കനാൽ കെട്ടി ബലപ്പെടുത്തുക
- കടൂപ്പാടം, തെമ്മാടിപ്പാടം എന്നിവയുടെ ഡ്രൈനേജ് കനാൽ ഭിത്തി കെട്ടി സംരക്ഷിക്കുക

## വാർഡ് X

- പാലസ് റോഡ് ഭാഗത്ത് തൃക്കാണിക്കാവ് ഭാഗത്തും ഓരോ ലീഡിംഗ് ചാനൽ (Leading Channel) നിർമ്മിച്ച് സൗത്ത് വെള്ളാരപപ്പിള്ളി എൽ. ഐ. സ്കീമിലെ ജലദുരുപയോഗം തടയുക.
- വട്ടപ്പറമ്പിച്ചാൽ പുഞ്ചയിൽ നിന്നും വെള്ളം ഒഴുകിപ്പോകുന്നതിന് പടിഞ്ഞാറു ഭാഗത്തുകൂടിയുള്ള തോട് വീതികൂട്ടി ഭിത്തി കെട്ടി സംരക്ഷിക്കുക.
- സൗത്ത് വെള്ളാരപിള്ളി സ്കീമിന്റെ കനാൽ മെയിന്റനൻസ് ചെയ്ത് ടേൽ എൻഡിൽ വെള്ളം എത്തിക്കുക. ഷട്ടറുകൾ നന്നാക്കുക. നടയ്ക്കാപുഞ്ചത്തോട് 8.9.10 വാർഡുകളിൽ നിന്നുള്ള ഡ്രൈനേജ് തോട് സൈഡുകെട്ടി അടിഭാഗം ലവൽ ചെയ്ത് പുഴ വരെ സംരക്ഷിക്കുക.
- വട്ടപ്പറമ്പിച്ചാൽ പുഞ്ചയിൽ നിന്നു വരുന്ന കരിയാട്ടിത്തോട് വട്ടപ്പറമ്പിച്ചാൽ പുഞ്ചത്തോടുമായി ബന്ധിപ്പിക്കുക ഇതു മൂലം പുഞ്ച 72 ഏക്കർ മൂപ്പുകൃഷിക്ക് ഉപയുക്തമാക്കാം.
- ഈ വാർഡിലെ തട്ടാൻ പടിയെ 9-ാം വാർഡുമായി ബന്ധിപ്പിക്കുന്ന ഫാം റോഡ് (Farm Road) നിർമ്മിക്കുക.

## മൃഗപരിപാലനം, മത്സ്യബന്ധനം

 

മൃഗസംരക്ഷണം മുഖ്യതൊഴിലായി സ്വീകരിച്ച കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ കേവലം മൂന്നു ശതമാനം മാത്രമാണ്. ഉപതൊഴിലായി സ്വീകരിച്ച കുടുംബങ്ങൾ നിരവധിയാണ്. ഉല്പാദനച്ചിലവിലുള്ള അമിതവർദ്ധന, കാലികളിൽ കണ്ടുവരുന്ന മാരകമായ രോഗങ്ങൾ, തീറ്റപ്പുല്ലു ദൗർലഭ്യം, കൃത്രിമബീജാധാന രീതികളുടെ അപര്യാപ്തത തുടങ്ങിയവ ക്ഷീരോല്പാദനരംഗത്തെ തളർത്തുന്ന ഘടകങ്ങളാണ്. ഈ പഞ്ചായത്തിൽ മൂന്നു ക്ഷീര സഹകരണസംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. ഇതു മൂലം കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ വിറ്റഴിക്കുന്നതിൽ ബുദ്ധിമുട്ടില്ലാതായി. രോഗപ്രതിരോധശക്തിയുള്ള നാടൻ കന്നുകാലികൾക്കു പകരം കൂടുതൽ പാൽ ലഭിക്കുന്ന സങ്കരഇനം കന്നു കാലികളെ വളർത്തിത്തുടങ്ങി. ഈ ഇനത്തിൻ രോഗാതുരത കർഷകന് സംരക്ഷണച്ചിലവ് കൂട്ടി. മൃഗസംരക്ഷണത്തിന് അത്യാവശ്യഘടകങ്ങളായ തീറ്റപ്പുല്ല്, കാലിത്തീറ്റ, ചികിത്സാസൗകര്യങ്ങൾ ഇവ ലഭ്യമാക്കിയാൽ കൂടുതൽ ആളുകളെ ഈ രംഗത്തേക്ക് ആകർഷിക്കുവാനും അതു വഴി തൊഴിലില്ലായ്മ പരിഹരിക്കുവാനും കൂടുതൽ കുടുംബങ്ങൾക്ക് ജീവിതമാർഗ്ഗം കണ്ടെത്താനും കഴിയും. പരമ്പരാഗത രീതിയിൽ വീടുകളിൽ കോഴി, താറാവ്, എന്നിവയെ വളർത്തിയിരുന്നു. ഈ പ്രവണത കുറഞ്ഞു വരികയാണ്. സ്ഥലപരിമിതി, ഇവയ്ക്ക കണ്ടുവരുന്ന മാരകരോഗത്തിന് പ്രതിരോധ സംവിധാനങ്ങളുടെ അപര്യാപ്തത എന്നിവ ഇതിന് കാരണമാണ്. പഞ്ചായത്തിൽ നാമമാത്രമായി ഇറച്ചിക്കോഴി, താറാവു വളർത്തൽ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. സ്ത്രീകൾക്ക് ഏർപ്പെടാൻ കഴിയുന്ന ഒരു തൊഴിൽ മേഖല എന്ന നിലയിൽ ജനങ്ങളുടെ ആരോഗ്യത്തിന് അത്യന്താപേക്ഷിതമായ ഭക്ഷണപദാർത്ഥത്തിന്റെ ഉറവിടമെന്ന നിലയിലും കോഴി, കാട, താറാവുവളർത്തൽ എന്നിവ വികസിപ്പിച്ചെടുക്കേണ്ടതാണ്. മൃഗപരിപാലനരംഗത്ത് ഇവിടുത്തെ ഏക ആശ്രയം ഒരു സർക്കാർ വെറ്റിനറി ഡിസ്പെൻസറിയാണ്. ഇവിടെ മാസം തോറും അറുന്നൂറോളം ഉരുക്കൾ ചികിത്സക്കായി എത്തുന്നുണ്ട്. 120 ഓളം കൃത്രിമബീജസങ്കലനം നടത്തുന്നുണ്ട്. ഇവിടെ കണ്ടുവരുന്ന മുഖ്യകാലിരോഗങ്ങൾ, അകിടുവീക്കം, മുടന്തൻ പനി, കുളമ്പുരോഗം എന്നിവയാണ്.

പന്നിവളർത്തൽ, മുയൽ വളർത്തൽ, ആടുവളർത്തൽ എന്നിവ പരിപോഷിപ്പിക്കേണ്ടതാണ്. ആടുവളർത്തൽ വ്യാപകമായിത്തന്നെ നാട്ടിൽ നിലവിലുണ്ടായിരുന്നതാണ്. തീറ്റയായ ഇലകളുടെ അഭാവം, അഴിച്ചിട്ടു വളർത്താനുള്ള സൗകര്യക്കുറവ് എന്നിവയാണ്. ആടുവളർത്തൽ ഇല്ലാതാകാനുള്ള കാരണം.

അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായകൾ നമ്മുടെ പഞ്ചായത്തിൽ വിവിധപ്രദേശങ്ങളിൽ ജനങ്ങൾക്ക് ഭീഷണി ആകാറുണ്ട്. നായ്ക്കളെ യഥാസമയം പിടികൂടി നശിപ്പിക്കുന്നതിന് പഞ്ചായത്തിൽ നിന്നുള്ള പ്രവർത്തനം പലപ്പോഴും പരിമിതമാണ്.

**മൃഗസംരക്ഷണരംഗത്തെ പ്രശ്നങ്ങൾ, പരിഹാരങ്ങൾ, നിർദ്ദേശങ്ങൾ**

1. ഉല്പാദനച്ചിലവിന് അനുസൃതമായി പാലിന് വിലകിട്ടാത്ത അവസ്ഥ
2. തീറ്റപ്പുല്ലിന്റെ അഭാവം
3. കാലിത്തീറ്റയുടെ വിലവർദ്ധന
4. സങ്കരഇനം പശുക്കളുടെ രോഗാതുരത
5. രോഗപ്രതിരോധസംവിധാന സേവനങ്ങളുടെ അപര്യാപ്തത
6. മൃഗാശുപത്രികളുടെ സേവനം എല്ലാ വാർഡിലും ലഭിക്കുവാനുള്ള ബുദ്ധിമുട്ട്
7. ബീജാധാനത്തിനുള്ള ചിലവുകൂടുതൽ
8. പാൽ സംഭരണകേന്ദ്രത്തിലേക്കുള്ള ദൂരക്കൂടുതൽ
9. മൃഗസംരക്ഷണത്തെക്കുറിച്ചുള്ള അജ്ഞത
10. കൃഷിസ്ഥലങ്ങൾ മറ്റാവശ്യങ്ങൾക്കുപയോഗിച്ചതുകൊണ്ട് വൈക്കോൽ പുല്ല് തുടങ്ങി യവയുടെ ലഭ്യതക്കുറവ്
11. നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത കുറവ്. കോഴിത്തീറ്റ ലഭ്യതക്കുറവും അമിത വിലയും
12. പേപ്പട്ടി വിഷബാധ

1. ഉല്പാദനച്ചിലവിന്റെ വർദ്ധനയ്ക്കനുസൃതമായി പാലിന്റെ വില കൂട്ടുക
2. തീറ്റപ്പുൽ കൃഷിക്ക് സബ്സിഡി നല്കി വ്യാപകമാക്കുക. തെങ്ങിൻതോപ്പുകളിൽ ഇടവിളയായി തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുക.
3. ഗുണനിലവാരമുള്ളതും വിലക്കുറവുള്ളതുമായ കാലിത്തീറ്റ ലഭ്യമാക്കുന്നതിനുവേണ്ടി കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക
4. രോഗപ്രതിരോധ സംവിധാന സേവനം വ്യാപകമാക്കുവാൻ വേണ്ടി നിലവിലുള്ള വെറ്റിനറി ഡിസ്പെൻസറി, മൃഗാസ്പത്രിയായി ഉയർത്തി, ഒരു ഡോക്ടറെ കൂടി നിയമിച്ച് 8, 9, 10 വാർഡുകൾക്ക് ഉപകരിക്കത്തക്കവിധം തെക്കുംഭാഗപ്രദേശത്തും 4,3 വാർഡുകൾക്ക് ഉപകരിക്കത്തക്കവിധം എടനാട് പ്രദേശത്തും ഒന്നാം വാർഡിന് ഉപയോഗിക്കത്തക്കവിധം ചൊവ്വര റെയിൽവേസ്റ്റേഷൻ കവലയിലും ആഴ്ചയിലൊരു ദിവസം ഡോക്ടറുടെ സേവനം ലഭിക്കുവാൻ സംവിധാനം ഏർപ്പെടുത്തുക.
5. ശ്രീമൂലനഗരം മൃഗാശുപത്രിയോടനുബന്ധിച്ച് മൊബൈൽ ചികിത്സാസൗകര്യം ഏർപ്പെടുത്തുക.
6. 3,4 വാർഡുകൾക്ക് ഉപകരിക്കത്തക്കവിധം എടനാട് പ്രദേശത്തും 6, 7 വാർഡുകൾക്ക് ഉപകരിക്കത്തക്കവിധം ശ്രീഭൂതപുരം പ്രദേശത്തും ഒന്നാം വാർഡിന് ഉപകരിക്കത്തക്കവിധം റെയിൽവേസ്റ്റേഷൻ കവലയിലും ക്ഷീര സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുക
7. പഞ്ചായത്ത് തലത്തിൽ പാൽ ശീതീകരണസംവിധാനം ഏർപ്പെടുത്തുക
8. കാലാകാലങ്ങളിൽ മൃഗസംരക്ഷണത്തെക്കുറിച്ച കർഷകർക്ക് ബോധവല്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക. ഗോരക്ഷാക്യാമ്പുകൾ സംഘടിപ്പിക്കുക.
9. കോഴി, പന്നി, മുയൽ മത്സ്യം വളർത്തൽ സംരഭത്തിൽ ഏർപ്പെടാൻ ഉദ്ദേശിക്കുന്നവർക്ക് പഞ്ചായത്ത് തലത്തിൽ പരിശീലനം ഏർപ്പെടുത്തുക.
10. ഉരുക്കളുടെ ആരോഗ്യസംരക്ഷണത്തിനുള്ള മിനറൽ മിക്സചർ, മീൻനെയ്യ് എന്നിവ സൗജന്യനിരക്കിൽ വിതരണം ചെയ്യുക
11. നായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കുക. സൗജന്യനിരക്കിൽ പ്രതിരോധനടപടികൾ ലഭ്യമാക്കുക.

മത്സ്യ ബന്ധനം ശ്രീമൂലനഗരം പഞ്ചായത്തിൽ വികസനസാദ്ധ്യതയുള്ള മേഖലയാണ് മത്സ്യബന്ധനം. നിലവിലുള്ള ഭൗതികസാഹചര്യം ഉപയോഗിച്ച് ശുദ്ധജലമത്സ്യകൃഷി ആരംഭിക്കുവാനുള്ള സാദ്ധ്യതകൾ ഉണ്ട്. അത് ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു. മത്സ്യ കൃഷിക്കുള്ള സാങ്കേതികജ്ഞാനം, സാമ്പത്തികസഹായം, ഇവ ലഭ്യമാക്കിയാൽ ഈ തുറയിലേക്ക് അഭ്യസ്തവിദ്യരെ ആകർഷിക്കുവൻ കഴിയും. സാധാരണക്കാർക്ക് കുറഞ്ഞ ചിലവിൽ പോഷകസമ്പന്നമായ ഭക്ഷണം പ്രദാനം ചെയ്യുവാനും കൂടുതൽ തൊഴിലവ സരങ്ങൾ സൃഷ്ടിക്കുവാനും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാനും കഴിയും.

പെരിയാർ, ചെങ്ങൽതോട്, പാടശേഖരങ്ങളിലുള്ള കുളങ്ങൾ, ചാലുകൾ ഇവ യിൽ നാടൻ മത്സ്യ ഇനങ്ങൾ സുലഭമായിരുന്നു. അശാസ്ത്രീയമായ ഭൂവിനിയോഗം കുളങ്ങൾ സംരക്ഷിക്കുന്നതിൽ വന്ന് വീഴ്ച, തോട്ട ഉപയോഗിച്ചും നഞ്ച് ഉപോഗിച്ചും ഉള്ള മീൻപിടിത്തം, പാടശേഖരങ്ങളിൽ അമിതമായ കീടനാശിനി പ്രയോഗം എന്നീ ഘട കങ്ങൾ മത്സ്യസമ്പത്തിനെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. മത്സ്യവിപണനം തൊഴിലാക്കിയ ഏതാനും കുടുംബങ്ങൾ ഉണ്ട്.

മത്സ്യകൃഷി വികസിപ്പിച്ചെടുക്കാനുള്ള സാദ്ധ്യത ഇവിടെ ധാരാളം ഉണ്ട്.

ഒന്നാം വാർഡിലെ അരണക്കുഴി, ആറാം വാർഡിലെ മങ്ങാട്ടുചിറ, നാലാം വാർഡിലെ കുറ്റിച്ചാൽ പുഞ്ച ചതുപ്പ് 1, 2, 3, 4, 7, 8, 9, 10 വാർഡുകളിലെ ഇഷ്ടികക്ക് മണ്ണെടുത്തുമൂലം രൂപാന്തരപ്പെട്ട വെള്ളക്കെട്ടുകൾ 4. 6, 7 വാർഡുകളിൽ 13 ഏക്കറോളം വരുന്ന എയർപോർട്ടിന് മണ്ണെടുത്ത് അഗാധമായ കുഴികൾ എന്നിവ ശുദ്ധജല മത്സ്യകൃ ഷിക്ക് ഉപയോഗിക്കുവാൻ കഴിയും. കൂടാതെ ഇറിഗേഷൻ ആവശ്യത്തിനായുള്ള കുള ങ്ങളും കിണറുകളും ഇതിനായി ഉപയോഗിക്കാം.

**പ്രശ്നങ്ങൾ (?)**

ശുദ്ധജല മത്സ്യകൃഷിയെപ്പറ്റിയുള്ള അറിവില്ലായ്മ, പുതിയമേഖലകളിലേക്ക് വരുവാ നുള്ള കർഷകരുടെ വൈമുഖ്യം, സാങ്കേതിജ്ഞാനത്തിന്റെ അഭാവം, സാമ്പത്തിക കഴി വില്ലായ്മ.

## പരിഹാരം

- ☺ ശുദ്ധജലമത്സ്യകൃഷിയെപ്പറ്റിയുള്ള ബോധവല്കരണം
- ☺ സർക്കാർ ഏജൻസികളുടെ ഇടപെടൽ
- ☺ മത്സ്യ ഉല്പാദകസഹകരണസംഘം രൂപീകരിച്ച് ഉല്പാദകവിപണത്തിനുള്ള സംവിധാനം ഉണ്ടാക്കുക
- ☺ മത്സ്യതീറ്റയും മത്സ്യകുഞ്ഞുങ്ങളെയും ലഭ്യമാക്കുക.
- ☺ പഞ്ചായത്ത് അതിർത്തിയുള്ള പുറമ്പോക്ക് ജലാശയങ്ങളിൽ പഞ്ചായത്ത് മേൽനോട്ടത്തിൽ മാതൃകാമത്സ്യകൃഷി ആരംഭിക്കുക
- ☺ മത്സ്യബന്ധനം, മത്സ്യവിപണനം തൊഴിലാക്കിയവർക്ക് ഉപകരണങ്ങൾ സബസിഡി നിരക്കിൽ ലഭ്യമാക്കുക.
- ☺ അശാസ്ത്രീയമായ മത്സ്യബന്ധനം കർശനമായി തടയുക



## *വിദ്യാഭ്യാസം*

വിദ്യാഭ്യാസരംഗത്ത് ഈ പഞ്ചായത്തിൽ ഒരു ഹൈസ്കൂളും രണ്ടു യു. പി. സ്കൂളുകളും നാല് പ്രൈമറി സ്കൂളുകളുമാണുള്ളത്. ഇവിടുത്തെ യു. പി. സ്കൂളുകളിൽ മൂന്ന് സംസ്കൃതസ്കൂളും മറ്റൊന്ന് ഇംഗ്ലീഷ് മീഡിയം സ്കൂളുമാണ്. ഇവിടെ ആദ്യമായി ആരംഭിച്ച ചൊവ്വര ഗവണ്മെന്റ് എൽ. പി. സ്കൂൾ അതിന്റെ നൂറാം വർഷമായ 1993ൽ ബഹുജനപങ്കാളിത്തത്തോടെ ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടിരിക്കുന്നു.

1990 ൽ ഈ പഞ്ചായത്ത് സമ്പൂർണ്ണ സാക്ഷരത കൈവരിച്ചു. എറണാകുളം ജില്ല സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിൽ ഈ പഞ്ചായത്ത് മാതൃകാപരമായ പ്രവർത്തനം കാഴ്ച വെയ്ക്കുകയുണ്ടായി.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഉപരിപഠനത്തിന് ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് 8 കിലോമീറ്റർ അകലെയുള്ള കാലടി ശ്രീ ശങ്കര കോളേജിനേയോ, 13 കിലോമീറ്റർ അകലെയുള്ള ആലുവാ യു. സി. കോളേജിനേയോ ആശ്രയിക്കേണ്ടതായി വരുന്നു. ഈ പഞ്ചായത്തിൽ തന്നെ ഒന്നാം വാർഡിലെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിന് രണ്ടര കിലോമീറ്റർ അകലെയുള്ള ചൊവ്വര ഹൈസ്കൂളിലും, ആറ്, ഏഴ്, വാർഡുകളിലെ വിദ്യാർത്ഥികൾക്ക് രണ്ടു കിലോ മീറ്റർ അകലെയുള്ള ശ്രീമൂലനഗരം പ്രൈമറിസ്കൂളിലും എത്തിച്ചേരേണ്ടതായിട്ടുണ്ട്. ഒൻപത്, പത്ത് വാർഡുകളിലെ വിദ്യാർത്ഥികൾക്ക് യു. പി. , ഹൈസ്കൂൾ പഠനത്തിന് മൂന്ന് കിലോമീറ്റർ അകലെയുള്ള അകവൂർ ഹൈസ്കൂളിനേയോ, കാഞ്ഞൂർ ഹൈസ്കൂളിനേയോ ആശ്രയിക്കേണ്ടിവരുന്നു. എൻ. വി. കൃഷ്ണവാര്യർ തുടങ്ങിയ പ്രഗത്ഭമതികൾ പഠിപ്പിച്ചിരുന്ന കേരളവർമ്മ സ്കൂൾ, യു. പി. സ്കൂൾ ആയി അതേ നിലയിൽ തന്നെ എട്ടാം വാർഡിൽ തുടരുന്നു. ഈ പഞ്ചായത്തിൽ തൊഴിൽ പരിശീലനത്തിനുള്ള സ്ഥാപനങ്ങൾ ഒന്നും ഇല്ല.

അകവൂർ കൃഷ്ണൻ നമ്പൂതിരിപ്പാട് ഈ മേഖലയിലെ വിദ്യാഭ്യാസസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ സ്തുത്യർഹമായ സേവനം കാഴ്ച വച്ചിട്ടുണ്ട്. അതുപോലെതന്നെ ക്രിസ്ത്യൻ പള്ളി മേധാവികളുടെയും പ്രവർത്തനം സ്മരണീയമാണ്

പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള വിദ്യാലയങ്ങളുടെ വിശദാംശങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

# പഞ്ചായത്തിലെ സ്കൂളുകളുടെ പൊതുവിവരം

| | സ്കൂളിന്റെ പേര് | വാർഡ് | ഗവൺമെന്റ് എയിഡഡ് | അദ്ധ്യാപകർ | അനദ്ധ്യാപക ജീവനക്കാർ | ആകെ കുട്ടികൾ | | | S/C ST | | | തോറ്റു പഠിക്കുന്നവർ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | ഗവ. ഹൈസ്കൂൾ, ചൊവ്വര | 2 | ഗവ | 29 | 23 | 446 | 419 | 865 | 64 | 53 | 117 | 30 | 16 | 46 |
| 2 | ഗവ. എൽ. പി. സ്കൂൾ, ,ശ്രീമൂലനഗരം | 5 | ” | 17 | 17 | 304 | 310 | 614 | 36 | 43 | 79 | 20 | 18 | 38 |
| 3 | സെന്റ് ജോസഫ്സ് എൽ. പി. സ്കൂൾ തെക്കുംഭാഗം | 9 | എയിഡഡ് | 7 | 7 | 116 | 95 | 211 | 13 | 19 | 32 | 8 | 1 | 9 |
| 4 | സെന്റ് അഗസ്റ്റിൻ എൽ. പി. സ്കൂൾ, എടനാട് | 4 | ” | 10 | 10 | 134 | 116 | 250 | 33 | 22 | 55 | 5 | 3 | 8 |
| 5 | എ. പി. എസ്സ് - തെക്കുംഭാഗം | 4 | ” | 4 | 4 | 52 | 63 | 115 | 5 | 7 | 12 | 2 | 5 | 7 |
| 6 | കെ. വി. എസ്. യു. പി എസ്സ്. തെക്കുംഭാഗം | 8 | ” | 5 | 3 | 36 | 42 | 78 | 10 | 7 | 17 | 7 | 3 | 10 |
| 7 | വിജ്ഞാനപീഠം ഇ. എം. യു. പി. സ്കൂൾ എടനാട് | 8 | ” | 13 | 9 | 180 | 137 | 317 | 9 | 1 | 10 | – | – | – |
| | ആകെ | | | 85 | 73 | 1268 | 1182 | 2450 | 170 | 152 | 322 | 72 | 46 | 118 |

# വിദ്യാഭ്യാസ സ്ഥാപനങ്ങളും സൗകര്യങ്ങളും

| സ്കൂൾ | ഗവ. എയ്ഡഡ് | നിലവിലുള്ളത് | | | | | | ഇനി വേണ്ടത് | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | മുറികൾ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | പാചകമുറി | ഡെസ്ക് | ബെഞ്ച് | മേശ | കസേര | ബ്ലാക്ക് ബോർഡ് | മൂത്രപ്പുര | കക്കൂസ് | കിണർ/പൈപ്പ് | കളിസ്ഥലം | ദൃശ്യശ്രാവ്യഉപകരണങ്ങൾ | വൈദ്യുതി | മുറികൾ | പി. ടി. എ | മാതൃസംഗമം |
| ഗവ. ഹൈസ്കൂൾ, തൊവ്വര | ഗവ | 22 | 1 | 1 | ✓ | ✓ | ✓ | 50 | 50 | 6 | 6 | 10 | 2 | 2 | വേണം | വേണം | വേണം | ✓ | 8 | ✓ | ✓ |
| ഗവ. എൽ. പി.സ്കൂൾ, ശ്രീമൂലനഗരം | " | 13 | 2 | 2 | ✓ | ✓ | ✓ | 35 | 30 | 5 | 5 | 10 | - | - | വേണം | വേണം | വേണം | ✓ | 5 | ✓ | ✓ |
| എ. പി. എസ്. തെക്കും ഭാഗം | എയ്ഡഡ് | 5 | 2 | 1 | ✓ | ✓ | ✓ | 10 | 30 | - | - | - | - | - | വേണം | വേണം | വേണം | ✓ | - | ✓ | ✓ |
| കെ.വി.എസ്. യു.പി.എസ്,തെക്കുംഭാഗം | " | 4 | 2 | 1 | ✓ | ✓ | ✓ | 16 | 16 | 3 | 3 | - | - | - | വേണം | വേണം | വേണം | ✓ | - | ✓ | ✓ |
| സെൻ്റ് അഗസ്റ്റിൻ. L.P.S, എടനാട്. | " | 16 | 1 | 2 | ✓ | ✓ | ✓ | 10 | 10 | 0 | 2 | - | - | - | വേണം | വേണം | വേണം | ✓ | - | ✓ | ✓ |
| സെൻ്റ് ജോസഫ്സ് L.P.S, തെക്കുംഭാഗം. | " | 8 | 1 | 1 | ✓ | ✓ | ✓ | - | - | - | - | - | - | - | വേണം | വേണം | വേണം | ✓ | - | ✓ | ✓ |
| വിജ്ഞാനപീഠം ഇംഗ്ലീഷ് മീഡിയം സ്കൂൾ | അൺ എയിഡഡ് സ്കൂൾ | | | | | | | | | | | | | | | | | | | | |

**വിദ്യാർത്ഥികൾക്ക് ലഭിച്ച ഗ്രാൻ്റുകൾ/കുട്ടികളുടെ എണ്ണം മൊത്തം പഞ്ചായത്തിൽ**

**മേൽപറഞ്ഞ സ്കൂളുകൾ വഴി –**

1. ലംപ്സം ഗ്രാൻ്റ് – SC/ ST - 385/-
2. മുസ്ലിം ഗേള്സ് സ്കോളർഷിപ്പ് 107/–
3. വികലാംഗർ – 25/–

മാതൃഭാഷാ മാധ്യമത്തിലുള്ള വിദ്യാലയങ്ങൾ ഉണ്ടായിരിക്കേ വിദ്യാഭ്യാസത്തിനായി അകലെയുള്ള ഇംഗ്ലീഷ് മാധ്യമ സ്കൂളുകളിലേക്ക് കുട്ടികളെ പറഞ്ഞയയ്ക്കുന്ന പ്രവണതയും ഇപ്പോൾ കണ്ടു വരുന്നു. പട്ടികജാതി, ദുർബല, പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികൾ പഠനനിലവാരത്തിൽ പിന്നിൽ ആണെന്ന് ഗ്രാമസഭകളിലെ ചർച്ചകളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ഈ പ്രദേശത്തെ രണ്ട് സർക്കാർ വിദ്യാലയങ്ങളായ ചൊവ്വര ഹൈസ്കൂളും, ശ്രീമൂലനഗരം എൽ. പി. സ്കൂളും പഠനനിലവാരത്തിലും കുട്ടികളുടെ എണ്ണത്തിലും ഉന്നതമായ സ്ഥാനമാണ് നില നിർത്തുന്നത്. കേരളത്തിലെ സർക്കാർ വിദ്യാലയങ്ങളിൽ കുട്ടികൾ കുറയുന്ന അവസ്ഥയാണ് നിലവിൽ ഉള്ളത്. എന്നാൽ ഇവിടെ അതിനെതിരായി രണ്ടു വിദ്യാലയങ്ങളിലും കുട്ടികളുടെ എണ്ണം കൂടിവരുന്നതായി കാണുന്നു. ചൊവ്വര ഹൈസ്കൂളിൽ സ്ഥലപരിമിതി മൂലം കുട്ടികളുടെ പ്രവേശനം നിയന്ത്രിക്കേണ്ടി വരുന്നു. എന്നാൽ പ്രൈവറ്റ് മേഖലയിലുള്ള വിദ്യാലയങ്ങളിൽ നിലവിലുള്ള ഡിവിഷനുകൾ നില നിർത്താൻ പ്രയാസപ്പെടുന്ന അവസ്ഥയാണ്. എല്ലാ വിദ്യാലയങ്ങളിലും പി. ടി. എ. യും മാതൃസംഗമവും പ്രവർത്തിക്കുന്നുണ്ട്.

## പൊതുനിർദ്ദേശങ്ങൾ

1. പഞ്ചായത്തത്തിൽ ഒരു വി. എച്ച്. എസ്. സ്കൂൾ സ്ഥാപിക്കണം.
2. ഒരു കിലോമീറ്റർ പരിധിക്കുള്ളിൽ പ്രീ –പ്രൈമറി/ അംഗൻവാടി; ബാലവാടി സൗകര്യം ഏർപ്പെടുത്തണം.
3. ഈ പ്രദേശത്തെ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനുവേണ്ടി തൊഴിൽ രഹിതരായ അഭ്യസ്തവിദ്യരുടേയും സേവന തല്പരരായ അദ്ധ്യാപകരുടേയും സഹായത്തോടെ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ട്യൂഷൻ ക്ലാസ്സുകൾ വേണം.
4 പഞ്ചായത്തിൽ വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് ബ്യൂറോ സ്ഥാപിക്കണം.
5. തുടർ സാക്ഷരതാ പ്രവർത്തനം ഊർജ്ജിതമാക്കണം.
6. സാക്ഷരതാക്ലാസ്സുകൾ തൊഴിൽ പരിശീലക, തൊഴിൽ ദായക കേന്ദ്രങ്ങളാക്കി മാറ്റണം.
7. പഞ്ചായത്തിൽ തൊഴിൽ അധിഷ്ഠിതപഠനസൗകര്യം (കൽപ്പണി, മരപ്പണി, തയ്യൽ, പനമ്പുനെയ്ത്, പ്ലംബിംഗ്, ഇലക്ട്രീഷ്യൻ) ഏർപ്പെടുത്തണം.
8. കലാകായികരംഗത്ത് പ്രോത്സാഹനം നല്കുന്നതിന് പഞ്ചായത്തിലെ സൗകര്യപ്രദമായ സ്ഥലങ്ങളിൽ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

## *വാർഡ് 1*

1. വിദ്യാഭ്യാസത്തിൽ പിന്നോക്കം നില്ക്കുന്ന ഒന്നു മുതൽ പത്തു വരെ ക്ലാസ്സുകളിലുള്ള വിദ്യാർത്ഥികൾക്ക് ട്യൂഷൻ ക്ലാസ്സ് ഏർപ്പാട് ചെയ്യണം.
2. പ്രാഥമിക വിദ്യാഭ്യാസത്തിന് രണ്ടര കിലോമീറ്ററിലധികം പോകേണ്ടുതുള്ളതു കൊണ്ട് ചൊവ്വര റെയിൽവേസ്റ്റേഷൻ കവലക്ക് സമീപം ഒരു പ്രൈമറിസ്കൂൾ അനുവദിക്കണം.

## *വാർഡ് 2*

ചൊവ്വരഹൈസ്കൂളിലെ ഭൗതികപോരായ്മകൾ പരിഹരിക്കണം. ലാബറട്ടറി ലൈബ്രറി സൗകര്യം ഏർപ്പെടുത്തണം. ക്ലാസ്സുമുറികളുടെ അപര്യാപ്തത തുടങ്ങിയവ പരിഹരിച്ച് പ്രവേശനത്തിന് വരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും പ്രവേശനം നല്കുവാനുള്ള അവസ്ഥ സംജാതമാക്കണം.. യൂറിനൽ - കുടിവെള്ള സൗകര്യം ഏർപ്പെടുത്തണം.

## *വാർഡ് 3*

പഠനനിലവാരം ഉയർത്തുന്നതിനു വേണ്ടിയുള്ള പ്രവർത്തനം ആവശ്യമാണ്. അഭ്യസ്തവിദ്യരായ യുവാക്കളുടെയും അദ്ധ്യാപകരുടെയും സേവനം ഉപയോഗപ്പെടുത്തി പഞ്ചായത്തിന്റെ ധനസഹായത്തോടെ ഒന്നു മുതൽ പത്തു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ട്യൂഷൻ സെന്റർ സ്ഥാപിക്കണം.

## *വാർഡ് 4*

സെന്റ് അഗസ്റ്റിൻ എൽ. പി. സ്കൂളിലെ ഫർണിച്ചർ ദൗർലഭ്യം പരിഹരിക്കണം. സംഗീതോപകരണങ്ങൾ, കളിക്കോപ്പുകൾ, പഠനോപകരണങ്ങൾ, മഹാന്മാരുടെ ചിത്രങ്ങൾ, ഭൂപടങ്ങൾ, കളിസ്ഥലം നിലവാരം കുറഞ്ഞ കുട്ടികൾക്ക് ട്യൂഷൻ സെന്റർ, പാഠ്യേതര പ്രവർത്തനങ്ങൾക്ക് പ്രത്യേക പരിഗണന, അദ്ധ്യാപകർക്ക് പരിശീലനം ഇവ ലഭ്യമാക്കണം.

## *വാർഡ് 5*

അഞ്ചാം വാർഡിലെ പുളിങ്ങാം പിള്ളി റോഡിനു സമീപമുള്ള എട്ടു സെന്റ് സ്ഥലത്തും മനയ്ക്കപ്പടി പരിസരത്തും ഓരോ സെമിപെർമനന്റ് ബിൽഡിംഗ് ഉണ്ടാക്കി നഴ്സറി, നവസാക്ഷരർക്കുള്ള വിദ്യാഭ്യാസസൗകര്യങ്ങൾ എന്നിവ ഉണ്ടാക്കുക. വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണത്തിന് പഞ്ചായത്തിൽ നിന്നും നല്കുന്ന സഹായം വർദ്ധിപ്പിക്കണം

## *വാർഡ് 6*

ശ്രീമൂലനഗരം എൽ. പി, സ്കൂളിലെ ചോർച്ചയുള്ള കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ ഉടൻ ചെയ്യണം. പുതിയ കെട്ടിടം നിർമ്മിക്കണം. അകവൂർ ഹൈസ്കൂളിലെ എസ്. സി എസ്. ടി. കുട്ടികൾക്കായുള്ള സ്പെഷ്യൽ ട്യൂഷൻ കാര്യക്ഷമമാക്കുവാൻ നടപടികൾ കൈക്കൊള്ളണം.

### വാർഡ് 7

1. ഈ വാർഡിൽ ഒരു എൽ. പി. സ്കൂൾ സ്ഥാപിക്കണം.. IHDP കോളനിയിൽ വെറുതേ കിടക്കുന്ന സ്ഥലത്ത് ഒരു അംഗൻ വാടിയും നഴ്സറിസ്കൂളും സ്ഥാപിക്കണം.
2. ഒരു ട്യൂഷൻ സെന്ററോ പാരലൽ കോളേജോ സ്ഥാപിക്കണം.
3. എസ്.എസ്. എൽ. സി. ക്ലാസ്സുകൾ കഴിഞ്ഞ കുട്ടികൾക്ക് തുടർപഠനത്തെക്കുറിച്ച് അറിവു നല്കുന്നതിന് ഒരു ഗൈഡൻസ് ക്ലാസ്സ് ആരംഭിക്കുക.
4. സാക്ഷരതാ പ്രവർത്തനം കാര്യക്ഷമമാക്കണം.
5. തയ്യൽ പരിശീലനത്തിന് വേണ്ട പ്രവർത്തനം നടത്തുക
6. സാമ്പത്തികപരാധീനതയുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസപൂർത്തീകരണത്തിന് സഹായം നല്കുന്നതിന് വിദ്യാഭ്യാസട്രസ്റ്റ് രൂപീകരിക്കുക.

### വാർഡ് 8

1. ഈ വാർഡിൽ പ്രൈമറി അപ്പർ പ്രൈമറി വിദ്യാലയങ്ങൾ ഉണ്ടായിരിക്കേ ഇവിടുത്തെ കുട്ടികളെ വിദൂരസ്ഥലങ്ങളിലയച്ച് ഇതേ വിദ്യാഭ്യാസം നല്കുന്നതിനെ കുറിച്ച് പഠനം നടത്തേണ്ടതാണ്.
2. സംസ്കൃത യു. പി. സ്കൂൾ സംസ്കൃതഹൈസ്കൂളായി ഉയർത്തുക.

### വാർഡ് 9

1. തൊഴിൽ അധിഷ്ഠിതവിദ്യാഭ്യാസത്തിന് സൗകര്യം ഉണ്ടാക്കുക.
2. ബാലവാടികളിൽ ഫർണിച്ചറും കളിഉപകരണങ്ങളും നല്കുക.
3. നിലവിലുള്ള എൽ. പി. സ്കൂൾ യു. പി. സ്കൂൾ ആയി ഉയർത്തുക.

### വാർഡ് 10

1. ഇവിടുത്തെ കുട്ടികൾ വിദ്യാഭ്യാസം നടത്തുന്ന സെന്റ് ജോസഫ്സ് എൽ. പി. സ്കൂളിന് (9–ം വാർഡ്) വേണ്ട സൗകര്യങ്ങളേർപ്പെടുത്തുക.
2. ഒരു പാരലൽ ട്യൂഷൻ സെന്റർ സഹകരണാടിസ്ഥാനത്തിൽ തുടങ്ങുക.
3. മുസ്ലീം പള്ളിക്ക് എതിർവശമുള്ള പുറമ്പോക്ക് കൊക്കരണി സമുദ്ധരിച്ച് ഒരു മൂന്നു നില കെട്ടിടം പണിയുക. ഇതിന്റെ നിലകൾ വനിതാവ്യവസായസംരംഭം, പാരലൽ ട്യൂഷൻ സെന്റർ, കമ്മ്യൂണിറ്റിഹാൾ എന്നിവയ്ക്കായി പ്രയോജനപ്പെടുത്താം.
4. നിലവിലുള്ള ബാലവാടി വൈദ്യുതീകരിച്ച് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക. ഒറ്റപ്പെട്ടു കിടക്കുന്ന തട്ടാംപടി ഭാഗത്ത് ഒരു ബാലവാടി അത്യാവശ്യമാണ്.
5. തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള സൗകര്യം പഞ്ചായത്ത് അടിസ്ഥാനത്തിൽ, യാഥാർത്ഥ്യമാക്കുക.



## *കുടിവെള്ളം, ആരോഗ്യം*

കിണറുകളും വാട്ടർ അതോറിറ്റി വക ടാപ്പുകളും വഴിയാണ് ഈ പ്രദേശത്ത് കുടിക്കാൻ ശുദ്ധജലം ലഭിക്കുന്നത്. പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളായ കൈപ്രക്കുന്ന്, വാഴക്കുന്ന് എന്നീ പ്രദേശങ്ങളിലും കുടിവെള്ളത്തിനുള്ള സൗകര്യങ്ങൾ ഉണ്ട്. മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കുടിവെള്ളക്ഷാമം ഈ പഞ്ചായത്തിൽ കുറവാണ്. ചൊവ്വര വാട്ടർ വർക്സ് വഴിയാണ് ഈ പഞ്ചായത്തിൽ കുടിവെള്ളം ലഭിക്കുന്നത്. ചെങ്ങമനാട്, കാഞ്ഞൂർ തുടങ്ങിയ പല പ്രദേശങ്ങളിലേക്കും ശുദ്ധജലം എത്തിക്കുന്നത് ഇവിടെ നിന്നാണ്. 1914 ൽ കമ്മീഷൻ ചെയ്ത ചൊവ്വര വാട്ടർ വർക്സിൽ 175, 150 HP കളുടെ രണ്ട് മോട്ടോറുകൾ വച്ചാണ് ഇപ്പോൾ പമ്പ് ചെയ്യുന്നത്. വോൾട്ടേജ് ക്ഷാമവും പവർകട്ടും പലപ്പോഴും പമ്പിംഗിനെ സാരമായി ബാധിക്കുന്നു. വാട്ടർ വർക്സിൽ ഇന്നു നിലവിലുള്ള 100 HPയുടെ ഓയിൽ എൻജിൻ പ്രവർത്തനക്ഷമമല്ല. ആയതിനാൽ പുതിയ എൻജിൻ സ്ഥാപിക്കുകയോ പഴയതു റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കുകയോ ചെയ്യണം. കൂടാതെ 80 HP യുടെ ഒരു മോട്ടോർ കൂടി കൂടുതലായി സ്ഥാപിക്കേണ്ടതുണ്ട്.

| കുടിവെള്ള സൗകര്യങ്ങൾ | നിലവിലുള്ളത് | കൂടുതൽ വേണ്ടത് |
|---|---|---|
| ഉപയോഗിക്കുന്ന കിണറുകൾ | 3200 | 50 |
| വീട് കണക്ഷനുകൾ | 500 | 100 |
| പൊതുടാപ്പുകൾ | 140 | 6 |

ഇപ്പോൾ നിലവിൽ 140 പൊതു ടാപ്പുകളുണ്ട് 125000 രൂപ പഞ്ചായത്ത് കുടിവെള്ളത്തിനുവേണ്ടി വർഷം തോറും മാറ്റി വയ്ക്കുന്നുണ്ട് 1000 കുടുംബങ്ങൾ ഈ വെള്ളം ഉപയോഗിക്കുന്നു. ഈ കുടുംബങ്ങൾക്ക് അവരുടെയും പഞ്ചായത്തിന്റെയും സഹകരണത്തോടെ വീട്ടു കണക്ഷനെടുത്താൽ പൊതു ടാപ്പുകൾ നിർത്തലാക്കാം. ഇതുകൊണ്ട് കുടിവെള്ളത്തിന്റെ പാഴ്ചിലവ് നിയന്ത്രിക്കുവാൻ കഴിയും. എം. എൽ. എ. റോഡിന്റെ നടുവിൽ കൂടി പോകുന്ന പൈപ്പ് ലൈൻ റോഡിന്റെ അരികിലേക്ക് മാറ്റി സ്ഥാപിക്കേണ്ടതാണ്.

## ആരോഗ്യം



### ആരോഗ്യരംഗത്തെ സ്ഥാപനങ്ങൾ

| സ്ഥാപനം | ഡോക്ടർമാരുടെ എണ്ണം | കിടക്കകളുടെ എ ണ്ണം | ഒ.പി. വിഭാഗം | മറ്റുള്ളവ |
|---|---|---|---|---|
| പി. എച്ച് സെന്റർ | 2 | 30 | 250 | |
| പി. എച്ച് സബ്സെന്റർ | | | | |
| ഗവ. ആയുർവേദ ഡിസ്പെൻസറി | 1 | — | 40 | |
| പ്രൈവറ്റ് ആശുപത്രി | 1 | 20 | 40 | |
| ശാന്തിക്ലിനിക് | 1 | 20 | 40 | |
| ശ്രീമൂലം ക്ലിനിക് | 1 | — | 60 | |
| ഹോമിയോ ക്ലിനിക് (രണ്ടെണ്ണം) | 2 | | | |
| മെഡിക്കൽ ഷോപ്പ് | | | | 2 |
| വൈദ്യശാല | | | | 5 |
| രജിസ്റ്റേർഡ് ആയുർവേദ ഡോക്ടർമാർ | 6 | | | |

ഈ പഞ്ചായത്തിൽ അലോപ്പതി, ആയുർവേദം, ഹോമിയോ എന്നീ ചികിത്സാസൗകര്യങ്ങൾ ലഭ്യമാണ്. ശ്രീമൂലനഗരം പഞ്ചായത്തിലെ ചൊവ്വര പ്രൈമറി ഹെൽത്ത് സെന്റർ സ്ഥാപിച്ചിട്ട് 90 കൊല്ലം കഴിഞ്ഞിരിക്കുന്നു. മുമ്പ് ഡിസ്പെൻസറി ആയിരുന്നത് പ്രൈമറി ഹെൽത്ത് സെന്ററായി മാറുകയാണുണ്ടായത്. ഈ പ്രദേശത്തിന്റെ ആരോഗ്യരെഗത്ത് നിർണ്ണായകമായ സ്വാധീനം ചെലുത്തിയിരുന്ന ഈ ചികിത്സാകേന്ദ്രത്തിന്റെ സൗകര്യം വർദ്ധിക്കുന്നതിനു പകരം കുറഞ്ഞുവരുന്ന ദയനീയ സ്ഥിതിയാണ് ഇന്നുള്ളത്. മൂന്ന് ഏക്കർ സ്ഥലവും പുരുഷ, സ്ത്രീ, ശിശു വാർഡുകളും മിനി ഓപ്പറേഷൻ തിയേറ്ററുകളും ഉള്ള ഈ പ്രൈമറി ഹെൽത്ത് സെന്റർ 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭിക്കുന്ന കമ്മയൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തേണ്ടത് ഈ പഞ്ചായത്തിന്റെ ജീവത്തായ ആവശ്യമാണ്.

## പട്ടിക 2

| | | |
|---|---|---|
| ജനസംഖ്യ | | 22395 |
| പുരുഷൻ | | 11097 |
| സ്ത്രീ | | 11298 |
| 14 വയസ്സിന് താഴെയുള്ള കുട്ടികൾ | | 5120 |
| പ്രായാടിസ്ഥാനത്തിൽ ദമ്പതികൾ | 14-19 | 27 |
| | 20-24 | 383 |
| | 25-29 | 740 |
| | 30-34 | 764 |
| | 35-39 | 479 |
| | 40-44 | 203 |
| | 45 | 562 |
| അമ്മമാരുടെ എണ്ണം | 1 കുട്ടി | 1102 |
| | 2 കുട്ടി | 789 |
| | രണ്ടിൽ കൂടുതൽ | 1271 |
| കുടുംബാസൂത്രണം സ്വീകരിച്ച ദമ്പതികൾ | 1 കുട്ടി ഉള്ളവർ | 344 |
| | 2 കുട്ടി ഉള്ളവർ | 1008 |
| | രണ്ടിൽ കൂടുതൽ | 786 |
| ഗർഭിണികൾ | | 146 |

## പട്ടിക 3

അംഗവൈകല്യമുള്ളവർ 31-10-96 ന്

| അന്ധർ | ബധിരർ | മൂകർ | ബധിരമൂകർ | ചലനവൈകല്യ മുള്ളവർ | മന്ദബുദ്ധികൾ |
|---|---|---|---|---|---|
| 6 | 4 | 5 | 4 | 11 | 14 |

## പട്ടിക 4

| | 94 - 95 | 95 - 96 |
|---|---|---|
| ജനനം | 207 | 209 |
| മരണം | 58 | 55 |
| ജലജന്യരോഗങ്ങൾ | 330 | 328 |
| വായുജന്യരോഗം | | 39 |
| മലേറിയ | | 1 |

## പട്ടിക 5

സ്ഥായിയായ രോഗമുള്ളവർ 31- 10 -96

| | |
|---|---|
| ക്യാൻസർ | 14 |
| കുഷ്ഠം | 5 |
| ക്ഷയം | 5 |

*അവലംബം P. H. C. റിക്കാർഡുകൾ*

ആരോഗ്യരംഗത്തെ ഏറെ ശ്രദ്ധേയമായ നേട്ടമായി ഈ പഞ്ചായത്തിൽ നടപ്പു വർഷത്തിൽ ശിശുമരണങ്ങളോ മാതൃമരണങ്ങളോ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഇവിടെ ആശുപത്രികളിൽ റിപ്പോർട്ട് ചെയ്ത രോഗങ്ങളിൽ ശ്വാസകോശസംബന്ധമായ രോഗങ്ങൾ ഏറി വരുന്നതായി കാണുന്നു. അതുപോലെ പ്രാണിജന്യമായ മലേറിയയും ഇവിടെ തലപൊക്കിയതായി കാണുന്നു എങ്കിലും ഇവിടെ കൂടുതൽ ഉള്ളത് ജലജന്യരോഗങ്ങളാണ്. ആരോഗ്യ പരിപാലനരംഗത്തെ നമ്മുടെ നാടിന്റെ പുരോഗതി ഇന്ത്യൻ ശരാശരിയേക്കാൾ വളരെ മുമ്പിലും ലോകത്തെ വികസിതരാജ്യങ്ങൾക്കൊപ്പവുമാണ്. ക്യാൻസർ തുടങ്ങിയ രോഗങ്ങളും ഇവിടെ കൂടിവരുന്നതായി കാണുന്നു. പരിതസ്ഥിതിയിലും ജനങ്ങളുടെ ഭക്ഷണരീതിയിലും ഉണ്ടായ മാറ്റങ്ങളാണ് ഇതിനു കാരണം. പുകയിലയുടെ വർദ്ധിച്ചു വരുന്ന ഉപയോഗം ക്യാൻസറിന് കാരണമാകുന്നുണ്ടാകാം. തമ്പാക്ക്, പാൻ പരാഗ് തുടങ്ങിയവയുടെ ഉപയോഗം ചെറുപ്പക്കാർക്കിടയിൽ വർദ്ധിച്ചു വരുന്നു. അതുപോലെ മദ്യപാനാസക്തിയും കൂടി വരുന്നു. ഇവയ്ക്കെതിരെ വ്യാപകമായ പ്രചാരണപ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. പുറംനാടുകളിൽ നിന്നും എത്തിച്ചേരുന്ന തൊഴിലാളികളും ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇത്തരം ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സത്വരമായ നടപടികൾ എടുക്കണം.

☞ ചൊവ്വര പ്രൈമറി ഹെൽത്ത് സെന്റർ അതിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും കെട്ടിടം റീവയറിംഗ് നടത്തുകയും വേണം. കൂടാതെ ക്ലിനിക്കൽ ലബോറട്ടറി, ആംബുലൻസ്, ജനറേറ്റർ, ഓക്സിജൻ, എമർജൻസി ലാംബുകൾ എക്സ്റേ എന്നിവ അടിയന്തിരമായി ആവശ്യമാണ്. കുടിവെള്ളത്തിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത നേടുന്നതിന് 1.5 HPയുടെ ഒരു മോട്ടോറും ആവശ്യമാണ്. ഇതിനു പുറമേ ഫർണിച്ചറിന്റെ അപര്യാപ്തത അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

☞ ഇവിടെ നിലവിലുള്ള രണ്ട് സബ്സെന്ററുകളുടെയും ശോചനീയാവസ്ഥ പരിഹരിക്കണം. ഈ സെന്ററുകളിൽ ഡോക്ടർ ക്രമമായി വന്ന് രോഗികളെ പരിശോധിക്കാനുള്ള സൗകര്യം ഉറപ്പു വരുത്തേണ്ടതുണ്ട്. ഇവിടെ പ്രവർത്തിച്ചു വരുന്ന ആയുർവേദ ഡിസ്പെൻസറി ഒരു ആശുപത്രിയായി ഉയർത്തി വിപുലപ്പെടുത്തേണ്ടതാണ്. ഈ പഞ്ചായത്തിൽ ഒരു ഗവണ്മെന്റ് ഹോമിയോ ഡിസ്പെൻസറി തുടങ്ങുന്നതിനുള്ള നടപടികൾ ഉടനെ കൈക്കൊള്ളേണ്ടതാണ്.

☞ ചൊവ്വര വാട്ടർ വർക്സിൽ നിന്നും ശ്രീമൂലനഗരം വാട്ടർ ടാങ്കിലേക്ക് ആസ്ബസ്റ്റോസ് പൈപ്പുകൾ വഴിയാണ് ജലം എത്തുന്നത്. ഇത്തരം പൈപ്പുകൾ വഴിയുള്ള ജലോപയോഗം ആരോഗ്യത്തിനു ഹാനികരമായതിനാൽ എത്രയും വേഗത്തിൽ ഈ പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ ഇടേണ്ടതാണ്.

☞ കിണറുകൾ ശുദ്ധീകരിക്കുന്നതിന് മൂന്നു മാസത്തിലൊരിക്കൽ പ്രൈമറി ഹെൽത്ത് സബ് സെന്ററുകൾ വഴി ശുദ്ധീകരണവസ്തുക്കൾ വിതരണം ചെയ്യുന്നു. 8,9,10 വാർഡുകൾ കേന്ദ്രീകരിച്ച് ഒരു ആയുർവേദ ഡിസ്പെൻസറി ആരംഭിക്കണം. ദുർബല ജനവിഭാഗങ്ങൾക്ക് പഴയ കിണറുകൾ നന്നാക്കുന്നതിനും പുതിയവ ഉണ്ടാക്കുന്നതിനും സഹായധനം നല്കേണ്ടതാണ്. നിലവിലുള്ള പൊതു ശ്മശാനത്തിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തണം.

☞ ഇന്ന് മാനവരാശി നേരിടുന്ന ഒരു മാരകമായ രോഗമാണ് എയിഡ്സ്. ശാസ്ത്രലോകം ഇതിന് പ്രതിവിധി കണ്ടെത്തുവാനുള്ള അശ്രാന്തപരിശ്രമത്തിലുമാണ്. ഈ രോഗത്തിന്റെ പിടിയിൽ കേരളം അമർന്നു കഴിഞ്ഞതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഈ രോഗത്തിനെതിരെ അടിയന്തിരമായ ബോധവല്കരണം പഞ്ചായത്ത് തലത്തിൽ ആവശ്യമാണ്. ആശുപത്രികളിൽ കുത്തി വയ്പിന് ഡിസ്പോസിബിൾ സിറിഞ്ച് ഉപയോഗിക്കുകയോ അല്ലെങ്കിൽ സിറിഞ്ച് ഓരോ തവണയും അണുവിമുക്തമാക്കി ഉപയോഗിക്കുകയോ ചെയ്യണം. അതുപോലെ ബാർബർ ഷോപ്പുകളിലെ ഉപകരണങ്ങൾ അണുവിമുക്തമാക്കി ഉപയോഗിക്കുന്നതോടൊപ്പം ഒരു ബ്ലേഡ് ഒന്നിൽ കൂടുതൽ പേർക്ക് ഉപയോഗിക്കുന്ന രീതി അവസാനിപ്പിക്കേണ്ടതുമാണ്.

☞ പഞ്ചായത്തിന്റെ പൊതു സ്ഥലങ്ങളിൽ ടസ്റ്റ് ബിന്നുകൾ സ്ഥാപിക്കുകയും മാലിന്യങ്ങൾ നീക്കെചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം.

☞ പൊതു നിരത്തുകളിലെ മത്സ്യ മാംസ വില്പന നിരോധിക്കുക. രോഗരഹിതമാണെന്ന് ഉറപ്പു വരുത്തിയ മൃഗങ്ങളുടെ മാംസം മാത്രം വില്പനക്ക് സജ്ജമാക്കുക. കശാപ്പു ശാലകളിൽ നിന്നുള്ള അവശിഷ്ടങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുക. ശ്രീമൂലനഗരത്ത് മത്സ്യ- മാംസ വ്യാപാരത്തിന് മാർക്കറ്റ് സംവിധാനം ഏർപ്പെടുത്തുക. മാർക്കറ്റിലെ മാലിന്യങ്ങൾ നശിപ്പിക്കുന്നതിന് സെപ്ടിക് ടാങ്ക് സൗകര്യം ഏർപ്പെടുത്തുക. കക്കൂസ് സൗകര്യങ്ങൾ ഇല്ലാത്ത കുടുംബാംഗങ്ങൾക്ക് അടിയന്തിരമായി കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുക. എല്ലാ വിദ്യാഭ്യാസ്ഥാപനങ്ങളിലും ബാലവാടിയിലും പ്രഥമ ശുശ്രൂഷാ കിറ്റ് സൗജന്യമായി വിതരണം ചെയ്യുക.

## വാർഡുകളിലെ തനതായ നിർദ്ദേശങ്ങൾ

**വാർഡ് 1**

| | |
|---|---|
| 1 | ഒരു പി. എച്ച്. സബ്സെന്റർ സ്ഥാപിക്കുക. |
| 2. | ചൊവ്വര റയിൽവേ സ്റ്റേഷൻ കവലയിൽ നിലവിലുള്ള വാട്ടർടോപ്പ് പടിഞ്ഞാറ് വശത്തുള്ള ആലുവാ റോഡിലേക്ക് മാറ്റി സ്ഥാപിക്കുക |
| 3. | റയിൽവേ സ്റ്റേഷൻ കവലയിൽ മൂത്രപ്പുര നിർമ്മിക്കുക. |
| 4. | മനിലജലം ഒഴുകിപ്പോകാൻ റോഡരികിൽ കാനകൾ നിർമ്മിക്കുക |
| 5. | ഇഷ്ടികകളത്തിന് മണ്ണെടുത്ത കുഴികളിൽ വളരുന്ന കൊതുകുകളെ നശിപ്പിക്കുന്നതിന് വിപുലമായ നടപടികൾ എടുക്കുക. |

**വാർഡ് 2**

| | |
|---|---|
| 1. | പ്രൈമറി ഹെൽത്ത് സബ്സെന്ററിൽ ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കുകയും കെട്ടിം പുനർനിർമാണം നടത്തി കാര്യക്ഷമമാക്കുകയും വേണം. ആഴ്ചയിലൊരിക്കൽ ഡോക്റുടെ സേവനം ലഭ്യമാക്കുക. |
| 2. | പോഷകാഹാരക്കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുക. |
| 3. | ഇവിടെ ഒരു അംഗൻ വാടി സ്ഥാപിക്കേണ്ടതാണ്. |

**വാർഡ് 3**

| | |
|---|---|
| 1. | ഒരു ഹോമിയോ ഡിസ്പെൻസറി തുറന്ന് പ്രവർത്തിക്കണം. |
| 2. | കുടിവെള്ളം സൗകര്യം ഇല്ലാത്തിടത്ത് പൈപ്പുവെള്ളം എത്തിക്കണം. |
| 3. | ഒരു അംഗൻ വാടി തുടങ്ങുക |

**വാർഡ് 4**

1. പ്രൈമറി ഹെൽത്ത് സെന്റർ തുടങ്ങുക
2. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ടാപ്പുകൾ അനുവദിക്കുക
3. ഗർഭിണികളുടെയും കുട്ടികളുടെയും പോഷകാഹാരക്കുറവ് പരിഹരിക്കുവാൻ അംഗൻവാടി അനുവദിക്കുക.
4. എല്ലാവരെയും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ പെടുത്തുക.

**വാർഡ് 5**

1. ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുക
2. തച്ചപ്പിള്ളിഭാഗത്തും ശ്രീമൂലനഗരം സെന്ററിലും ഓരോ അംഗൻവാടി അനുവദിക്കുക

**വാർഡ് 6**

ഇവിടുത്തെ പ്രൈമറി ഹെൽത്ത് സെന്റർ ആശുപത്രിയാക്കി ഉയർത്തുക

**വാർഡ് 7**

1. കുടിവെള്ളം എല്ലായിടത്തും എത്തിക്കുക.
2. പൊതുടാപ്പിലെ വെള്ളത്തിന്റെ ദുരുപയോഗം തടയുക
3. കുടിവെള്ളത്തിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവൽകരണം നടത്തുക.
4. ഉപയോഗമില്ലാത്ത ടാപ്പുകൾ മാറ്റി ആവശ്യമുള്ള സ്ഥലങ്ങളിൽ സ്ഥാപിക്കുക
5. ശ്രീഭൂതപുരത്ത് ഒരു സബ് സെന്റർ സ്ഥാപിക്കുക
6. പ്രൈമറി ഹെൽത്ത് സെന്ററിന് കീഴിലുള്ള ആരോഗ്യ പ്രവർത്തകരുടെ വീട് സന്ദർശനം കാര്യക്ഷമമാക്കുക.
7. രോഗപ്രതിരോധ ചികിത്സ യഥാവിധി നടത്തുകയും അതിന് വേണ്ട ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെ.യ്യുക.
9. സർക്കാർ ആശുപത്രിയിൽ ടെലഫോൺ സൗകര്യം ഏർപ്പെടുത്തുക.

**വാർഡ് 8**

1. ഒരു ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുക
2. P.H. സെന്ററും എക്സ്റേ സൗകര്യമുള്ള ഒരു ടി. ബി. ക്ലിനിക്കും ഏർപ്പെടുത്തുക.
3. താണിവീട് പ്രദേശത്ത് കുടിവെള്ളം എത്തിക്കുക.
4. മോഡേൺ റൈസ്മില്ലിൽ നിന്നുള്ള വേസ്റ്റ് വാട്ടർ, പ്ളൈ ആഫ് എന്നിവ ആരോഗ്യത്തിന് ഹാനികരമല്ലാത്ത രീതിയിൽ സംസ്കരിക്കുക.
5. കുടിവെള്ള ടാപ്പുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക
6. പട്ടികജാതിക്കാർക്കുള്ള പൊതു ശ്മശാനം ചുറ്റുമതിൽ കെട്ടി സ്ഥാപിക്കുക.

**വാർഡ് 9**

1. സബ് സെന്റർ ബിൽഡിംഗ് റിപ്പയർ ചെയ്ത് ഡോക്ടറുടെ സേവനം ഉറപ്പു വരുത്തുക.
2. ആയുർവേദ ആശുപത്രി സ്ഥാപിക്കുക.
3. നിലവിലുള്ള കുടിവെള്ള ടാപ്പുകളുടെ അപര്യാപ്തത മാറ്റുകയും കുടിവെള്ളം വാർഡിന്റെ എല്ലാഭാഗത്തും എത്തിക്കുകയും ചെയ്യുക.
4. പൊതുറോഡിന് സമീപമുള്ള കിണറുകളും കുളങ്ങളും കെട്ടി സംരക്ഷിക്കുക.

**വാർഡ് 10**

1. ഛർദ്ദി. അതിസാര രോഗങ്ങൽക്കെതിരേ ബോധവല്കരണം നടത്തുക.
2. തൊഴുത്തിങ്കൽ പറമ്പ് കോളനിയിലെ ഹരിജൻ ശ്മശാനം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക.

## വ്യവസായം



കാർഷിക മേഖലയായ ഈ പ്രദേശത്ത് എടുത്ത് പറയത്തക്ക വ്യവസായ സംരംഭങ്ങളൊന്നും ഇപ്പോൾ ഇല്ല. അൻപതുകളിൽ 100ൽ അധികം പേർക്ക് തൊഴിലവസരം നൽകിക്കൊണ്ട് പ്രവർത്തിച്ചിരുന്ന കശുവണ്ടിക്കമ്പനി, ആണിക്കമ്പനി 80ൽ ആരംഭിച്ച ടി.ജി.കെ. ഇൻഡസ്ട്രീസ്, ബക്കറ്റ് നിർമ്മാണ യൂണിറ്റ് എന്നിവ പ്രവർത്തനം നിലച്ച ചെറുകിട വ്യവസായങ്ങളിൽ പെട്ടവയാണ്. പരമ്പരാഗത തൊഴിൽ മേഖല എന്നു പറയാവുന്നത് ഒറ്റപ്പെട്ട നിലയിലുള്ള കുട്ടനെയ്ത്ത്, പനമ്പുനെയ്ത്ത്, കളിമൺ പാത്ര നിർമ്മാണം എന്നിവയാണ്. അസംസ്കൃത വസ്തുവായ ഈറ്റയുടെ ദൗർലഭ്യം കുടിൽ വ്യവസായത്തെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. വനിതകൾക്കായി ജോലി പരിശീലന-ഉല്പാദന കേന്ദ്രമായി ഒരു നൂൽ-നൂപ്പ്-നെയ്ത്ത് യൂണിറ്റ് ഖാദി ബോർഡിന്റെ കീഴിൽ ശ്രീമൂലനഗരത്ത് പ്രവർത്തിച്ചു വരുന്നു. ശ്രീമൂലനഗരത്തി ൽ ആരംഭിച്ച മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 9 യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. (അധികം തൊഴിലാളികളുടെ സഹായമില്ലാതെ വ്യക്തികൾ നേരിട്ട് നടത്തുന്ന വലിയ സാങ്കേതിക ജ്ഞാനം ആവശ്യമില്ലാത്തതും ഇവിടെ ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചു നടത്തുന്നതുമായ യൂണിറ്റുകൾ മത്സരത്തെ അതിജീവിച്ചു പിടിച്ചു നില്ക്കുന്നുണ്ട്.കൃഷിയിടങ്ങളിലെ പശിമരാശിയുള്ള മണ്ണിനെ അസംസ്കൃത വസ്തുവാക്കി 1970കളിൽ ആരംഭിച്ച നാടൻ ഇഷ്ടിക നിർമ്മാണ വ്യവസായവും, 80 ഓടേ ആരംഭിച്ച വയർ കട്ട ഇഷ്ടിക നിർമ്മാണ വ്യവസായവും ഇവിടെ വ്യാപകമായി വളർന്നു വന്നിട്ടുണ്ട്. ആദായകരവും, സീസണലായി ധാരാളം തൊഴിൽ നല്കുന്നതുമായ ഈ വ്യവസായ പ്രാഥമിക മേഖലയായ കൃഷി, മൃഗപരിപാലന രംഗത്തെ ഉല്പാദനത്തെ തളർത്തുന്നതും, കുടിവെള്ള പ്രശ്നം രൂക്ഷമാക്കുന്നതും, പരിസ്ഥിതിയെ തകർക്കുന്നതുമാണ്. കൃഷിയിടങ്ങൾ നശിക്കുന്നതോടെ കർഷക തൊഴിലാളിക്ക് എന്നന്നേക്കുമായി തൊഴിൽ നഷ്ടപ്പെടുന്നതും, കാർഷികോല്പാദനം ഇല്ലാതാവുന്നതും ആണ്. ഈ വ്യവസായത്തിന്റെ ഉല്പാദനം സ്ഥായിയല്ലാത്ത ക്ഷണികമായ വികസന സ്ഥിതി വിശേഷം മാത്രമാണ്. ഈ വക കാര്യങ്ങൾ കണക്കിലെടുക്കുമ്പോൾ ഇഷ്ടിക നിർമ്മാണ വ്യവസായത്തിന്റെ വളർച്ച ആരോഗ്യകരമെന്ന് പറയാൻ വയ്യ.

വ്യവസായിക വളർച്ചയിലൂടെ മാത്രമേ തൊഴിലില്ലായ്മ പരിഹരിക്കാനും സാമ്പത്തികാഭിവൃദ്ധി കൈവരിക്കാനും കഴിയൂ, ലഭ്യമായ പ്രകൃതി വിഭവങ്ങളുടെ നിയന്ത്രിതമായ ഉപയോഗവും, മനുഷ്യശേഷിയും സാമ്പത്തിക ലഭ്യതയും പരമാവധി

പ്രയോജനപ്പെടുത്തി കൊണ്ടും, ഇതര മേഖലകളിലെ ഉല്പാദനത്തെ കോട്ടം വരുത്താതെയും, പരിസ്ഥിതിക്ക് കോട്ടം വരുത്താതെയും, പുതിയ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കാത്ത വിധത്തിലുള്ള ഒരു വികസന തന്ത്രമാണ് ഈ രംഗത്ത് ആവിഷ്ക്കരിക്കേണ്ടത്. വ്യവസായ രംഗത്തെ വികസനത്തിനു ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുടേയും ഏകോപിച്ചുള്ള പ്രവർത്തനം ആവശ്യമാണ്. ഗ്രാമസഭകളുടെ ചർച്ചകളിൽ വ്യവസായ രംഗത്തെ നേരിടുന്ന പ്രശ്നങ്ങളും, പരിഹാരങ്ങളും, സാദ്ധ്യതകളും കണ്ടെത്തപ്പെട്ടിട്ടുണ്ട്.

## പ്രശ്നങ്ങൾ.

1 വൻ വ്യവസായങ്ങൾക്കായി നീക്കി വെയ്ക്കാനുള്ള ഭൂമിയുടെ അഭാവം.

2. കൂടുതൽ തൊഴിൽ നൽകിയിരുന്ന യൂണിറ്റുകൾ നടത്തിപ്പിലുണ്ടായ അപാകതകൾ കാരണം ഉപേക്ഷിക്കപ്പെടുകയോ അടച്ചു പൂട്ടപ്പെടുകയോ ഉണ്ടായി.

3. ചെറുകിട യൂണിറ്റുകൾ പ്രതിബന്ധങ്ങളെ അതിജീവിക്കാൻ പറ്റുന്നവയാണ്.

4. പരമ്പരാഗത തൊഴിൽ മേഖലയിലെ അസംസ്കൃത വസ്തുവിന്റെ ലഭ്യതക്കുറവ്.

5. വനിതകൾ–പട്ടിക ജാതി–ദുർബല വിഭാഗങ്ങൾക്കുള്ള സേവനങ്ങൾ ഉപയോഗിക്കാൻ കഴിയുന്നില്ല. പദ്ധതികളെ പറ്റി അറിവില്ലായ്മ.

6. അഭ്യസ്തവിദ്യരായ സാങ്കേതിക ജ്ഞാനമുള്ളവർ വ്യവസായ സംരംഭങ്ങളിലേക്ക് ആകർഷിക്കപ്പെടുന്നില്ല.

   i) മാർഗ നിർദ്ദേശമില്ലായ്മ
   ii) ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള നിഷേധാത്മകമായ സമീപനം.
   iii) ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വായ്പ ലഭിക്കുവാനുള്ള നിയമപരവും, സാങ്കേതികവുമായ ഊരാക്കുടുക്കുകൾ
   iv) വൈദ്യുതി കണക്ഷനുള്ള കാലതാമസം – വൈദ്യുതി ക്ഷാമം.
   v) അസംസ്കൃത വസ്തു ക്ഷാമം – ലഭ്യതക്കുറവും.
   vi) ഉല്പന്നങ്ങൾ വിപണത്തിനുള്ള ബുദ്ധിമുട്ട്.

## പരിഹാരങ്ങൾ.

1. അധികം സ്ഥലം ആവശ്യമില്ലാത്ത കുടിൽവ്യവസായ-ചെറുകിട വ്യവസായ യൂണിറ്റുകൾ
2. മാർഗ്ഗ നിർദ്ദേശത്തിന് ബന്ധപ്പെട്ട വകുപ്പുകളുടെ കാര്യക്ഷമമായ പ്രവർത്തനം. പഞ്ചായത്ത് തലത്തിൽ വ്യവസായ വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, ഇലക്ട്രിസിറ്റി ബോർഡ്, ബന്ധപ്പെട്ട സ്വകാര്യ ഏജൻസികളെ ഏകോപിച്ചുകൊണ്ടുള്ള സെമിനാറുകൾ, പരിശീലന ക്ലാസ്സുകൾ.
3. വൈദ്യുതി കണക്ഷനുള്ള കാലതാമസം ഒഴിവാക്കലും ദൗർലഭ്യം പരിഹരിക്കലും.
4. ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള വായപ ലഭിക്കാനുള്ള വ്യവസ്ഥകളുടെ ലഘൂകരണം.
5. വ്യവസായ സംരംഭകർക്ക് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ നിന്നുള്ള സേവനം കാര്യക്ഷമമാക്കുക.
6. വനിതകൾക്കും, പട്ടികജാതി-പട്ടികവർഗ്ഗ-ദുർബല വിഭാഗങ്ങൾക്കുമായി നിലവിലുള്ള പദ്ധതികളെ പറ്റി ബോധവല്ക്കരണം.
7. വ്യവസായ സംരംഭകർക്ക് മാനേജ്മെന്റ് വശത്തെ പറ്റി പരിശീലനം.
8. സാങ്കേതിക തൊഴിൽ പരിശീലന സ്ഥാപനങ്ങളിൽ വച്ചു തന്നെ തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകലും, പരിശീലന ബോധവല്ക്കരണവും.
9. അസംസ്കൃത വസ്തു ലഭ്യമാക്കുവാനുള്ള ഗവൺമെന്റ് ഏജൻസികളുടെ പ്രവർത്തനം വിപുലീകരിക്കൽ.
10. വിപണന സൗകര്യം ഏർപ്പെടുത്തൽ.
11. ഈറ്റ പനമ്പു നെയ്ത്തുകാർക്ക് കൊടുക്കുന്നത് പോലെ കുട്ട നെയ്ത്തുകാർക്കും കൊടുക്കുക.

## നിർദ്ദേശങ്ങൾ സാദ്ധ്യതകൾ.

1. ബ്ലോക്ക്/പഞ്ചായത്ത് തലത്തിൽ കാലിതീറ്റ ഫാക്ടറി യൂണിറ്റ്.
2. നാളികേര സംസ്ക്കരണ യൂണിറ്റ്.
3. അച്ചാറ് യൂണിറ്റുകൾ.
4. ചിപ്പ്സ് അനുബന്ധ നിർമ്മാണ യൂണിറ്റുകൾ.
5. സ്ക്വാഷ്/ജാം നിർമ്മാണ യൂണിറ്റുകൾ.
6. വള, പൊട്ട്, കുങ്കുമം, കൺമഷി നിർമ്മാണം.
7. കറി പൗഡർ നിർമ്മാണ യൂണിറ്റ്.
8. ആയൂർവേദ മരുന്നുകൾ നിർമ്മാണം.
9. ഹോളോ ബ്രിക്സ്
10. സോപ്പും അനുബന്ധ സാധനങ്ങളും, നിർമ്മാണ യൂണിറ്റുകൾ.
11. ഇലക്ട്രിക് വയറിംഗ് സാധനങ്ങൾ നിർമ്മാണ യൂണിറ്റുകൾ.
12. പ്ലാസ്റ്റിക് – അനുബന്ധ വ്യവസായങ്ങൾ.
13. റബ്ബറധിഷ്ടിത വ്യവസായങ്ങൾ.
14. ഫർണിച്ചർ – മരം, സ്റ്റീൽ യൂണിറ്റുകൾ.
15. തുണി നെയ്ത്ത്.
16. ഇലക്ട്രോണിക്സ് അനുബന്ധ വ്യവസായങ്ങൾ.
17. പാദരക്ഷാ നിർമ്മാണം.

*ഗതാഗതം, ഊർജ്ജം, മാർക്കറ്റ്.*

ശ്രീമൂലനഗരം പഞ്ചായത്തിൽ കൂടി ദേശം – മലയാറ്റൂർ, ശ്രീമൂലനഗരം – വല്ലം എന്നീ പി.ഡബ്ളിയൂ.ഡി. റോഡുകൾ കടന്നു പോകുന്നു. പഞ്ചായത്തിലെ 2, 6, 7, 8, 9, 10 വാർഡുകളെ ബന്ധിപ്പിച്ചു കൊണ്ട് കടന്നു പോകുന്ന എം.എൽ.എ. റോഡ് (ഇളയ രാജ പാലസ് റോഡ്) ഭാഗികമായി നിർമ്മാണത്തിലാണ്. ഈ റോഡും പി.ഡബ്ളിയു. ഡി. ഏറ്റെടുത്തിട്ടുണ്ട്. പഞ്ചായത്തിൽ ടാർ ചെയ്ത മൊത്തം 28 കി.മിറ്റർ റോഡും മെറ്റൽസ് റോഡ് 6.4 കി.മീറ്ററും, ചെങ്കൽ റോഡ് 46.4 കി.മീറ്ററും ആണ്.

| വിഭാഗം | എണ്ണം | ടാർറോഡ് | മെറ്റൽഡ് കി | ചെമ്മണ്ണ്/ മണ്ണ് റോഡ് കി. | മൊത്തം |
|---|---|---|---|---|---|
| പി. ഡബ്ളിയു | 3 | 12 | 5 | | 17 |
| പഞ്ചായത്ത് | 135 | 16 | 14 | 464 | 494 |
| മൊത്തം | 138 | 28 | 19 | 464 | 511 |

*അവലംബം പഞ്ചായത്ത് റോഡ് രജിസ്റ്റർ*

**ഗ്രാമസഭാ ഗ്രൂപ്പു ചർച്ചകളിലെ പൊതു സ്വഭാവമുള്ള നിർദ്ദേശങ്ങൾ.**

- ചെമ്മൺ പാതകൾ മെറ്റൽ ചെയ്ത് ടാർ ചെയ്യുക.
- നിലവിലുള്ള ടാറിംഗ് റോഡുകൾ കേടുപാടുകൾ തീർത്ത് ടാറിംഗ് നടത്തി സഞ്ചാരയോഗ്യമാക്കുക.
- എല്ലാ റോഡുകളുടേയും സുരക്ഷിതത്വത്തിനു വേണ്ടി സൈഡിൽ കാന കെട്ടുക.
- പെരിയാറിന് കുറുകെ പാലം.

അങ്കമാലി, കുന്നത്തുനാട് നിയോജകമണ്ഡലങ്ങളിൽ വികസനത്തിൽ ഏറ്റവും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ശ്രീമൂലനഗരം, കാഞ്ഞൂർ, വാഴക്കുളം, കീഴ്മാട്, കിഴക്കമ്പലം എന്നി പഞ്ചായത്തുകളുടെ സമഗ്രമായ വികസനത്തിന് ഉതകുന്ന ഒരു പാലം പെരിയാറിന് കുറുകെ, ശ്രീമൂലനഗം വാഴക്കുളം പഞ്ചായത്തുകളെ ബന്ധിപ്പിച്ചു കൊണ്ട് ജില്ലാ പഞ്ചായത്തിന്റെ കീഴിൽ അടിയന്തിരമായി നിർമ്മിക്കേണ്ടതാണ്. ഇതു വഴി എൻ. എച്ച്.47ൽ അങ്കമാലി കളമശ്ശേരി സെക്ഷനിൽ ഇന്ന് അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും അതോടൊപ്പം കാക്കനാട്–എറണാകുളം ഭാഗത്തേക്കുള്ള യാത്രയുടെ ദൂരം 15 കി.മീറ്റർ കുറക്കുവാനും കഴിയും. അങ്കമാലിയിൽ നിന്നും നിർദ്ദിഷ്ട പാലം റോഡിൽകൂടിയുള്ള യാത്രയിൽ കോട്ടയത്തേക്ക് 25 കി.മീറ്റർ ദൂരം കുറയുകയും ചെയ്യും.

■ പുറയാർ റെയിൽവേ ഓവർ ബ്രിഡ്ജ് / അണ്ടർ ബ്രിഡ്ജ് റോഡ്.

തീർത്ഥാടന കേന്ദ്രങ്ങളായ മലയാറ്റൂർ, കാഞ്ഞൂർ, കാലടി, തിരുവൈരാണിക്കുളം പ്രദേശങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് പോകുന്ന പുറയാർ, ലെവൽക്രോസ് സമയനഷ്ടത്തിനും ഗതാഗതക്കുരുക്കിനും കാരണമാകുന്നു. ഇതൊഴിവാക്കുന്നതിനും ഈ പ്രദേശത്തേക്കുള്ള ഗതാഗതം സുഗമമാക്കുന്നതിനും വേണ്ടി ഇവിടെ ഒരു ഓവർബ്രിഡ്ജോ അണ്ടർ ബ്രിഡാജോ റോഡോ ഉടൻ പണിയേണ്ടതുണ്ട്.

കാഞ്ഞൂർ - പറമ്പയം റോഡ്.

നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവെ പൂർണ്ണമായും ശ്രീമൂലനഗരം, കാഞ്ഞൂർ പഞ്ചായത്തുകളിലാണ്. റൺവെ നിർമ്മാണത്തിന് സ്ഥലം എടുത്തതിന്റെ ഫലമായി ഇന്ന് നിലവിലുള്ള ഹെർബർട്ട് ശ്രീമൂലനഗരം കല്ലയം, ആത്തിക്കാപ്പിള്ളി റോഡ്, തെറ്റാലി-കുഴിപ്പള്ളം റോഡ് ഇവ മുറിഞ്ഞ് പോകുന്നു. അതുകൊണ്ട് റൺവെയുടെ തെക്കു ഭാഗത്തായി കാഞ്ഞൂർ തുറവുങ്കര റോഡിൽ നിന്നാരംഭിച്ച് മുകളിൽ പറഞ്ഞിരിക്കുന്ന റോഡുകളെ ബന്ധിപ്പിച്ച് പറമ്പയത്ത് എൻ.എച്ച് 47 മായി യോജിപ്പിക്കുന്ന കാഞ്ഞൂർ-പറമ്പയം റോഡ് നിർമ്മിക്കണം.

എം. എൽ. എ. റോഡ്. (ഇളയരാജ പാലസ് റോഡ്)

ചൊവ്വര അങ്ങാടിയിൽ നിന്നും ആരംഭിക്കുന്ന എം.എൽ.എ. റോഡ് (ഇളയരാജ പാലസ് റോഡ്) ശ്രീമൂലനഗരം പഞ്ചായത്തിലെ 2, 6, 7, 8, 9, 10 വാർഡുകളിൽ കൂടി കടന്നു പാലസ് റോഡിലെത്തി തിരുനാരായണപരും വഴി വല്ലം റോഡുമായി ബന്ധിക്കുന്നു. കാഞ്ഞൂർ, ശ്രീമൂലനഗരം പഞ്ചായത്തുകളെ സംബന്ധിച്ച് വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണിത്. ഈ റോഡ് ഇപ്പോൾ 6-ാം വാർഡിൽ ശ്രീഭുതപുരം പടിഞ്ഞാറെ ജംഗ്ഷൻ വരെ സോളിംഗ് മെറ്റലിംഗ് നടത്തി പണി നിർത്തിയിരിക്കുകയാണ്. ഈ റോഡിന്റെ പണി അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.

ചൊവ്വര റെയിൽവെ സ്റ്റേഷനിൽ പുഷ്പുൾ - എക്സ്പ്രസ്സ് ട്രെയിനുകൾക്ക് സ്റ്റോപ്പ്.

ചൊവ്വര റെയിൽവെ സ്റ്റേഷനിൽ ഇപ്പോൾ രണ്ട് പാസഞ്ചർ ട്രെയിനുകൾക്ക് മാത്രമേ സ്റ്റേപ്പ് ഉള്ളു. പുഷ്പുൾ, ഫാസ്റ്റ് പാസഞ്ചർ ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതോടൊപ്പം മുമ്പ് സ്റ്റോപ്പുണ്ടായിരുന്ന ട്രിച്ചി എക്സ്പ്രസ് തുടങ്ങിയ എക്സ്പ്രസ് ട്രയിനുകൾക്കും സ്റ്റോപ്പ് അനുവദിക്കണം.

ദേശം, മലയാറ്റൂർ റോഡ്, ശ്രീമൂലനഗര - വല്ലം റോഡ് എന്നീ പി. ഡബ്ളിയു. റോഡുകളുടെ അരികു കെട്ടി മണ്ണ് ഫില്ലു ചെയ്യണം.

വെയിറ്റിംഗ് ഷെഡ്ഡുകൾ

ചൊവ്വര റെയിൽവെ സ്റ്റേഷൻ കവലയിലെ വെയിറ്റിംഗ് ഷെഡ്ഡ് അറ്റകുറ്റ പണി ചെയ്യുന്നതോടൊപ്പം, തെറ്റാലി, ശ്രീമൂലനഗരം ഹോസ്പിറ്റൽ ജംഗ്ഷൻ, തൃക്കണിക്കാവ്, തിരുവൈരാണിക്കുളം എന്നിവിടങ്ങളിൽ വെയിറ്റിംഗ് ഷെഡ്ഡുകൾ ആവശ്യമാണ്.

കുളിക്കടവുകൾ

1, 2, 6, 7, 8, 9, 10 വാർഡുകളിലെ കുളിക്കടവുകളെല്ലാം കെട്ടി സൗകര്യപ്രദമാക്കേണ്ടതാണ്. കടത്തുകടവുകളും കെട്ടി സംരക്ഷിക്കേണ്ടതാണ്.

## ഗ്രാമസഭാ ഗ്രൂപ്പു ചർച്ചകളിൽ വന്ന വാർഡുകളുടെ തനതായ ആവശ്യങ്ങൾ.

### വാർഡ് 1.

1. ചിലമ്പിള്ളി ഹരിജൻ റോഡ്, തലമുത റോഡ് ഇവ തമ്മിൽ ബന്ധിപ്പിച്ച് ചൊവ്വര അങ്ങാടിയിൽ കൊണ്ടെത്തിക്കണം.
2. പുതുവാൻകുന്ന് – പുതിയ റോഡ് സഞ്ചാര യോഗ്യമാക്കുക.
3. (1) തൂമ്പാക്കടവ് – മസ്ജിദ് റോഡ്.
   (2) കാണിയാട്ട് റോഡ്.

ഈ റോഡുകൾ അളന്ന് തിട്ടപ്പെടുത്തി വിട്ടു കിട്ടിയാൽ ശ്രമദാനമായി സഞ്ചാര യോഗ്യമാക്കുവാൻ ഗ്രാമനിവാസികൾ തയ്യാറാണ്.

### വാർഡ് 2.

1. തുമ്പാക്കടവ് ജംഗ്ഷനിൽ നിന്നും നേരെ വടക്കോട്ട് പോകുന്ന തൂമ്പാക്കടവ്–മുസ്ലീം പള്ളി റോഡ് ടാറിംഗ് നടത്തണം.
2. ചൊവ്വര വില്ലേജ് ഓഫീസിന്റെ മുൻവശത്തു കൂടി തെക്കോട്ട് പോയി എം.എൽ.എ. റോഡിൽ അവസാനിക്കുന്ന റോഡ് ടാറിംഗ് നടത്തണം. (പാലസ് റോഡ്).
3. സെമിത്തേരി റോഡ് വീതി കൂട്ടി ടാറിംഗ് നടത്തണം.
4. വാഴക്കുന്ന് ഹരിജൻ കോളനി റോഡ് നന്നാക്കണം.
5. ചൊവ്വര ഫെറി റോഡ് ടാറിംഗ് ചെയ്യണം.
6. ചൊവ്വര വില്ലേജ് കോളനി റോഡ് നന്നാക്കണം.

വാർഡ് 3.

1. തെറ്റാലി പാണ്ടൻകുന്ന് റോഡ് മെറ്റലിംഗ്, ടാറിംഗ് നടത്തണം.
2. പ്ലാക്ക റോഡ് ടാറിംഗ് നടത്തണം.
3. വള്ളോനി റോഡ് വീതി കൂട്ടി മെറ്റലിംഗ്, ടാറിംഗ് നടത്തണം.
4. മാമല റോഡിൽ നിന്നും തേവലക്കാട്ട് മാലിയിലേക്ക് പോകുന്ന റോഡ് വീതി കൂട്ടണം.
5. തച്ചപ്പിള്ളി റോഡിൽ നിന്നും പടിഞ്ഞാറോട്ട് പോകുന്ന പടിഞ്ഞാറ്റുപാടം റോഡ് വീതി കൂട്ടി ടാറിംഗ് നടത്തണം.
6. തച്ചപ്പിള്ളി റോഡിൽ നിന്നും പടിഞ്ഞാറ് തിരിഞ്ഞിട്ട് വടക്കോട്ട് പോകുന്ന ചെറിയ ഇടവഴി വീതി കൂട്ടണം.
7. പാണ്ടൻ കുന്ന് ഹരിജൻ കോളണിയിലേക്ക് റോഡ് നിർമ്മിക്കണം.

വാർഡ് 4.

1. എടനാട് സ്കൂൾ റോഡ് ഉടനടി സഞ്ചാര യോഗ്യമാക്കണം.
2. എടനാട് ദുർഗ്ഗാ ക്ഷേത്രത്തിൽ നിന്നും കിഴക്കോട്ട് പോകുന്ന കൊലപ്പായി റോഡ് മഠത്തിൽപ്പടവ് വഴി കൂളിക്കര കുറ്റിക്കാട്ട് റോഡുമായി ബന്ധിപ്പിക്കണം.
3. കല്ലയം ചർച്ച് റോഡ് ഐക്കരപ്പടി ഭാഗത്തെ റോഡുമായി ബന്ധിപ്പിക്കണം.
4. അമ്പലക്കുളങ്ങര ക്ഷേത്രത്തിന്നരികിലൂടെ വടക്കോട്ട് എടനാട് സ്കൂൾ റോഡുമായി ബന്ധിപ്പിക്കണം.
5. കല്ലയത്തു നിന്നും കപ്പട്ടിത്തറ വഴി പടിഞ്ഞാറെ ഭാഗത്തെ റോഡ് എടനാട് സ്കൂളുമായി ബന്ധപ്പെടുത്തണം.
6. എടനാട് സെന്റ് അഗസ്റ്റിൻ എൽ.പി. സ്കൂളിന്റെ പടിഞ്ഞാറെ ഭാഗത്തെ വടക്കോട്ടുള്ള വഴി ടാർ ചെയ്യണം.
7. എടനാട് സ്കൂളിന്റെ മുന്നിൽ നിന്നും വടക്കോട്ട് പോകുന്ന റോഡ് ടാർ ചെയ്യണം.
8. കൊലപ്പാറയിൽ നിന്നും എയർപോർട്ട് കോളണിയിൽ അവസാനിക്കുന്ന റോഡ് ടാർ ചെയ്യണം.
9. കാഞ്ഞാർ-എടനാട് ലിഫ്റ്റ് ഇറിഗേഷൻ കനാൽ സൈഡിൽ കൂടി വടക്കുഞ്ചേരി റോഡിൽ നിന്നാരംഭിച്ച് എടനാട് കല്ലയം റോഡുമായി ബന്ധിപ്പിച്ച് കനാൽ റോഡ് നിർമ്മിക്കണം.

**വാർഡ് 5.**

1 അമ്പലക്കുളങ്ങര ക്ഷേത്രത്തിന്റെ പരിസരത്തു നിന്നും നേരെ തെക്കോട്ടു പോയി മണ്ഡല റോഡുമായി ബന്ധിപ്പിച്ച് പുതിയ റോഡ് നിർമ്മിക്കണം.

2. പുളിക്കൽ ഇടവഴി റോഡ് ടാർ ചെയ്യണം.

3. ഊരപ്ര റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് നടത്തണം.

4. നവം-1 പുനരർപ്പണ ദിനത്തിൽ ശ്രമദാനമായി നിർമ്മിച്ച ചിലമ്പിള്ളി കനാൽ റോഡ് എ.കെ.ജി. റോഡിൽ നിന്നും ആരംഭിച്ച് ദേശം-ആലുവ പി.ഡബ്ളിയു.ഡി. റോഡുമായി ബന്ധപ്പെടുത്തി മെറ്റലിംഗ്, ടാറിംഗ് നടത്തണം.

5. പുളിങ്ങാമ്പിള്ളി-ചക്കനാലി റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് നടത്തണം.

6. കാഞ്ഞൂർ-എടനാട് ലിഫ്റ്റ് ഇറിഗേഷൻ കനാൽ സൈഡിൽ കൂടി എടനാട്-കല്ലയം റോഡിൽ നിന്നാരംഭിച്ച് തെറ്റാലി കുഴിപ്പള്ളം റോഡുമായി ബന്ധപ്പെടുത്തി റോഡ് നിർമ്മിക്കണം.

**വാർഡ് 6.**

1. പുളിക്കൽ ഇടവഴി വടക്ക് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ്.

2. പതിയാട്ട് റോഡിന്റെ അവസാനഭാഗം സോളിംഗ്, മെറ്റലിംഗ്, ടാറിംഗ്.

3. തസ്‌രിഫുൽ ഇസ്ലാം മദ്രസയുടെ വടക്കു-പടിഞ്ഞാറ് ഭാഗത്തു കൂടെ പോകുന്ന റോഡ് ടാറിംഗ്.

4. പുളിയ്ക്കൽ ഇടവഴി തെക്ക് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ്.

5. കുഴിപ്പറമ്പ് ഹരിജൻ കോളനി റോഡ് വീതി കൂട്ടി നന്നാക്കൽ.

**വാർഡ് 7.**

1. തട്ടാരുപടി റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ്.

2. മാടവന ഇടവഴി വീതി കൂട്ടി സൈഡ് കെട്ടി സംരക്ഷിക്കണം.

3. ശ്രീഭൂതപുരം കിഴക്കേ കവലയിൽ നിന്നും നേരെ വടക്കോട്ടുള്ള റോഡ് പുഞ്ച വഴി താണിവീട് ഹരിജൻ കോളനി റോഡുമായി ബന്ധിപ്പിക്കണം. ഈ റോഡ് രണ്ടു വാർഡുകൾ തമ്മിൽ ബന്ധിപ്പിക്കുന്നതു കൊണ്ട് കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്രദമാണ്.

4. മല്ലശ്ശേരി - പള്ളം റോഡ് സൈഡ് കെട്ടി സംരക്ഷിക്കണം.

5. ചിമ്മിനി റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ്.

6. മനക്കക്കുടി ഹരിജൻ കോളനി റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ്.

**വാർഡ് 8.**

1. മനയ്ക്കക്കുടി പാലേലി റോഡ് മെയിന്റനൻസ്, ടാറിംഗ്.
2. താണിവീട് ഹരിജൻ കോളണി റോഡ്  ടാറിംഗ്.
3. വാര്യാട്ട്പുരം റോഡ്  ടാറിംഗ്.
4. മരത്താൻതറ ഹരിജൻ കോളനി റോഡ് – അകവൂർ തെക്കുംഭാഗം റോഡുമായി ബന്ധിപ്പിക്കണം.
5. വെടിയൂർ മന റോഡ് ശ്രീഭൂതപൂരം-തട്ടാരുകുടി റോഡുമായി ബന്ധിപ്പിച്ച് ടാറിംഗ്.
6. അകവൂർ തെക്കും ഭാഗം റോഡിന്റെ അവസാന ഭാഗം ടാറിംഗ്.
7. വാരിയംപുറം റോഡ് തിരുവൈരാണിക്കുളം ക്ഷേത്രത്തിന്റെ പുറകു വശം കൂടി വെയിയൂർ മന റോഡുമായി ബന്ധിപ്പിക്കണം.
8. കൂട്ടിക്കൽ കടവിൽ ജംഗാർ സർവ്വീസ് വേണം.

**വാർഡ് 9.**

1. കുട്ടമന – കടൂപ്പാടം റോഡ്  ടാറിംഗ്.
2. തട്ടാംപടി ഹരിജൻ കോളനി പരിസരത്ത് കനാലിന്റെ സൈഡ് ചേർന്ന് തെക്കോട്ട് വെള്ളാരപ്പിള്ളി ചർച്ച് റോഡുമായി ബന്ധിപ്പിക്കണം. 9, 10 വാർഡുകൾക്ക് ഉപകാരപ്രദമാണ്.
3. പുളിംകൂട്ട മാലി റോഡ്, കുട്ടമന കനാൽ ബണ്ട് റോഡ് കോഴിക്കാടൻ റോഡ്, തൃക്കണിക്കാവ് ചുണ്ടക്കാടൻ റോഡ്, തെമ്മാടിപ്പാടം റോഡ് ഇവ വീതി കൂട്ടി സഞ്ചാരപ്രദമാക്കണം.
4. കുട്ടമന റോഡ്  കടൂപാടത്തു കൂടി കാവാട്ട് ഇടവഴി റോഡുമായി ബന്ധിപ്പിക്കണം.
5. കൂട്ടുങ്ങൾ കടവിലേക്ക് പോകുന്ന അമ്പാട്ട് പടി കവലയിൽ വെള്ളക്കെട്ട് മാറാൻ കലുങ്ക് നിർമ്മിക്കണം.
6. ബസ് സർവ്വീസുള്ള റോഡുകളുടെ പ്രധാന സ്ഥലത്ത് സ്റ്റോപ്പുകളും വെയിറ്റിംഗ് ഷെഡ്ഡുകളും വേണം.

വാർഡ് 10.

1. വാരണാട് ഇടവഴി, മെറ്റൽ ചെയ്ത് കാഞ്ഞൂർ പഞ്ചായത്തിലെ തേപ്പാടം ഹരിജൻ റോഡുമായി ബന്ധിപ്പിക്കണം. (ബ്ലോക്ക് പ്രോജക്റ്റ്)
2. മെറ്റലിംഗ് കഴിഞ്ഞു കിടക്കുന്ന തേനായൻ റോഡ് ടാറിംഗ്.
3. തൃക്കണിക്കാവ് ഹരിജൻ കോളനി റോഡ് ഗതാഗത യോഗ്യമാക്കണം.
4. തിരുനാരായണപുരം റോഡ് ടാർ ചെയ്യണം.
5. തൃക്കണിക്കാവ് നാലു സെന്റ് കോളണിയിലേക്കും, അവിടെ നിന്നും സമീപത്തുള്ള ബാലവാടിയിലേക്കും പോകാൻ കനാൽബണ്ട് കെട്ടി ജീപ്പ് റോഡ് ഉണ്ടാക്കണം.
6. തട്ടാൻപടി കീഴേത്താൻ റോഡ് മെറ്റൽ ചെയ്യണം.
7. തട്ടാൻപടി ഹരിജൻ കോളണി റോഡ് ടാറിംഗ്.
8. മുള്ളോളി റോഡ് , പാലസ് റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് മെറ്റലിംഗ്, ടാറിംഗ്.
9. കുണ്ടേത്തി റോഡ് ഗതാഗത യോഗ്യമാക്കണം.
10. തൊഴുത്തിങ്കൽ പറമ്പ് കോളണി റോഡിൽ നിന്നും ശ്മശാനത്തിലേക്ക് റോഡ് നന്നാക്കി മെറ്റൽ ചെയ്യണം.
11. തൊഴുത്തുങ്കൽ പറമ്പ് കോളണി റോഡിൽ നിന്നും ബംഗ്ലാംകടവുമായി ബന്ധിപ്പിക്കുന്ന കുളിക്കടവ് റോഡ് നിർമ്മിക്കണം.
12. തൊഴുത്തിങ്കൽ പറമ്പ് കോളണിയിൽ നിന്നും തൃക്കണിക്കാവിലേക്ക് പോകുന്ന റോഡ് മെറ്റൽ ചെയ്ത് ഗതാഗത യോഗ്യമാക്കണം.
13. കൂട്ടുങ്ങൾ കടവ് റോഡ് മെറ്റൽ ചെയ്ത് ഗതാഗത യോഗ്യമാക്കണം.
14. മുസ്ലീം പള്ളിയുടെ അടുത്തുള്ള ചുണ്ടക്കാട് റോഡ് മെറ്റൽ ചെയ്ത് സഞ്ചാര യോഗ്യ മാക്കണം.
15. സൗത്ത് വെള്ളാരപ്പിള്ളി എൽ.ഐ. സ്കീമിന്റെ പമ്പിലേക്കുള്ള റോഡ് നന്നാക്കി മെറ്റൽ ചെയ്യണം.
16. പാറക്കടവ് കുളിക്കടവിലേക്കുള്ള റോഡ് മെറ്റൽ ചെയ്യണം.
17. കോവിലകം കടവ് വളരെ തിരക്കേറിയതിനാൽ റാമ്പ് കെട്ടി സംരക്ഷിച്ച് കൂടുതൽ സൗകര്യപ്പെടുത്തണം.
18. കോവിലകം കടവിൽ ജംഗാർ സർവീസ് ആരംഭിക്കണം.
19. കാഞ്ഞൂർ, പുതിയേടം, കുന്നുവഴി റോഡ് പി.ഡബ്ളിയു.ഡി. ഏറ്റെടുക്കണം.

ചൊവ്വര റയിൽവെ സ്റ്റേഷൻ, തച്ചപ്പിള്ളി കവല, എടനാട്, ശ്രീഭൂതപുരം, തൃക്കണിക്കാവ്, തട്ടാൻപടി എന്നീ സ്ഥലങ്ങളിൽ ഇ.ഡി. പോസ്റ്റാഫീസ് സ്ഥാപിക്കണം.



***ഊർജ്ജം.***

ഈ പഞ്ചായത്തിൽ 22 ട്രാൻസ്ഫോർമറുകളുണ്ട്. 2717.16 കി.മീ. ദൂരം ഇവിടെ 11 കെ.വി. ലൈനുണ്ട്. ഇന്നുള്ള ട്രാൻസ്ഫോർമറുകളിൽ കപ്പാസിറ്റി കുറഞ്ഞവ മാറ്റി ഇവിടുത്തെ നിത്യ ശാപമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കണം. തൂമ്പാക്കടവ്, പ്രസന്നപുരം, താണിവീട്, എടനാട് വായനശാല, തൃക്കണിക്കാവ്, കൂളിക്കര എന്നിവിടങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം. ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഇന്നനുഭവപ്പെടുന്ന കാലതാമസവും ഉപകരണ ദൗർലഭ്യവും പരിഹരിച്ച് സമയബന്ധിതമായി കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം. ഇവിടെ 427 തെരുവ് വിളക്കുകളും 3 സോഡിയം ലാമ്പുകളും 47 ട്യൂബുകളും നിലവിലുണ്ട്. ഇവയിൽ സിംഹഭാഗവും കത്തുന്നില്ല. അതിനാൽ ഈ വിളക്കുകൾ പ്രവർത്തനക്ഷമമാക്കുന്നതോടൊപ്പം പ്രധാനസ്ഥലങ്ങളിലെല്ലാം വെളിച്ചം ലഭ്യമാക്കുന്നതിനുള്ള നടപടി വേണം. പുറയാർ, ചൊവ്വര, റെയിൽവെസ്റ്റേഷൻ, തൂമ്പാക്കടവ്, ചൊവ്വര അങ്ങാടി, തെറ്റാലി, തച്ചപ്പിള്ളി കവല, പ്രസന്നപുരം, എടനാട് വായനശാല, കല്ലയം, പുതിയ റോഡ്, കുഴിപ്പറമ്പ്, ശ്രീഭൂതപുരം പടിഞ്ഞാറെ കവല, കിഴക്കേ കവല, തൃക്കണിക്കാവ്, പാലസ് റോഡ്, തട്ടാൻപടി എന്നീ പ്രദേശങ്ങളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കണം. ഇന്ധന ക്ഷാമം പരിഹരിക്കുന്നതിന് ഇന്ധക്ഷമതയുള്ള അടുപ്പുകൾ സ്ഥാപിക്കുന്നതിനു വേണ്ട പ്രോത്സാഹനം നൽകണം. വിശാല കൊച്ചിയുടെ പരിധിയിൽ വരുന്നതാണ് ഈ പഞ്ചായത്ത്. പട്ടണപ്രദേശങ്ങളിൽ മാത്രം ലഭ്യമായ ഗ്യാസ് കണക്ഷൻ സൗകര്യം ഇവിടെയും ലഭ്യമാക്കി ഈ പ്രദേശത്തെ ഇന്ധക്ഷാമം പരിഹരിക്കണം. 8,9,10 വാർഡുകളിലെ, ഇലക്ട്രിസിറ്റി ഉപഭോക്താക്കൾക്ക് ഇപ്പോൾ പണമടക്കുന്നതിന് കാലടിയിലും കാഞ്ഞൂരും പോകേണ്ടി വരുന്നു. ഇതു മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് തെക്കും ഭാഗം കേന്ദ്രീകരിച്ച് ഒരു കളക്ഷൻ സെന്റർ ഉടനെ ആരംഭിക്കേണ്ടതാണ്.

**ഊർജ്ജം - പഞ്ചായത്തിലെ വൈദ്യുതി കണക്ഷനുകൾ**

| | | |
|---|---|---|
| 1 | ഗാർഹികം | 3925 |
| 2 | വ്യാപാരം | 422 |
| 3 | വ്യാവസായികം | 105 |
| 4 | കാർഷികം | 778 |

| | |
|---|---|
| കണക് ഷൻ ലഭിക്കാത്തവർ | 98 |
| ഓർഡിനറി അവസാനം നല്കിയത് | 31-1-1996 |
| വൈദ്യുതി വിതരണത്തിനുള്ള ട്രാൻസ്ഫോർമർ | 22 |
| സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം | 477 |
| വൈദ്യുതീകരിക്കാത്ത ഹരിജൻ കോളനികൾ | 1 |
| ഭാഗികമായി വൈദ്യുതി എത്തിയ കോളനി | 2 |

പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും 11 കെ.വി. ലൈൻ താണു കിടക്കുകയും പല പോസ്റ്റുകളും വീഴാറായ നിലയിൽ കാണപ്പെടുകയും ചെയ്യുന്നു. ഇവ എത്രയും വേഗത്തിൽ പരിഹരിച്ച് അത്യാപത്ത് ഒഴിവാക്കണം. ഇലക്ട്രിസിറ്റി വിതരണ ചുമതല പഞ്ചായത്തിനെ ഏല്പിക്കണം.

നിലവിലുള്ള ചൊവ്വര സെക്ഷൻ ഓഫീസ്, മേജർ സെക്ഷൻ ഓഫീസാക്കി ഉയർത്തണം.

## *മാർക്കറ്റ്.*

ശ്രീമൂലനഗരത്ത് 'കൈപ്ര ചന്ത' എന്ന പേരിൽ ഒരു പൊതുമാർക്കറ്റ് നിലവിലുണ്ടായിരുന്നു.കന്നുകാലി, കാർഷിക വിഭവങ്ങൾ, പുല്ല് എന്നിവ ഇവിടെ നിത്യേന വിപണനം നടത്തിയിരുന്നു. ആഴ്ചയിലൊരിക്കൽ പ്രവർത്തിച്ചിരുന്നു. ഈ മാർക്കറ്റ് വളരെ പ്രസിദ്ധമായിരുന്നു. കാലക്രമേണ ഇത് നിന്നു പോകാനിടയായി. വേണ്ടത്ര സൗകര്യങ്ങളോടുകൂടി ഇത് പുനരാരംഭിക്കുന്നതിനു വേണ്ട നടപടികൾ സത്വരം സ്വീകരിക്കേണ്ടതാണ്.

ഇന്ന് ശ്രീമൂലനഗരത്ത് പ്രവർത്തിക്കുന്ന മത്സ്യ-മാംസ മാർക്കറ്റുകളിൽ സാനിറ്ററി സൗകര്യം ഉൾപ്പെടുത്തി മാർക്കറ്റ് വിപുലീകരിക്കണം. ശ്രീമൂലനഗരം സെന്ററിൽ ഒരു ഷോപ്പിംഗ് കോംപ്ളക്സ് പണിയണം. റോഡ് സൈഡിൽ മത്സ്യ മാംസ വ്യാപാരം നിരോധിക്കണം. അവ പഞ്ചായത്ത് അനുമതിയോടെ സുരക്ഷിതമായി നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യണം.

തെക്കുംഭാഗം ഷാപ്പുകവല, തൃക്കണിക്കാവ്, ചൊവ്വര ജംഗ്ഷൻ എന്നിവിടങ്ങളിൽ പൊതുചന്തകൾ ഏർപ്പെടുത്തണം.

# പാർപ്പിടം, സാമൂഹ്യ ക്ഷേമം.



## പാർപ്പിടം.

പാർപ്പിട പ്രശ്നം അടിയന്തിരമായി പരിഹാരം കാണേണ്ട വിഷയമാണ്. പുതിയ വീടുകൾ പണിയുന്നതോടൊപ്പം നിലവിലുള്ള അടിസ്ഥാന സൗകര്യമില്ലാത്ത വീടുകൾക്ക് അവ ഏർപ്പെടുത്തേണ്ടതുണ്ട്. ഓല മേഞ്ഞ വീടുകൾ ഓടു മേഞ്ഞവയോ കോൺക്രീറ്റ് വാർക്ക കെട്ടിടങ്ങളായോ മാറ്റേണ്ടതും വീടില്ലാത്തവർക്ക് വീട് നൽകേണ്ടതായിട്ടും ഉണ്ട്.

| | |
|---|---|
| പഞ്ചായത്തിലെ ആകെ വീടുകൾ | 5804 |
| ലോണെടുത്തു വീടു പണിയുന്നവർ | 148 |
| വൈദ്യുതീകരിച്ച വീടുകൾ | 3922 |
| വൈദ്യൂതീകരിക്കാത്ത വീടുകൾ | 1882 |
| പട്ടികജാതിക്കാരുടെ വീടുകൾ | 450 |
| പട്ടിക വർഗ്ഗക്കാരുടെ വീടുകൾ | 1 |
| കക്കൂസില്ലാത്ത പട്ടികജാതി വീടുകൾ | 188 |
| കക്കൂസില്ലാത്ത മറ്റുള്ളവർ | 276 |
| ഓലമേഞ്ഞ വീടുകൾ | 91 |
| കൂട്ടുകുടുംബമായി കഴിയുന്നവർ | 148 |

വീടില്ലാത്ത മുഴുവൻ പേർക്കും വീടു വെയ്ക്കാൻ സ്ഥലം കണ്ടെത്തേണ്ടിയിരിക്കുന്നു. അതിനു വേണ്ടി താഴ്ന്ന വരുമാനക്കാർക്കും ഇടത്തരം വരുമാനക്കാർക്കും വേണ്ടി വീടുകൾ പണിയുന്നതിനായി അടിയന്തിരമായി 5 ഏക്കറെങ്കിലും സ്ഥലം കണ്ടെത്തേണ്ടിയിരിക്കുന്നു. ഈ പ്രവർത്തനങ്ങൽ ഏകോപിപ്പിക്കുന്നതിനും പുറമെ സ്ഥലം കണ്ടെത്തുന്നതിനും വേണ്ടി പഞ്ചായത്തു തലത്തിൽ ഹൗസിംഗ സൊസൈറ്റി രൂപീകരിക്കുന്നത് ഉപകാരപ്രദമാകും. ഹൗസിംഗ് സൊസൈറ്റിയുടെ പ്രവർത്തനം കൊണ്ട്

പഞ്ചായത്തിലെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയും. പട്ടികജാതി-പട്ടികവർഗ്ഗ-ദുർബലവിഭാഗങ്ങൾക്ക് വീടു വെക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമാണ്.

പാർപ്പിട നിർമ്മാണത്തിന് ആവശ്യമുള്ള തൊഴിലാളികളെ കിട്ടാൻ പ്രയാസമനുഭവപ്പെടുന്നു. പഞ്ചായത്ത് അടിസ്ഥാനത്തിൽ നിർമ്മാണ തൊഴിലാളികളെ പരിശീലിപ്പിച്ചെടുക്കാൻ സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. വീടിന് ലോൺ അപേക്ഷിച്ചിട്ടുള്ളവർക്ക് ധനകാര്യ സ്ഥാപനങ്ങളിൽ വായ്പ ലഭിക്കുന്നതിന് വളരെയേറെ കാലതാമസവും ബുദ്ധിമുട്ടും അനുഭവപ്പെടുന്നുണ്ട്. വായ്പ ഉടൻ ലഭ്യമാക്കുന്നതിന് വേണ്ടി നിയമങ്ങൾ ലഘൂകരിക്കേണ്ടിയിരിക്കുന്നു.

നിർമ്മാണ വസ്തുക്കൾ വിലകുറച്ച് ഉടൻ ലഭ്യമാക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട്.

സഹകരണാടിസ്ഥാനത്തിലുള്ള പ്രവർത്തനം കൊണ്ട് എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യം ഒമ്പതാം പഞ്ചവത്സര പദ്ധതിയിലൂടെ സാദ്ധ്യമാക്കാം.

- ▼ വീടില്ലാത്തവർക്ക് വീട് വെക്കുന്നതിനുള്ള സ്ഥലം
- ▼ നിലവിലുള്ള വീടുകൾക്ക് അടിസ്ഥാന സൗകര്യം ഏർപ്പെടുത്തൽ
- ▼ ഹൗസിംഗ് സൊസൈറ്റി രൂപീകരണം
- ▼ നിർമ്മാണ തൊഴിലാളികളുടെ പരിശീലനം
- ▼ നിർമ്മാണ വസ്തുക്കൾ വിലകുറച്ച് ലഭ്യത വരുത്തുക
- ▼ വീടിനുള്ള ലോൺ നിയമങ്ങൾ ലഘൂകരിക്കൽ
- ▼ ധനകാര്യ സ്ഥാപനങ്ങളുടെ അനുകൂലമായ നിലപാട്
- ▼ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് സഹായധനം.

## സാമൂഹ്യക്ഷേമം

സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവർക്ക് പരിരക്ഷ നൽകുക എന്നത് സമൂഹത്തിന്റെ ചുമതലയാണ്. അഗതികൾ വൃദ്ധന്മാർ അംഗവൈകല്യം സംഭവിച്ചവർ, രോഗികൾ, ദുർബലവിഭാഗങ്ങൾ, സ്ത്രീകൾ, കുട്ടികൾ എന്നിവരുടെ ക്ഷേമത്തിനുള്ള പ്രവർത്തനങ്ങൾക്ക് സർക്കാരും സമൂഹവും മാർഗ്ഗങ്ങൽ കണ്ടെത്തുകയും അവ കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്യണം.

**പട്ടിക 1**

| | |
|---|---|
| നിലവിലുള്ള ബാലവാടികൾ | 3 |
| അംഗനവാടി ഫീഡിംഗ് സെന്റർ | 5 |
| മഹിളാ സമാജങ്ങൾ | 3 |
| വൃദ്ധ മന്ദിരം | 1 |
| അഗതി മന്ദിരം | 1 |

**പട്ടിക 2.**

| | |
|---|---|
| വിധവ വാർദ്ധക്യ വികലാംഗ പെൻഷനുകളുടെ ഗുണഭോക്താക്കൾ | 184 |

പെൻഷനുകൾ യഥാസമയം ലഭിക്കുന്നില്ല. സാമൂഹ്യ സുരക്ഷാപദ്ധതി പ്രകാരം നിലവിലുള്ള പദ്ധതികളെ പറ്റി ജനങ്ങൾ ബോധവാന്മാരല്ല. ബോധവൽക്കരണം ആവശ്യമാണ്. പെൻഷൻ ലഭിക്കാനുള്ള നടപടികൾ ലഘൂകരിക്കുന്നതിനു വേണ്ടി അനുവദിക്കലും വിതരണവും പഞ്ചായത്തു വഴി ആയാൽ ഇന്നുള്ള ബുദ്ധിമുട്ടുകൾ ഒഴിവാകുകയും ജനങ്ങൾക്ക് പ്രയോജനപ്പെടുകയും ചെയ്യും.

- ❒ ബാലവാടികൾ ഇല്ലാത്ത വാർഡുകളിൽ ബാലവാടി
- ❒ വാർഡുതോറും അംഗൻവാടികൾ
- ❒ പെൻഷനുകൾ യഥാസമയം ലഭ്യമാക്കുക
- ❒ സാമൂഹിക സുരക്ഷ പദ്ധതികളെപറ്റി ബോധവൽക്കരണം.
- ❒ പഞ്ചായത്തു തലത്തിൽ ഗൈഡൻസ് ബ്യൂറോ.

## 8. സംസ്കാരം.

സാംസ്കാരിക രംഗത്ത് ഏറെ പ്രസിദ്ധമാണ് ഈ ഗ്രാമം. പുരാതന പ്രസിദ്ധമായ ചൊവ്വര ഗ്രാമം ഈ പഞ്ചായത്തിലാണ്. ദേശീയ പ്രസ്ഥാനത്തിലും നവോത്ഥാന പ്രസ്ഥാനത്തിലും ഈ പഞ്ചായത്ത് അതിന്റേതായ സംഭാവനകൾ അർപ്പിച്ചിട്ടുണ്ട്. അന്ധകാരത്തെ പഴിക്കാതെ ഒരു തിരി വെട്ടം പകർന്ന് കടന്നു പോയവർ കൂടുതൽ വിശുദ്ധിയോടെ നാടിന്റെ സംസ്കൃതിയെ നമ്മുടെ തലമുറയിലേക്ക് കൈമാറിയവരാണ്.

വെള്ളാരപ്പിള്ളി കരയിലാണ് വെൺമണി കവികളുടെ ഇല്ലം നിലനിൽക്കുന്നത്. നാടക സിനിമാ രംഗത്ത് തനതായ വ്യക്തിമുദ്ര പതിപ്പിച്ച ശ്രീമൂലനഗരം വിജയനും ജന്മം നൽകിയത് ഈ പ്രദേശമാണ്. അകവൂർ മന കഥകളിയരങ്ങാണ് തന്റെ കഥകളി നാട്യ പഠനത്തിന് പ്രോത്സാഹനം നൽകിയതെന്ന് കലാമണ്ഡലം കൃഷ്ണൻ നായർ അദ്ദേഹത്തിന്റെ ആത്മകഥയിൽ സൂചിപ്പിച്ചിട്ടുണ്ട്.

ദേശീയ നവോത്ഥാന കാലഘട്ടത്തിൽ ആരംഭിച്ച ചൊവ്വര ജനരഞ്ജിനി വായനശാല, തെക്കുംഭാഗം യുവജനസമാജം, എടനാട് ജവഹരിലാൽ നെഹ്റു വായനശാലകളും ഈ നാടിന്റെ അനൗപചാരിക വിദ്യാഭ്യാസ രംഗത്തും സാംസ്കാരിക സാഹിത്യ രംഗത്തും ഏറെ സംഭാവനകൾ അർപ്പിച്ചിട്ടുണ്ട്.

ഈ പ്രദേശത്തെ 8-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന തിരുവൈരാണിക്കുളം ക്ഷേത്രത്തിലെ കൊത്തുപണികളും അതിനടുത്തു തന്നെയുള്ള തിരുനാരായണ ക്ഷേത്രത്തിലെ കൊത്തുപണികളും സാംസ്കാരിക പൈതൃക സമ്പത്തായി കാത്തു സൂക്ഷിക്കേണ്ടതാണ്. ചെങ്കല്ലിൽ തീർത്ത മനോഹരമായ ശില്പങ്ങളുള്ള തിരുനാരായണ ക്ഷേത്രം നിർമ്മാണത്തിലും കലാവിരുതിലും ഒരു അത്ഭുതപ്രതിഭാസമാണ്. ഇതിന്ന് പ്രകൃതിയുടെ താഢനമേറ്റ് നാശോന്മുഖമായി മാറുകയാണ്. കല്ലുകൾ പൊടിഞ്ഞ് അടർന്നു വീണു കൊണ്ടിരിക്കുന്നു. ഈ ക്ഷേത്രം സാംസ്കാരിക പൈതൃകമായി കാത്തു സൂക്ഷിക്കേണ്ടത് നാടിന്റെ ആവശ്യമാണ്.

ചൊവ്വരയിലെ സെന്റ് മേരീസ് പള്ളി, തെക്കുംഭാഗത്തെ തിരുവൈരാണിക്കുളം ക്ഷേത്രം, തിരുനാരായണ ക്ഷേത്രം, വാര്യാട്ടുപുരം സുബ്രഹ്മണ്യസ്വാമി ക്ഷേത്രം, എടനാടു ഭഗവതി ക്ഷേത്രം, ചൊവ്വര ചുള്ളിക്കാട് മുസ്ലീം പള്ളി ഇവ ഇവിടുത്തെ പ്രസിദ്ധങ്ങളായ പ്രാചീന ദേവാലയങ്ങളാണ്.

ഈ നാടിന് ഉൾപുളകത്തോടെ ഓർമ്മിക്കാൻ വക നൽകുന്നതാണ് കലാസാഹിത്യ രംഗത്തെ ഗതകാലവും വർത്തമാന കാലവും. പാരമ്പര്യം കാത്തു സൂക്ഷിക്കുന്നതോടൊപ്പം പുതിയ കലാകാരന്മാർക്ക് പ്രോത്സാഹനവും നിലവിലുള്ളവർക്ക് സംരക്ഷണവും നൽകണം. പ്രദേശത്തിന്റെ വിവിധ ഭാഗങ്ങളിൽ ബാഹ്യമായ പ്രേരണ ഒന്നും കൂടാതെ വളർന്നുവരുന്ന ചെറുതും വലുതുമായ കലാ, സാംസ്കാരിക, കായിക

സംഘടനകളെ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. അവരുടെ കഴിവ് സമൂഹത്തിന്റെ മൊത്തം നന്മക്ക് ഉപയോഗപ്പെടുത്തേണ്ടതാണ്. ഈ രംഗത്ത് ഇവിടെ റജിസ്റ്റേഡും അല്ലാത്തതുമായ കലാ സാംസ്കാരിക സംഘടനകളുടെ വിവിധ പ്രവർത്തനങ്ങൾ ശുഭോദാർക്കമാണ്. നാടിന്റെ കീർത്തി നമ്മുടെ സംസ്ഥാനമെങ്ങും അറിയിച്ച കഴിവുറ്റ നിരവധി കലാകാരന്മാർ നമ്മുടെ പ്രദേശത്തുണ്ട്. ഭാഗവത പാരായണം ജീവിതചര്യയാക്കിയ വെൺമണി സഹോദരന്മാർ ഈ കരകൗശല ശില്പകലാരംഗത്തെ പ്രശസ്തരായ രാമപിഷാരടി അദ്ദേഹത്തിന്റെ മകൻ ഉണ്ണികൃഷ്ണപിഷാരടി, ചാക്യാകൂത്ത് രാജൻ, നാടകരംഗത്തെ ശ്രീമൂലനഗരം മോഹൻ, ശ്രീമൂലനഗരം പൊന്നൻ, ഗായകരായ കലാഭവൻ ജിമ്മി, ശ്രീമൂലനഗരം തിലക് തുടങ്ങിയവർ അവരിൽ പ്രധാനപ്പെട്ടവരാണ്. കൂടാതെ ഭരതനാട്യം. കുച്ചിപ്പുടി, മോഹിനിയാട്ടം, ചിന്ത്, ശാസ്താംപാട്ട്, കോൽക്കളി, കൈമുട്ടികളി, മാപ്പിളപ്പാട്ട്, തിരുവാതിര, ഓണക്കളി, മാർഗ്ഗംകളി എന്നീ രംഗത്തെ കലാകാരന്മാരും ഇവിടെയുണ്ട്.

ഇപ്പോൾ പഞ്ചായത്തിൽ മൊത്തം 6 വായനശാലകളുണ്ട്. കലാകായിക രംഗത്തെ റജിസ്റ്റർ ചെയ്തതും അല്ലാത്തതുമായ സംഘടനകൾ 13 എണ്ണമാണ്. വാർഡുതലത്തിൽ നടന്ന ചർച്ചകളിൽ കലാകായിക സാംസ്കാരിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനു വേണ്ടി പഞ്ചായത്തു തലത്തിൽ ഒരു സാംസ്കാരിക കേന്ദ്രവും എല്ലാ വാർഡുകളിലും സാംസ്കാരിക കേന്ദ്രങ്ങളും ആരംഭിക്കുവാനുള്ള നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്.

ചൊവ്വരയിൽ തീപ്പെട്ട ശ്രീമൂലംനാൾ രാമവർമ്മ മഹാരാജാവിന്റെ സ്മരണക്കായി ഒരു സ്മാരകം സ്ഥാപിക്കേണ്ടതുണ്ട്. ഈ പ്രദേശത്തെ ഹൈന്ദവ-ക്രിസ്ത്യൻ, മുസ്ലീം ദേവാലയങ്ങലുടെ ഉത്സവങ്ങളും ആഘോഷങ്ങളും കോട്ടംകൂടാതെ പിന്തുടരേണ്ടതുണ്ട്. തുടർ സാക്ഷരതാ ക്ലാസുകളെ സാംസ്കാരിക സെന്ററുകളാക്കി മാറ്റുവാൻ സാധിക്കും. നിലവിലുള്ള കേരളോത്സവം തുടങ്ങിയ സർക്കാർ തലത്തിലുള്ള കലാകായിക മത്സരങ്ങൾ വാർഡുകളിലും സംഘടിപ്പിച്ച് കൂടുതൽ പേരെ ഈ രംഗത്തേക്ക് ആകർഷിക്കണം. വായനശാല, ഗ്രന്ഥശാല സൗകര്യങ്ങളില്ലാത്ത വാർഡുകളായ ഒന്നാം വാർഡിലെ ചൊവ്വരയിലും മൂന്നാം വാർഡിലെ തച്ചപ്പിള്ളി ഭാഗത്തും 6,7 വാർഡുകൾക്ക് ഉപകാരപ്രദമാം വണ്ണം ശ്രീഭൂതപുരത്തും വായനശാലകൾ പുതുതായി തുടങ്ങേണ്ടതാണ്.

പഞ്ചായത്തു ലൈബ്രറിയുടെ പ്രവർത്തനം ജനങ്ങൾക്ക് ഉപകാരപ്രദമാം വിധം രാവിലെ 8 മണിമുത്ൽ 10 മണി വരേയും വൈകീട്ട് 4 മണി മുതൽ 8 മണി വരേയും ആക്കേണ്ടതാണ്. പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായി ഒരു കമ്മ്യൂണിറ്റി ഹോൾ നിർമ്മിക്കേണ്ടതാണ്.



***വനിതാ ക്ഷേമം.***

മാറിവരുന്ന ലോകക്രമത്തിൽ പുരുഷനോടൊപ്പം സ്ത്രീകളും സമൂഹത്തിലെ സർവ്വ മേഖലകളിലും അവരുടെ സേവന സന്നദ്ധത പ്രകടിപ്പിച്ചു കൊണ്ട് കടന്നു വരികയും സമൂഹത്തിന്റെ ഉന്നത പദവികളിൽ എത്തിച്ചേരുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസപരവും സാമൂഹികവുമായ ഉന്നത മേഖലകളിൽ തിളങ്ങി നിൽക്കുന്ന ധാരാളം വനിതകളെ നമ്മുടെ സമൂഹത്തിൽ കാണുവാൻ കഴിയും. എന്നാൽ, ഇവരുടെ പ്രാതിനിധ്യം സമൂഹത്തിലെ ആകെ സ്ത്രീകളുടെ ഉന്നമനത്തിൽ കാര്യമായ മാറ്റമൊന്നും ഉണ്ടാക്കിയിട്ടില്ല. ഭൂരിപക്ഷം സ്ത്രീകളും ഇന്നും സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലാണ്. ഈ പിന്നോക്കാവസ്ഥയുടെ പ്രധാന കാരണം ഇവിടെ നിലനിൽക്കുന്ന സാമൂഹികാചാരങ്ങളും, സമ്പത്തിന്റെ വിതരണത്തിലെ അപാകതയുമാണ്. എങ്കിലും ത്രിതല പഞ്ചായത്തുകളിൽ സ്ത്രീകൾക്ക് 3ൽ 1 എന്ന സംവരണം അവരുടെ പൊതുരംഗത്തേക്കുള്ള കടന്നുവരവിന് സഹായകമായിട്ടുണ്ട്.

സ്ത്രീയെന്നാൽ കുട്ടികളെ പരിപാലിക്കുന്നവരും കുടുംബ കാര്യങ്ങൾ നോക്കുന്നവരും മാത്രമാണ് എന്ന ധാരണയാണ് ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്നത്. സ്ത്രീകളെ സാമ്പത്തികമായി സ്വയം പര്യാപ്തരാക്കേണ്ടതും സമൂഹത്തിൽ അവരുടെ പദവി ഉയർത്തേണ്ടതും ആണ്.

നമ്മുടെ പഞ്ചായത്തിൽ പുരുഷന്മാരേക്കാൾ സ്ത്രീകളാണ് കൂടുതൽ. സ്കൂളുകളിലെ അദ്ധ്യാപകരിൽ 90% വും സ്ത്രീകളാണ്. കൃഷിജോലി, നിർമ്മാണ പ്രവർത്തനങ്ങൾ, തയ്യൽ ജോലി എന്നീ മേഖലകളിലും സ്ത്രീകൾ ഏർപ്പെട്ടിരിക്കുന്നു. സ്ത്രീകളിൽ 70% ഉം വരുമാനമുള്ള ഒരു തൊഴിലിലും ഏർപ്പെട്ടിട്ടില്ല. വനിതകളുടെ നേതൃത്വത്തിൽ നടക്കുന്ന തയ്യൽ യൂണിറ്റുകൾ, വള, പൊട്ട് നിർമ്മാണ യൂണിറ്റ് എന്നിവയും വനിതകൾ മാത്രം പ്രവർത്തിക്കുന്ന ഖാദി നൂൽനൂൽപ്പ് യൂണിറ്റും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. മതസ്ഥാപനങ്ങൾ നടത്തുന്ന തയ്യൽ പരിശീലന കേന്ദ്രങ്ങളിൽ നിന്നും നമ്മുടെ പ്രദേശത്തെ നിരവധി വനിതകൾ തൊഴിൽ പരിശീലനം നേടുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിനെ സമ്പൂർണ്ണ സാക്ഷരതയിലേക്ക് എത്തിക്കുന്നതിൽ സ്ത്രീകൾ ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്.

നാളത്തെ തലമുറയെ നയിക്കുന്നതിനും, അവരുടെ സ്വഭാവ രൂപീകരണത്തിനും യഥാർത്ഥ പങ്കു വഹിക്കേണ്ടവരായ സ്ത്രീ ജനങ്ങളുടെ ഒരു ഐക്യനിരയെ ഉണ്ടാക്കേണ്ടത് സമൂഹത്തിന്റെ കടമയാണ്. അതോടൊപ്പം ഇന്നു നടക്കുന്ന ജനകീയാസൂത്രണ പ്രക്രിയയിലും വികസന പ്രവർത്തനങ്ങളിലും വൻതോതിൽ സ്ത്രീകൾ പങ്കെടുക്കുവാനുള്ള സാഹചര്യം സൃഷ്ടിച്ചു കൊണ്ട് അവരെ സമൂഹത്തിന്റെ മുൻനിരയിലേക്ക് ഉയർത്തി കൊണ്ട് വരേണ്ടത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

**നിർദ്ദേശങ്ങൾ.**

1. സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ.
2. സ്ത്രീകളുടെ ആനുകൂല്യങ്ങളെയും, അവസരങ്ങളെയും മനസ്സിലാക്കുന്നതിനും, നേടിയെടുക്കുന്നതിനും വേണ്ടി ഒരു കരിയർ ഗൈഡൻസ് ബ്യൂറോ.
3. സ്ത്രീകളുടെ സാംസ്കാരികവും, ആരോഗ്യകരവുമായ ഉയർച്ചക്ക് കൂടുതൽ മഹിളാ സമാജങ്ങൾ അനുവദിക്കൽ, നിലവിലുള്ളതിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ.
4. വിവിധ പ്രദേശങ്ങളിൽ ബാലവാടികൾ അംഗൻവാടികൾ.
5. ശിശുസംരക്ഷണ കാര്യങ്ങളെക്കുറിച്ച് ശരിയായ അറിവുകൾ നൽകുന്ന ക്യാമ്പുകൾ.

## *സഹകരണമേഖല*

ഗ്രാമീണ സമ്പദ് ഘടനയുടെ വളർച്ചയ്ക്ക് മുഖ്യപങ്ക് വഹിച്ചുകൊണ്ട് തനതായ സവിശേഷതയോടെ മുന്നേറിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ സഹകരണമേഖല, കാർഷികരംഗം, കൈത്തൊഴിൽ. ഗ്രാമീണബാങ്കിങ്, പുസ്തക പ്രസാധനം, ആശുപത്രി, മാർക്കറ്റിങ് രംഗം തുടങ്ങി എല്ലാ മേഖലകളിലും സഹകരണമേഖല കൈവച്ച് കേരളീയന്റെ ജീവിതത്തിലെ അവിഭാജ്യഘടകമായി ഈ സേവനരംഗം മാറിയിരിക്കുന്നു. വനിത സഹകരണമേഖല വികസനത്തിന്റെ പാത വെട്ടിത്തുറക്കുന്നതിൽ സഹകരമരംഗത്ത് ഇനിയും ഏറെ കടന്ന് കയറ്റങ്ങൾ ആവശ്യമാണ്. ഈ രംഗത്ത് വരുന്ന നിക്ഷേപങ്ങൾ അതത് പ്രദേശത്തിന്റെ തന്നെ വികസനത്തിന് ഉപയോഗിക്കാൻ കഴിയുമെ.ന്നതുകൊണ്ട് സഹകരണമേഖലയിലേക്ക് നിക്ഷേപങ്ങൾ ആകർഷിക്കുവാനുള്ള നടപടികൾ അത്യാവശ്യമാണ്.

ശ്രീമൂലനഗരം പഞ്ചായത്തിന്റെ കാർഷികമേഖലയ്ക്ക് ഊടും പാവുംമായി രണ്ട് സർവീസ് സഹകരണബാങ്കും ഒരു സർവ്വീസ് സഹകരണ.സംഘവും, ഒരു ഹരിജൻ സഹകരണ സംഘവും ഉണ്ട്. ഇവയുടെ പ്രവർത്തനങ്ങളെ പരിശോധിക്കുമ്പോൾ വായ്പ തിരിച്ചടയ്ക്കുന്നതിന് വേണ്ടിവരുന്ന കാലവിളംബം അനഭിലഷണീയമായ പ്രവണതയായി കാണുന്നുണ്ട്. സംഘത്തിൽ നിന്ന് എടുക്കുന്ന വായ്പകൾ എന്തിന് ഉദ്ദേശിച്ച് എടുക്കുന്നുവോ ആ ആവശ്യത്തിന് തന്നെ ഉപയോഗിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടത് ആവശ്യമാണ്. ഗ്രാമീണ സമ്പദ് മേഖലയുടെ ജീവനാഡിയായ സഹകരണമേഖല പ്രവർത്തനം കൂടുതൽ വ്യാപകം ആകേണ്ടതുണ്ട്. ഇപ്പോൾ വായ്പാസൗകര്യം കൂടുതലും കാർഷികാവശ്യത്തിന് ഉള്ളതായിട്ടാണ് വായ്പാവിനിയോഗത്തിൽ വൈവിധ്യം ആവശ്യമാണ്. കാർഷികേതരതൊഴിൽദായക ഉൽപാദനരംഗം പുഷ്ടിപ്പെടുത്തുന്നതിന് സഹകരണമേഖലയുടെ സഹായഹസ്തം നീട്ടേണ്ടതുണ്ട്. വനിതാവ്യവസായ സംരംഭകർക്ക് വേണ്ടി വനിതാവ്യവസായ സഹകരണസംഘത്തിന് സാധ്യത കാണുന്നുണ്ട്.

ബാങ്കിംഗ് രംഗത്ത് ഇവിടെ പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് കാനറാബാങ്ക്. നിക്ഷേപങ്ങൾ അനുസൃതമായ വായ്പാവിതരണം തദ്ദേശീയരായ ഗ്രാമവാസികൾക്ക് ഇവിടെ ലഭ്യമല്ലെന്നുള്ളതാണ് ഗ്രാമസഭകളിലെ ചർച്ചകളിൽ നിന്ന് ബോദ്ധ്യമായത്.

### ഗ്രാമസഭാ ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന കണ്ടെത്തലുകൾ

☹ നിലവിലുള്ള മൂന്ന് സർവ്വീസ് സഹകരണബാങ്കുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.

☹ കാർഷികേതരവായ്പകൾക്ക് കാർഷിക വായ്പകളെ പ്പോലെതന്നെ പ്രാധാന്യം നല്കണം.

☹ തെക്കുംഭാഗം സർവീസ് സഹകരണബാങ്കിന്റെ പ്രവർത്തനമേഖല വളരെ വിപുല മായതുകൊണ്ട് 6, 7 വാർഡുകളിലേക്ക് ഒരു പുതിയ സഹകരമണസംഘം ശ്രീഭൂത പുരം കേന്ദ്രമാക്കി തുറക്കേണ്ടതാണ്.

☹ ഭവനനിർമ്മാണവായ്പ വിതരണനടപടികൾ ലഘൂകരിക്കണം

☹ അഭ്യസ്തവിദ്യരായ തൊഴിൽ സംരംഭങ്ങൾക്ക് വായ്പാനടപടികൾ ലഘൂകരിച്ച് അവർക്കുള്ള സാമ്പത്തികസഹായം ഉറപ്പാക്കുക.

☹ നിക്ഷേപങ്ങൾ സഹകരണമേഖലയിലേക്ക് ആകർഷിക്കുവാനുള്ള നടപടികൾ കൈക്കൊള്ളുക.

☹ ഓരോ സഹകരണസംഘങ്ങളും അവയുടെ കീഴിൽ വ്യവസായ സേവനമേയഖല കളിൽ മുതൽ മുടക്കണം.

☹ ക്ഷീരോല്പാദന സഹകരണസംഘങ്ങൾ ഇവിടെ 3 എണ്ണം നിലവിൽ ഉണ്ട്. ഉല്പാ ദന യൂണിറ്റി ആരംഭിച്ച് അവുടെ പ്രവർത്തനം വൈവിധ്യവൽകരിച്ചുവരികയാണ്.

## സാധ്യത

😐 ഇന്നത്തെ സഹകരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നമ്മുടെ പ്രദേശത്തിന് അനു യോജ്യമായ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

😐 ഒരു ഹോർട്ടികൾച്ചർ സൊസൈറ്റി പഞ്ചായത്തടിസ്ഥാനത്തിൽ സ്വീകരിച്ച് പുതി യൊരു തൊഴിൽ മേഖലയ്ക്ക് തുടക്കം കുറിക്കുക.

😐 സഹകരണ അടിസ്ഥാനത്തിൽ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.

## പട്ടിക 1

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തന മേഖല | അംഗങ്ങൾ | നിക്ഷേപം | പരമാവധി വായ്പ എടുക്കാവുന്നത് | വായ്പ എടുത്തത് | വായ്പ നല്കിയിരിക്കുന്നത് | കാലാവധി കഴിഞ്ഞ വായ്പകൾ | പ്രവർത്തനം തുടങ്ങിയ തീയതി |
|---|---|---|---|---|---|---|---|---|---|
| 1 | തെക്കും ഭാഗം സർവ്വീസ് സഹകരണബാങ്ക് | 6,7,8,9,10 വാർഡുകൾ | 14690 | 9540885 | 254,72780 | 3281357 | 78,87, 799 | 1017800 | 14-1-74 |
| 2 | എടനാട് സർവ്വീസ് സഹകരണ സംഘം | 4,5, വാർഡ് | 2093 | 19,34178 | 1,13,13540 | 1497425 | 36, 21147 | 5,524380 | 16-11- 57 |
| 3 | ചൊവ്വര സർവ്വീസ് സഹകരണ ബാങ്ക് | 1,2,3,4 വാർഡ് | 3130 | 2224508 | 10157075 | 1223688 | 3403816 | 803752 | 18-7-1122 (1947) |
| 4 | ശ്രീമൂലനഗരം പഞ്ചായത്ത് HVSCS | പഞ്ചായത്ത് | 8914 | 8,3464 | 109150 | 141500 | 139525 | 39525 | 5-2-78 |

## പട്ടിക 11

### ക്ഷീരോല്പാദക സഹകരണസംഘം

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | ആരംഭിച്ച തീയതി | അംഗങ്ങൾ ~~ആരംഭിച്ച തീയതി~~ | ദിനം പ്രതി ശരാശരി സംഭരണം |
|---|---|---|---|---|
| 1 | തെക്കും ഭാഗം ക്ഷീരോല്പാദന സഹകരണസംഘം | 1-6-1988 | 446 | 446 |
| 2 | ചൊവ്വര ക്ഷീരോല്പാദന സഹകരണസംഘം | 15-2 -1983 | 456 | 510 |
| 3 | ശ്രീമൂലനഗരം ക്ഷീരോല്പാദന സഹകരണസംഘം | 1-3-1982 | 556 | 750 |

*പട്ടികജാതി പട്ടികവർഗ്ഗം*

| | |
|---|---|
| പട്ടികജാതി കുടുംബങ്ങൾ | 450 |
| പട്ടികവർഗ്ഗം | 1 |
| ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള SC വീടുകൾ | 133 |
| ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ST വീടുകൾ | 1 |
| പട്ടികജാതികോളനി | 18 |
| വൈദ്യുതീകരിച്ച പട്ടികജാതികോളനി | 17 |
| വൈദ്യുതീകരിക്കാത്തവ | 1 |
| പട്ടികജാതിക്കാർക്കായുള്ള ശ്മശാനങ്ങൾ | 3 |
| പട്ടികജാതിക്കാർക്കായുള്ള ടി. വി. സെന്റർ | 1 |

ഈ പഞ്ചായത്തിലെ വീടുകൾ ആകെ വീടുകളുടെ 8% വരും. പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയരുന്നില്ല. S.S.L.C വരെ എത്തിച്ചേരുന്നുണ്ടെങ്കിലും ഭൂരിപക്ഷം പേരും പരാജയപ്പെടുകയാണ്. ജയിച്ചവരിൽത്തന്നെ ഉപരിവിദ്യാഭ്യാസത്തിന് പോകുന്നവർ വളരെ കുറവാണ്. ഇത് വളരെ ഗൗരവമായി കാണണം ഈ കുട്ടികളെ വിദ്യാഭ്യാസത്തിന്റെ ഉന്നതമേഖലകളിലേക്ക് നയിച്ചില്ലെങ്കിൽ ഇവർക്ക് ഗവൺമെന്റ് ഇന്നു ചെയ്തുകൊടുക്കുന്ന സൗകര്യങ്ങൾ അവർക്ക് ഉപയോഗപ്രദമായിത്തീരുകയില്ല. അതിനാൽ അവരുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് സമഗ്രമായ പദ്ധതികൾ ആവശ്യമാണ്. പട്ടികജാതിക്കാർക്കായുള്ള വിവിധ ക്ഷേമപദ്ധതികളെപ്പറ്റി ബോധവാന്മാരാകുന്നതിനും അതിന്റെ ഗുണഭോക്താക്കളാകുന്നതിനുവേണ്ടി ബോധവല്കരണ ക്ലാസ്സുകൾ ആവശ്യമാണ്. ഹരിജൻകോളനികൾ കേന്ദ്രീകരിച്ച് ബാലവാടികളും നഴ്സറിക്ലാസ്സുകളും ആരംഭിക്കണം. നിലവിലുള്ള 3 ശ്മശാനങ്ങളും മതിലുകെട്ടി സുരക്ഷിതമാക്കണം. പട്ടികജാതി പട്ടികവർഗ്ഗ വീട്ടുകാർക്കും വീട് കെട്ടിമേയുന്നതിനുള്ള സാമ്പത്തിക സഹായത്തിനുള്ള വരുമാനപരിധി ഉയർത്തണം.

അടിസ്ഥാനസൗകര്യമില്ലാത്ത എല്ലാ പട്ടികജാതി കുടുംബങ്ങളിലും അടിസ്ഥാ സൗകര്യം ഏർപ്പെടുത്തേണ്ടിയിരിക്കുന്നു. വീടുകളില്ലാത്തവർക്ക് വീട് നിർമ്മിക്കുന്നതിന് സഹായവും നല്കേണ്ടിയിരിക്കുന്നു.

നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് വീടു നഷ്ടപ്പെട്ട് പുനരധിവസിക്കപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് എത്രയും വേഗം പട്ടയം നല്കണം. വൈദ്യുതീകരിക്കാത്ത പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വീട് വൈദ്യുതീകരിക്കണം. പുരയിടങ്ങളിലെ മണ്ണൊലിപ്പ് തടയുന്നതിനുവേണ്ടി മണ്ണൊലിപ്പ് നിവാരണ പ്രവർത്തനങ്ങൾ നടത്തണം. കുടിവെള്ള ക്ഷാമമുള്ള പട്ടികജാതി പട്ടികവർഗ്ഗ വീടുകൾക്ക് കിണറോ പൈപ്പോ വഴി കുടിവെള്ളം ലഭ്യമാക്കണം.

പൊതു ടി. വി. സെന്ററില്ലാത്ത എല്ലാ കോളനികളിലും ടി. വി. സൗകര്യം ഏർപ്പെടുത്തണം. കൂളിക്കര ലക്ഷം വീട് കോളനിയിലെ ഇരട്ടവീട് ഒറ്റവീടുകളാക്കി സൗകര്യം വർദ്ധിപ്പിക്കണം. അവിടെ 5 സെന്റ് സ്ഥലത്ത് കമ്മ്യൂണിറ്റിഹാൾ പണിയണം. കൂളിക്കര ലക്ഷം വീട് കോളനിക്കുള്ള ഐക്കരറോഡും, കോളനിക്കുള്ളിലെ റോഡും ടാർചെയ്യണം. പട്ടികജാതി പട്ടികവർഗ്ഗംപട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വൈദ്യുതി സൗജന്യമാക്കണം. കോളനിക്കുള്ളിൽ രണ്ടു ടാപ്പു കൂടി (കുളിക്കരകോളനി) സ്ഥാപിക്കണം. കുഴിപ്പളം കോളനി പട്ടികജാതി കോളനിയായി രജിസ്റ്റർ ചെയ്യണം. വടക്കേപ്പുറം കോളനിയിലെ കൊലപ്പായി എയർപോർട്ട് റോഡ് നന്നാക്കണം. തച്ചപ്പിള്ളി കോളനി കുന്നുവഴി ലക്ഷം വീടു ഹരിജൻ കോളനി ഇവ കോളനിയായി അംഗീകരിക്കണം.

തൊഴുത്തുങ്കൽപറമ്പ്, തൃക്കണിക്കാവ് എന്നീ കോളനികളോട് ചേർന്നു കിടക്കുന്ന ബംഗ്ലാം കടവ് കെട്ടി സംരക്ഷിക്കണം.

## IRDP സർവ്വേ പ്രകാരം 31–10–1996ൽ ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർ

| | മൊത്തം വീടുകൾ | | 91-92 പ്രകാരം ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർ | | | സാമ്പത്തികസഹായം ലഭിച്ച | | | സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖ കടന്നവർ | നിലവിൽ ഉള്ളവർ |
|---|---|---|---|---|---|---|---|---|---|---|
| | ST | Other | SC ST | മറ്റുള്ളവർ | മൊത്തം | SC ST | മറ്റുള്ളവർ | മൊത്തം | | |
| 1 | | | 4 | 92 | 96 | 2 | 2 | 4 | 4 | 92 |
| 2 | | | 16 | 107 | 123 | 16 | 21 | 37 | 20 | 103 |
| 3 | | | 15 | 84 | 99 | 12 | 5 | 17 | 15 | 84 |
| 4 | | | 35 | 156 | 191 | 23 | 6 | 29 | 25 | 166 |
| 5 | | | 3 | 143 | 146 | 3 | 7 | 10 | 7 | 139 |
| 6 | | | 15 | 173 | 173 | 7 | | 16 | 9 | 164 |
| 7 | | | 15 | 352 | 352 | 15 | 915 | 30 | 25 | 327 |
| 8 | | | 13 | 156 | 156 | 10 | 7 | 17 | 22 | 134 |
| 9 | | | 4 | 175 | 175 | 3 | 7 | 10 | 7 | 168 |
| 10 | | | 14 | 149 | 149 | 10 | 7 | 17 | 20 | 129 |
| | 451 | | 134 | 1526 | 1660 | 101 | 86 | 187 | 154 | 1506 |

അവലംബം : VEO ഓഫീസ് രജിസ്റ്റർ , ശ്രീമൂലനഗരം

| | |
|---|---|
| ട്രൈസം തൊഴിൽ പരിശീലനം നേടിയവർ | 18 |
| തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | 7 |
| മറ്റു തൊഴിൽ ഘട്ടങ്ങൾ | 11 / 18 |

DWCRA പദ്ധതി പ്രകാരം രൂപപ്പെടുത്തിയ തൊഴിൽ സംരംഭങ്ങൾ

വാർഡ്
VI റെഡിമെയ്ഡ് –1 ആരംഭിച്ച വർഷം 1986 - 87
VII ഗാർമെന്റ്സ് –1



*വിഭവസമാഹരണം*

ജനകീയാസൂത്രണ പ്രക്രിയയുടെ എല്ലാ തലത്തിലുമുള്ള പ്രവർത്തനങ്ങളുടെ വിജയത്തിന് അതത് സാമൂഹിക പരിതസ്ഥിതികൾക്ക് അനുയോജ്യമായ വിഭവങ്ങൾ കണ്ടെത്തേണ്ടതുണ്ട്. ഗവണ്മെന്റ് വിഭവവും പ്രാദേശികമായി സ്വരൂപിക്കുന്ന സാമ്പത്തിക, മനുഷ്യാദ്ധ്വാന വിഭവങ്ങളും ചേർത്ത് സമൂഹത്തിലെ നിരവധി വികസന പ്രവർത്തനങ്ങളിൽ ഏറ്റവും അത്യാവശ്യമായവയെ മുൻഗമണനാക്രമത്തിൽ തിരഞ്ഞെടുത്ത് അതത് പ്രദേശത്തെ ജനങ്ങളുടെ നേതൃത്വത്തിൽ വികസനം കൈവരിക്കുക എന്ന മഹത്തായ ആശയം നടപ്പിൽ വരുത്താനാണ് ശ്രമിക്കേണ്ടത്.

പദ്ധതി വിഹിതങ്ങളുടെ വലിയൊരു ഭാഗം സംഖ്യ ~~ഇന്ന് നാ~~ ഇടത്ത ട്ടുകാരുടേയും മറ്റുള്ളവരുടേയും കൈകളിലെത്തിച്ചേരുകയാണ്. ജനകീയപങ്കാളിത്തത്തോടെയുള്ള പദ്ധതി നടത്തിപ്പിൽ മേൽപ്പറഞ്ഞ രീതിയിലുള്ള സാമ്പത്തിക അഴിമതി ഒഴിവാക്കാവുന്നതാണ്. ഒൻപതാം പഞ്ചവത്സരപദ്ധതിയിൽ നമ്മുടെ സാമൂഹിക ചുറ്റുപാടുകളിൽ നടത്തുന്ന ഓരോ പദ്ധതികളുടേയും നടത്തിപ്പുകാരും സൂക്ഷിപ്പുകാരും നമ്മളായിരിക്കും. നമ്മുടെ ശരിയായ കാഴ്ചപ്പാടാണ് ജനകീയാസൂത്രണം ലക്ഷ്യമാകുന്നത്.

തദ്ദേശീയമായ വിഭവസമാഹരണത്തോടെ സാമൂഹിക മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ വൻ വിജയത്തിലാകുമെന്ന് ഈ പഞ്ചായത്തിൽ തന്നെ സമീപകാല പ്രവർത്തനങ്ങൾ വ്യക്തമാക്കുന്നു. ചൊവ്വര ഗവണ്മെന്റ് യു. പി. എസ്. 1993ൽ ഹൈസ്കൂൾ ആയി ഉയർത്തിയപ്പോൾ മൂന്ന് മുറിയും കെട്ടിടവും ആവശ്യമായി വന്നു. ഇതിന് ഗവണ്മെന്റ് എസ്റ്റിമേറ്റ് 7 ലക്ഷം രൂപയായിരുന്നു. ജനപങ്കാളിത്തത്തോടെ P.T.A. മുൻകൈ എടുത്ത് ആ പ്രവർത്തനങ്ങൾ നടത്തിയപ്പോൾ പഞ്ചായത്തിൽ നിന്നും നല്കിയ 50.000 രൂപ ഉൾപ്പെടുത്തി തദ്ദേശീയമായി സംഭരിച്ചതുൾപ്പെടെ 4 ലക്ഷം രൂപക്ക് കെട്ടിടം വാർത്ത് മുറികൾ സജ്ജമാക്കാൻ കഴിഞ്ഞു. ശ്രീ. ബാബു മൂപ്പൻ ഒരു മുറി ഹൈസ്കൂളിന് വേണ്ടി സംഭാവനയായി പണിത് തന്നു. ശ്രീ. മേത്തർ സംഭാവനയായി ഒരു സേഫും, K.M.I മേത്തർ 4 മുറി കെട്ടിടം ആശുപത്രിക്ക് വേണ്ടി PAY WARD ൽ പണിതു തരാമെന്നും സമ്മതിച്ചിട്ടുണ്ട്.

കലാസാസ്കാരിക സംഘടനകളുടെ ശ്രമഫലമായി പൊതുസംരംഭങ്ങൾ വിജയിപ്പിക്കാൻ സാധിക്കുമെന്നുള്ളതിന്റെ ഉദാഹരണങ്ങളും ചൂണ്ടിക്കാണിക്കാൻ കഴിയും. സാസ് എന്ന് സാസ്കാരിക സംഘടന ശ്രീമൂലനഗരം ഗവ. എൽ. പി. എസ്സിൽ ഒന്നര ലക്ഷത്തിൽ പരം രൂപ ചിലവാക്കി പണി കഴിപ്പിച്ചുകൊടുത്ത ഓപ്പൺ എയർ ഓഡിറ്റോറിയവും, കാസ് എന്ന മറ്റൊരു കലാസാസംസ്കാരിക സംഘടന ചൊവ്വര റെയിൽവേ സ്റ്റേഷൻ കവലയിൽ പണിയിച്ചു കൊടുത്ത വെയിറ്റിംഗ് ഷെഡ്ഡും നമുക്ക് ചൂണ്ടിക്കാണിക്കാവുന്നതാണ്.

പഞ്ചായത്തിലെ 94 - 95, 95 - 96 വർഷത്തെ വരവ് ചിലവ്

| ഇനം | 1994-95 | | 1995-95 | |
|---|---|---|---|---|
| വരവ് | | | | |
| നികുതികൾ വഴി | 501945 | 05 | 610626 | 90 |
| നികുതിയേതര വരുമാനങ്ങൾ | 1162956 | 00 | 1575032 | 10 |
| | 1664901 | 05 | 2185658 | 00 |
| ചിലവ് | | | | |
| എസ്റ്റാബ്ലിഷ്മെന്റ് | 357952 | | 390365 | |
| പൊതുമരാമത്ത് | 382805 | | 721476 | |
| മറ്റു വികസന മേഖലകൾ | 507639 | 25 | 306474 | 25 |
| കടം തിരിച്ചടവ് | 14735 | | 14735 | |
| | 1263131 | 45 | 1433050 | |

പഞ്ചായത്തിൽ മൊത്തം വരുമാനത്തിൽ 94 - 95 വർഷത്തേക്കാൾ 25% വർദ്ധനവ് ഉണ്ടായപ്പോൾ ചിലവുകളിലും ആനുപാതികമായി വർദ്ധനവ് കാണുന്നു. 9-ാം പദ്ധതി നടപ്പിൽ വരുത്തുന്നതിന് സർക്കാർതലത്തിൽ ലഭിക്കാവുന്ന പദ്ധതി വിഹിതത്തേക്കാൾ കൂടുതൽ വിഭവം പ്രാദേശികമായി സമാഹരിക്കേണ്ടിയിരിക്കുന്നു.

- ഗ്രാമസഭകളിൽ നടന്ന ചർച്ചകളിൽ ഉരുത്തിരിഞ്ഞു വന്ന മുഖ്യ വിഭവസമാഹരണം മനുഷ്യാദ്ധ്വാനമാണ്
- വാർഡ് ഒന്നിലെ ചൊവ്വര റെയിൽവേ സ്റ്റേഷന് സമീമുള്ള പുറമ്പോക്ക് ഭൂമി വ്യാവസായികാവശ്യങ്ങൾക്കായി വിട്ടുകൊടുത്തുകൊണ്ട് വിഭവസമാഹരണം നടത്താം.
- 6-ാം വാർഡിലെ മങ്ങാട്ട് ചിറയും ഒന്നാം വാർഡിലെ അരണക്കുളവും മത്സ്യകൃഷിക്കായി വികസിപ്പിച്ച് വരുമാനമാർഗ്ഗം കണ്ടെത്താം.
- അഞ്ചാം വാർഡിലുള്ള ഇപ്പോഴത്തെ മാർക്കറ്റ് ഉൾക്കൊള്ളുന്ന സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് കൊടുത്ത് വരുമാനം കണ്ടെത്താം.
- രജിസ്ട്രാഫീസിൽ ആധാരങ്ങളിൽ വിലക്കുറവ് കാണിക്കുന്ന നികുതിവെട്ടിപ്പ് ഒഴിവാക്കി അതുവഴിയുള്ള വരുമാനം കണ്ടെത്താം
- മണൽ ഷട്ടറിന് ഉപയോഗം നോക്കി നികുതി ചുമത്തണം
- ഇഷ്ടികകളങ്ങളിൽ ഇന്ന് നിലവിലിരിക്കുന്ന മേശക്ക് ലൈസൻസ് കർശനമായി നിലവിൽ വരുത്തുക
- കേബിൾ ടി. വി. കണക്ഷന് നികുതി ചുമത്തുക
- **നെടുമ്പാശ്ശേരി വിമാനത്താവളത്തിന് വേണ്ടി ഈ പഞ്ചായത്തിലെ ഫലഭൂയിഷ്ഠമായ ഭൂമിയാണ് എന്നത്തേക്കുമായി നഷ്ടപ്പെട്ടത് വിമാനത്താവളപദ്ധതി പൂർത്തിയാകുന്നതോടെ പുതിയ പരിസ്ഥിതി പ്രശ്നങ്ങളും, ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകും. അതുകൊണ്ട് എയർപോർട്ട് അതോരിറ്റിയും കേന്ദ്രഗവണ്മെന്റും എയർപോർട്ടിൽ നിന്നുള്ള വരുമാനത്തിന്റെ നിശ്ചിതശതമാനം പഞ്ചായത്തിനു നല്കേണ്ടതാണ്**
- സഹകരണമേഖലയിൽ വരുന്ന നിക്ഷേപം അതത് പ്രദേശത്തിന്റെ വികസനത്തിന് ഉപകരിക്കുന്നതുകൊണ്ട് സഹകരണമേഖലയിലെ നിക്ഷേപസമാഹാരത്തിന് വേണ്ട ബോധവല്കരണവും പ്രോത്സാഹനവും നല്കണം.
- **നാഷണൽ സേവിംഗ്സ് സ്കീം വഴി സമ്പാദ്യശീലം ജനങ്ങളിൽ വളർത്തുക.**
- **എല്ലാ മോട്ടോർ വാഹനങ്ങൾക്കും പഞ്ചായത്തിന് പ്രത്യേക നികുതി ചുമത്തുക**

# പ്രത്യാശയോടെ

*ഈ വികസന റിപ്പോർട്ടിൽ*

ശ്രീമൂലനഗരം പഞ്ചായത്തിന്റെ ഏകദേശചിത്രം
നല്കുവാൻ കഴിഞ്ഞിട്ടുണ്ട്.
ഇതിലൂടെ ശ്രീമൂലനഗരം പഞ്ചായത്തിനെ പൂർണ്ണമായും
കാണാൻ കഴിയുമെങ്കിലും
എത്രയോ അധികം പോരായ്മകളും സാധ്യതകളും
ഇനിയും നാം കാണേണ്ടതായി ഉണ്ടാവാം.
അവയെ കണ്ടെത്തലും പരിഹാരപ്രവർത്തനങ്ങളും
തുടർന്നുകൊണ്ടേയിരിക്കണം.
നിരന്തരമായ കണ്ടെത്തലുകളിലൂടെ
പരിഹാരപ്രവർത്തനങ്ങളിലൂടെ മാത്രമേ
നമ്മുടെ ഗ്രാമത്തെ
അതിന്റെ ലക്ഷ്യസ്ഥാനമായ
സ്വയം പര്യാപ്തതയിലേക്ക് നയിക്കുവാൻ സാധിക്കു.
നമുക്ക് ഓരോരുത്തർക്കും അവകാശങ്ങളുണ്ട്
അതോടൊപ്പം സമൂഹത്തോട് കടമകളുമുണ്ട്
അവകാശങ്ങൾ നേടിയെടുക്കുന്നതോടൊപ്പം
സമൂഹത്തോടുള്ള
നമ്മുടെ കടമ സമയബന്ധിതമായി ചെയ്തു തീർക്കേണ്ടതുണ്ട്.
ഈ ചെയ്തുതീർക്കലിൽ സമൂഹത്തിന്റെ
എല്ലാ തുറകളിലുള്ള ജനങ്ങൾ
- ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ
- രാഷ്ട്രീയപാർട്ടികൾ, യുവജനങ്ങൾ
- സാമൂഹ്യപ്രവർത്തകർ, സാംസ്കാരിക പ്രവർത്തകർ
തമ്മിൽ പരസ്പരധാരണയും, കൂട്ടായ്മയും ആവശ്യമാണ്
ഇതിലൂടെ മാത്രമേ ജനകീയാസൂത്രണം
ലക്ഷ്യമാക്കുന്ന സ്വയം പര്യാപ്ത ഗ്രാമസ്വരാജുകൾ
കെട്ടിപ്പടുക്കുവാൻ കഴിയൂ.

# ശ്രീമൂലനഗരം ഗ്രാമപഞ്ചായത്ത്

## ജനകീയ ആസൂത്രണസമിതി

### 1 പഞ്ചായത്ത് ഭരണസമിതി

| | | വാർഡ് |
|---|---|---|
| പ്രസിഡൻറ് | **ശ്രീ. M. P. അബു**<br>മുണ്ടേമ്പിള്ളി വീട്<br>ശ്രീമൂലനഗരം പി. ഒ. | **VI** |
| വൈസ് പ്രസിഡൻറ് | ശ്രീ. **N. M. ജമാൽ**<br>നടക്കപ്പറമ്പിൽ<br>ശ്രീഭൂതപുരം<br>ശ്രീമൂലനഗരം പി. ഒ. | VII |
| സ്ററാൻറിംങ് കമ്മിററി ചെയർപേഴ്സൺ | ശ്രീമതി. **റോസി ജോസ്**<br>വാരിയംപുറം<br>S, വെള്ളാരപ്പിള്ളി പി. ഒ. | IX |
| സെക്രട്ടറി | **M. B. ലിസൽ** | |
| അംഗങ്ങൾ | ശ്രീമതി. **സിന്ധു ഷൈസൻ** | I |
| ,, | ശ്രീമതി. **ത്രേസ്യമ്മ ദേവസി** | II |
| ,, | ശ്രീ. **കെ. പി. സുകുമാരൻ** | III |
| ,, | ശ്രീ. **വി. ഐ. ജോസഫ് മാസ്ററർ** | IV |
| ,, | ശ്രീമതി. **പ്രസന്ന രാധാകൃഷ്ണൻ** | V |
| ,, | ശ്രീ. **K. ഗംഗാധരൻ നായർ** | VIII |
| ,, | ശ്രീ. **അമ്മാനു** | X |

### ജില്ലാതല പരിശീലകർ

| | | |
|---|---|---|
| കൺവീനർ | | ശ്രീ. **P. ഭാസ്ക്കരൻമാസ്ററർ**<br>ശ്രീമൂലനഗരം പി. ഒ. |
| അംഗങ്ങൾ | ശ്രീ. | **K. M. അബ്ദുൽറഹിമാൻ മാസ്ററർ**<br>സൗത്ത് വെള്ളാരപ്പിള്ളി |
| ,, | ,, | **P. M. അബു** |
| ,, | ,, | **A. താഹക്കുഞ്ഞുമാസ്ററർ** |
| ,, | ,, | **T. V. രാജൻ**<br>(ബ്ലോക്ക് പഞ്ചായത്ത് മെമ്പർ) |
| ,, | | **ഡോ: ഗീതാ സജീവൻ**<br>(ബ്ലോക്ക് പഞ്ചായത്ത് മെമ്പർ) |

# അധികാരം ജനങ്ങളിലേക്ക്

★
★★

9-ാം പദ്ധതി ജനകീയ പദ്ധതി !

നാടിന്റെ വികസനം നമ്മുടെ ലക്ഷ്യം !!

വികസന പ്രക്രിയയിൽ സ്വയം പങ്കാളികളാകുക !!!

★
★★

ശ്രീമൂലനഗരം ഗ്രാമ പഞ്ചായത്ത്
ജനകീയ ആസൂത്രണ സമിതി

മൈത്രി പ്രിന്റേഴ്സ്, ആലുവ–1 ഫോൺ: 627930